കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# ചാവക്കാട് നഗരസഭ

**2018-19**

# ഓഡിറ്റ് റിപ്പോർട്ട്

## തൃശ്ശൂർ ജില്ലാ ഓഡിറ്റ് കാര്യാലയം

**e-mail:dotsr.ksad@kerala.gov.in**

(രജിസ്റ്റർ ചെയ്തു കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ.ടി.എസ്.ആർ.(എം)367/2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം,
തൃശ്ശൂർ -680 020
ഫോൺ: 0487 2331249
Email: dotsr.ksad@kerala.gov.in
തീയതി: 21/05/2020

ജോയിന്റ് ഡയറക്ടർ

ചെയർമാൻ (സെക്രട്ടറി മുഖേന)
ചാവക്കാട് നഗരസഭ

സർ,

വിഷയം : ചാവക്കാട് നഗരസഭ –2018-19സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്.

**************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ നഗരപാലികാ നിയമം 295(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ചാവക്കാട് നഗരസഭയുടെ 2018-19 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം നഗരസഭയുടെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ നഗരസഭ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി

പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള മുനിസിപ്പാലിറ്റി-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20, 23, 1997 കേരളാ മുനിസിപ്പാലിറ്റി പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21 (1) (2)എന്നിവ കാണുക)

വിശ്വസ്തതയോടെ

ജോയിന്റ് ഡയറക്ടർ

<u>പകർപ്പ് :</u>

1) സെക്രട്ടറി, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം (ഉപരിപത്രം സഹിതം)

2) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉപരിപത്രം സഹിതം)

3)റീജിയണൽ ജോയിന്റ് ഡയറക്ടർ, നഗരകാര്യ വകുപ്പ്, കൊച്ചി (ഉപരിപത്രം സഹിതം)

4)കാര്യാലയ പകർപ്പ്

നം കെ.എസ്.എ.ടി.എസ്.ആർ.(എം)367/2020 തിയ്യതി 21/05/2020

## <u>തൃശ്ശൂർ ജില്ലയിലെ ചാവക്കാട് നഗരസഭയുടെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.</u>

**(1994 ലെ കേരളാ നഗരപാലികാ നിയമം- വകുപ്പ് 295(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)**

തൃശ്ശൂർ ജില്ലയിലെ ചാവക്കാട് നഗരസഭയുടെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. നഗരസഭ 1.4.18 മുതൽ 31.3.19 തിയ്യതി

വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക് 2018-19 വർഷം വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവ പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ നഗരസഭയുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 61 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 30 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ നഗരസഭ സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

**(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം**

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ. രാജഗോപാലൻ.സി., ജോയിന്റ് ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 04/01/2020 മുതൽ 18/01/2020 വരെ |

| | | |
|---|---|---|
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | സാബു.പി.എസ്. | ഓഡിറ്റ് ഓഫീസർ(ഹയർ ഗ്രേഡ്) |
| | ഹണി.കെ.എസ്. | അസി. ഓഡിറ്റ് ഓഫീസർ |
| | ലിഷ.കെ.വി. | അസി.ഓഡിറ്റ് ഓഫീസർ |
| | ജോമോൻ.ഇ.കെ | അസി.ഓഡിറ്റ് ഓഫീസർ |
| | രേഖ.സി. | അസി.ഓഡിറ്റ് ഓഫീസർ |
| | ജീജോ ജോബ് | ഓഡിറ്റർ |

## നിർവ്വഹണ അധികാരികൾ

| | | |
|---|---|---|
| ചെയർമാൻ | ശ്രീ.എൻ.കെ.അക്ബർ | 01.04.18 മുതൽ 31.03.19 വരെ |
| സെക്രട്ടറി | ഡോ.സിനി.ടി.എൻ | 01.04.18 മുതൽ 31.03.19 വരെ |

## മറ്റ് നിർവ്വഹണ ഉദ്യോഗസ്ഥർ

| തസ്തിക | പേര് | കാലയളവ് |
|---|---|---|
| മുനിസിപ്പൽ എഞ്ചിനീയർ, ചാവക്കാട് | ശ്രീമതി.രേഖ.പി.ആനന്ദ് | 01.04.18 മുതൽ 31.07.18 വരെ |
| | ശ്രീമതി.ഗീതകുമാരി.സി.എസ് | 01.08.18 മുതൽ 31.03.19 വരെ |
| [illegible] | [illegible] | |

| | | |
|---|---|---|
| അസി.എഞ്ചിനീയർ, | അശോക് കുമാർ.കെ.എ. | 01.04.18 മുതൽ 31.03.19 വരെ |
| സീനിയർ വെറ്ററിനറി സർജൻ | ഡോ.രഞ്ജി ജോൺ | 01.04.18 മുതൽ 31.03.19 വരെ |
| കൃഷി ഫീൽഡ് ഓഫീസർ | ശ്രീ.സുദർശനൻ പിള്ള | 01.04.18 മുതൽ 29.08.18 വരെ |
| | ശ്രീ.നാസർഖാൻ.കെ.എൻ | 30.08.18 മുതൽ 31.03.19 വരെ |
| ഐ.സി.ഡി.എസ്. സൂപ്പർവൈസർ | ശ്രീമതി.സുബിത.എം.എ. | 01.04.18 മുതൽ 31.03.19 വരെ |
| മെഡിക്കൽ ഓഫീസർ ഹോമിയോ | ഡോ.സി.പ്രഭാകരൻ | 01.04.18 മുതൽ 31.05.18 വരെ |
| | ഡോ.ശ്രീവിദ്യ | 01.06.18 മുതൽ 31.03.19 വരെ |
| ഹെഡ് മാസ്റ്റർ ജി.എച്ച്.എസ്.എസ് മണത്തല | ശ്രീ.അനിൽകുമാർ.കെ.വി. | 01.04.18 മുതൽ 31.03.19 വരെ |
| സൂപ്രണ്ട് താലൂക്ക് ആശുപത്രി ചാവക്കാട് | ഡോ.രമ്യ.ആർ | 01.04.18 മുതൽ 14.08.18 വരെ |
| | ഡോ.ജയദേവൻ.ജി.എസ്. | 15.08.18 മുതൽ 10.03.19 വരെ |
| | ഡോ.ശ്രീജ.പി.കെ. | 11.03.19 മുതൽ 31.03.19 വരെ |
| ഹെൽത്ത് ഇൻസ്പെക്ടർ, ചാവക്കാട് നഗരസഭ | ശ്രീ.പോൾ തോമസ്.വി. | 01.04.18 മുതൽ 31.03.19 വരെ |
| കുടുംബശ്രീ മെമ്പർ സെക്രട്ടറി | ശ്രീമതി. ബിന്നു. പി.ബി | 01.04.18 മുതൽ 31.03.19 വരെ |
| സബ്ബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് | ഡോ.സിനി വിൽസൺ | 01.04.18 മുതൽ 31.03.19 വരെ |
| വ്യവസായ | ശ്രീ.മനോജ് | 01.04.18 |

| | | |
|---|---|---|
| വികസന ഓഫീസർ | | മുതൽ 31.03.19 വരെ |

**ഉള്ളടക്കം**


| ക്രമ നം. | ഇനം | ഖണ്ഡിക നമ്പർ |
|---|---|---|
| | **ഭാഗം 1** | |
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യ പത്രിക ലഭിച്ചതിന്റേയും,പരിശോധിച്ചതിന്റേയുംവിവരം. | 1-2 |
| 3 | സാമ്പത്തിക വിശകലനം | 1-3 |
| 4 | ഫണ്ട് വിനിയോഗം | 1-4 |
| 5 | പദ്ധതി അവലോകനം | 1-5 |
| 6 | അയ്യങ്കാളി നഗര തൊഴിലുറപ്പു പദ്ധതി | 1-6 |
| 7 | ക്ഷേമപദ്ധതികൾ | 1-7 |
| 8 | ക്യാഷ് വെരിഫിക്കേഷൻ | 1-8 |
| 9 | ആഭ്യന്തരനിയന്ത്രണം. | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 11 | വാർഷിക ധനകാര്യ പത്രികയിലെ അപാകതകൾ | 1-11 |
| 12 | കൗൺസിൽ മിനിട്സിൽ അദ്ധ്യക്ഷന്റെ ഒപ്പ് രേഖപ്പെടുത്തിയിട്ടില്ല | 1-12 |
| 13 | പ്രതിമാസ വരവ് ചെലവുകൾ യഥാസമയം ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയുടെ പരിശോധനയ്ക്ക് വിധേയമാക്കുന്നില്ല. | 1-13 |
| 14 | അക്കൗണ്ടിംഗിലെ അപാകതകൾ | 1-14 |
| 15 | തനത് വരുമാനം ഒന്നിലേറെ ബാങ്ക് അക്കൗണ്ടുകളിലായി സൂക്ഷിക്കുന്നു | 1-15 |
| 16 | ഇടപാടുകൾ ഇല്ലാത്ത അക്കൗണ്ടുകൾ അവസാനിപ്പിക്കേണ്ടതാണ് | 1-16 |
| 17 | മൊബൈൽ ടവറുകളുടെ വസ്തു നികുതികുടിശ്ശിക – ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ് | 1-17 |
| 18 | അനധികൃത കെട്ടിട നിർമ്മാണങ്ങൾ- വസ്തു നികുതി അടവാക്കിയിട്ടില്ല | 1-18 |
| 19 | ഓഡിറ്റോറിയങ്ങളുടെ വസ്തു നികുതി പരിഷ്ക്കരണം- നികുതി പുനർ നിർണ്ണയിച്ചതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ് | 1-19 |
| 20 | വസ്തു നികുതി കുറവായി ഈടാക്കിയിരിക്കുന്നു | 1-20 |

| | | |
|---|---|---|
| 21 | വസ്തു നികുതി -മറ്റ് അപാകതകൾ | 1-21 |
| 22 | ബ്ലാങ്ങാട് ബീച്ച് മത്സ്യ മാർക്കറ്റ് -വാടക, ഡെപ്പോസിറ്റ് തുക അടവാക്കിയിട്ടില്ല | 1-22 |
| 23 | കുത്തക ലേലം, വാടക കുടിശ്ശിക - കൗൺസിൽ തീരുമാന പ്രകാരമുള്ള നടപടികൾ പൂർത്തീകരിച്ചിട്ടില്ല | 1-23 |
| 24 | അക്കൗണ്ടിംഗ് അസിസ്റ്റന്റ് നിയമനം - വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല. ചെലവ് നിരാകരിക്കുന്നു | 1-24 |
| 25 | ലീഗൽ ചാർജ്ജസ്- സ്രോതസ്സിൽ നിന്ന് ആദായ നികുതി ഈടാക്കിയിട്ടില്ല, സാധൂകരണം തേടിയിട്ടില്ല | 1-25 |
| 26 | മുൻകൂറുകൾ സമയബന്ധിതമായി ക്രമീകരിച്ചിട്ടില്ല | 1-26 |
| 27 | വാഹന പരിപാലനം അപാകതകൾ | 1-27 |
| 28 | വെള്ളക്കരം -സംയുക്ത പരിശേധന നടപടികൾ എത്രയും വേഗം പൂർത്തിയാക്കണം | 1-28 |
| 29 | വൗച്ചറുകൾ പരിശോധനക്ക് ഹാജരാക്കിയില്ല | 1-29 |
| 30 | താലൂക്ക് ആശുപത്രി വികസനം -മാസ്റ്റർ പ്ലാൻ -തുടർ പ്രവർത്തനങ്ങൾ ഊർജ്ജിതപ്പെടുത്തണം | 1-30 |
| 31 | വാഹനം വാങ്ങൽ - പദ്ധതി നടത്തിപ്പിലെ അപാകതകൾ | 1-31 |
| 32 | ഖരമാലിന്യസംസ്കരണ പദ്ധതി തൻവർഷം നടപ്പാക്കിയില്ല | 1-32 |
| 33 | കുടിവെള്ളഗാർഹികകണക്ഷൻ നൽകൽ – രേഖകൾ ഹാജരാക്കിയിട്ടില്ല | 1-33 |
| 34 | കൈമാറിക്കിട്ടിയ സ്ഥാപനങ്ങളുടെ കണ്ടിൻജൻസി ചാർജ്--S024/19 -- അപാകതകൾ | 1-34 |
| 35 | തുക മുൻകൂർ നൽകിയിട്ടും സാധനങ്ങൾ ലഭ്യമായില്ല. | 1-35 |
| 36 | S290/19 –ചാവക്കാട് നഗരസഭ--വജ്രജൂബിലി ഫെലോഷിപ്പ് - പദ്ധതി നടത്തിപ്പിലെ അപാകതകൾ | 1-36 |
| 37 | ചെലവ് രേഖകൾ ഹാജരാക്കിയിട്ടില്ല | 1-37 |
| 38 | ചെലവ് രേഖകൾ ലഭ്യമായിട്ടില്ല | 1-38 |
| 39 | UIDSSMT പദ്ധതി -- വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല. | 1-39 |
| 40 | സമഗ്രപുരയിടകൃഷി വികസനം(S002/19) -- പദ്ധതി നടത്തിപ്പിലെ അപാകതകൾ | 1-40 |
| 41 | സീനിയർ വെറ്ററിനറി സർജൻ നടപ്പിലാക്കിയ പദ്ധതികളിലെ അപാകതകൾ | 1-41 |
| 42 | മെഡിക്കൽ ഓഫീസർ നടപ്പിലാക്കിയ പദ്ധതികൾ- അപാകതകൾ | 1-42 |
| 43 | ഹോമിയോ മരുന്ന് ലഭ്യമാക്കാൻ നടപടി സ്വീകരിക്കണം | 1-43 |
| 44 | മൽസ്യ ബന്ധന മേഖല പദ്ധതി അപാകതകൾ | 1-44 |
| 45 | ജയ് ഹിന്ദ്, ജയ് ഹിന്ദി നൂതന പദ്ധതിക്ക് സാധൂകരണം തേടിയിട്ടില്ല | 1-45 |

| | | |
|---|---|---|
| 46 | അംഗനശ്രീ ഓട്ടോ പദ്ധതി സബ്സിഡി തുക നേരിട്ട് നൽകിയത് ക്രമവിരുദ്ധം | 1-46 |
| 47 | ഐ.സി.ഡി.എസ് സൂപ്പർവൈസർ നിർവഹണോദ്യോഗസ്ഥനായ പദ്ധതികളിലെ അപാകതകൾ | 1-47 |
| 48 | പ്രോജക്റ്റ് ഓഫീസർ നിർവഹണോദ്യോഗസ്ഥനായ പദ്ധതികളിലെ അപാകതകൾ | 1-48 |
| 49 | ലൈഫ് ഭവന പദ്ധതിക്കായി ചെലവഴിച്ച തുക- അക്കൗണ്ട്സിൽ ഉൾപ്പെട്ടിട്ടില്ല. | 1-49 |
| 50 | ബിറ്റുമിൻ, എമൽഷൻ എന്നിവക്ക് നൽകിയ തുകയിൽ ബാക്കിയുള്ള തുക തിരികെ ലഭിച്ചില്ല | 1-50 |
| 51 | പ്രവൃത്തി മുടങ്ങിയതിനാൽ ബിറ്റുമിൻ, എമൽഷൻ എന്നിവ ബാക്കിയായി | 1-51 |
| 52 | കരാറുകാരന് ബിറ്റുമിനും എമൽഷനും വിതരണം ചെയ്തിട്ടുണ്ടെങ്കിലും പ്രവൃത്തി പൂർത്തിയായിട്ടില്ല | 1-52 |
| 53 | ധനകാര്യകമ്മീഷൻ ഗ്രാന്റ് വകമാറ്റി ചെലവഴിച്ചു | 1-53 |
| 54 | ഐ.എസ്.ഒ സർട്ടിഫിക്കേഷനു വേണ്ടി നടത്തിയ ചെലവ് പാഴായി | 1-54 |
| 55 | പ്ലാസ്റ്റിക് ഷ്രെഡിംഗ് യൂണിറ്റിന്റെ പ്രവർത്തനം നിലച്ച രീതിയിൽ | 1-55 |
| 56 | അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതി - പദ്ധതിച്ചെലവ് കറഞ്ഞതിനാൽ ഭരണച്ചെലവിനായി തനത് ഫണ്ട് ഉപയോഗിച്ചു. | 1-56 |
| 57 | അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതി- ശമ്പളത്തിൽ നിന്നും ഇ.പി.എഫ് ഇനത്തിൽ കുറവ് ചെയ്ത തുകയും തൊഴിലുടമയുടെ വിഹിതവും അടവാക്കിയില്ല | 1-57 |
| | **ഭാഗം 2** | |
| | ഇല്ല | |
| | **ഭാഗം 3** | |
| 58 | അക്കൗണ്ടിംഗ് അസിസ്റ്റന്റ് നിയമനം- വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല-ചെലവ് നിരാകരിക്കുന്നു | 3-1 |
| 59 | പൂരകപോഷകാഹാരം -ജി എസ് ടി ഇനത്തിൽ അധിക തുക അനുവദിച്ചു | 3-2 |
| | **ഭാഗം 4** | |
| 60 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 61 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 62 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 |
| 63 | വായ്പ/ വായ്പ തിരിച്ചടവ് | 4-4 |
| 64 | സ്ഥിരനിക്ഷേപങ്ങൾ | 4-5 |
| 65 | ഓഡിറ്റ് റിക്കവറി | 4-6 |
| 66 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിശദാംശം | 4-7 |
| 67 | ചാർജ്ജ് / സർചാർജ്ജ് നടപടികളുടെ വിവരം | 4-8 |

| | | |
|---|---|---|
| 68 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 69 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-10 |
| 70 | ഓഡിറ്റ് സാക്ഷ്യപത്രം | അനുബന്ധം-1 |
| 71 | ഓഡിറ്റ് സംക്ഷിപ്തം | അനുബന്ധം-II |

# ഭാഗം -1
# ഓഡിറ്റ് റിപ്പോർട്ട്

## 1-1 ബജറ്റ്

2018-19 വർഷത്തെ ബജറ്റ് 24.03.2018 തീയതിയിലെ 1-ാം നമ്പർ കൗൺസിൽ തീരുമാനപ്രകാരം അംഗീകരിച്ചു. പ്രതീക്ഷിത വരവ് 69,48,19,011/- രൂപയും ചെലവ് 66,08,10,489/- രൂപയുമാണ്. ബജറ്റ് പ്രകാരമുള്ള വരവ് ചെലവ് കണക്കുകൾ യഥാർത്ഥ കണക്കുകളുമായി വളരെയേറെ അന്തരം പുലർത്തുന്നു. മുൻകാലവരവ് ചെലവ് കണക്കുകൾ തുലനം ചെയ്ത് വസ്തുനിഷ്ഠമായി ബജറ്റ് തയ്യാറാക്കാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

## 1-2 വാർഷിക ധനകാര്യപത്രിക ലഭിച്ചതിന്റെയും പരിശോധിച്ചതിന്റെയും വിവരം

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31.07.2019 | 21.09.2019 |

.

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/ തീയതി |
|---|---|---|
| 2017-18 | 08.11.2018, 09.11.2018 | കെ.എസ്.എ. ടി.എസ്.ആർ.(എം.1) 1779/18 തീയതി 28.11.18/18.02.19 |

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 4,42,42,012 |
| വരവ് | 31,79,33,849 |
| ആകെ | 36,21,75,861 |
| ചെലവ് | 24,89,01,174 |
| നീക്കിയിരിപ്പ് | 11,32,74,687 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ (ACR പ്രകാരം) | - | 4,71,20,813 | 4,71,20,813 | 4,21,97,917 | 49,22,896 |
| വികസന ഫണ്ട്-എസ്.സി.പി (ACR പ്രകാരം) | - | 34,99,000 | 34,99,000 | 32,64,188 | 2,34,812 |
| വികസന ഫണ്ട്-ടി.എസ്.പി (ACR പ്രകാരം) | - | - | - | - | - |
| മെയിന്റനൻസ്, | - | 17108000 | 17108000 | 17099578 | 8422 |

| | | | | | |
|---|---|---|---|---|---|
| റോഡ് (ACR പ്രകാരം) | | | | | |
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | - | 9430000 | 9430000 | 9289481 | 140519 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് ACR (പ്രകാരം) | - | 63791496 | 63791496 | 43490411 | 20301085 |

## 1-5 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 252 | 171563610 | 180 | 117255979 | 65 | 7 | 71.42 |

## 1-6 അയ്യങ്കാളി നഗര തൊഴിലുറപ്പു പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| അയ്യങ്കാളി പദ്ധതി-അഡ്മിനിസ്ട്രേറ്റീവ് ചെലവ് | 693792 | 5000000 | 5693792 | 714751 | 4979041 |
| അയ്യങ്കാളി പദ്ധതി-തൊഴിലാളികളുടെ വേതനം | | | | - | |
| ആകെ | 693792 | 5000000 | 5693792 | 714751 | 4979041 |

## 1-7 ക്ഷേമപദ്ധതികൾ

നഗരസഭ നടപ്പാക്കിയ വിവിധ ക്ഷേമപദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം. | ക്ഷേമ പദ്ധതി | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|---|
| 1 | തൊഴിൽ രഹിത വേതനം | 31800 | 35 |
| 2 | കർഷക തൊഴിലാളി പെൻഷൻ | 568600 | 48 |
| 3 | വിധവാ പെൻഷൻ | 20054800 | 1719 |
| 4 | വാർദ്ധക്യകാല പെൻഷൻ | 36570600 | 3121 |
| 5 | വികലാംഗ പെൻഷൻ | 4469300 | 386 |

| | | | |
|---|---|---|---|
| 6 | 50 വയസ്സ് കഴിഞ്ഞ അവിവാഹിതരായ വനിതകൾക്കുള്ള പെൻഷൻ | 1537200 | 139 |
| | | | |

# 1-8 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 18.03.2019 ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ രൂപ 6,27,210/- ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

# 1-9 ആഭ്യന്തരനിയന്ത്രണം.

നഗരസഭയിലെ ആഭ്യന്തര നിയന്ത്രണ സംവിധാനത്തിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

1. **ധനകാര്യ സ്റ്റാംന്റിംഗ് കമ്മറ്റി ധനകാര്യ സ്റ്റേറ്റ്മെന്റുകൾ മാസം തോറും വിലയിരുത്തുന്നില്ല**

കേരള മുനിസിപ്പാലിറ്റി നിയമം 22(ഡി)( ii)(iv) വകുപ്പുകൾ പ്രകാരം ധനകാര്യ സ്റ്റാംന്റിംഗ് കമ്മറ്റി, അക്കൗണ്ടുകൾ കൂടെ കൂടെ പരിശോധിക്കേണ്ടതും, മാസം തോറും സ്റ്റാംന്റിംഗ് കമ്മറ്റിയുടെ ഓഡിറ്റിന് വിധേയമാക്കേണ്ടതുമാണ്. അക്കൗണ്ട്സ് ഓഫീസർ പ്രതിമാസ രസീതി &പെയ്മെന്റ് പത്രിക തയ്യാറാക്കേണ്ടതും അടുത്തമാസം 25 ാം തിയതിക്ക് മുമ്പായി ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിക്ക് സമർപ്പിക്കേണ്ടതാണെന്നും മുനിസിപ്പാലിറ്റി (അക്കൗണ്ട്സ്) ചട്ടങ്ങൾ 2007 ലെ ചട്ടം 56 ൽ നിഷ്കർഷിക്കുന്നുമുണ്ട്. എന്നാൽ ധനകാര്യ സ്റ്റാംന്റിംഗ് കമ്മറ്റി ഇപ്രകാരം പ്രതിമാസ വരവ് ചെലവ് കണക്കുകൾ പരിശോധിക്കുന്നില്ല.

2. **നിർദ്ദിഷ്ട രീതിയിൽ മോണിറ്ററിംഗ് നടത്തുന്നില്ല**

സ.ഉ.(കൈ) നം.17/2018/തസ്വഭവ/02.02.2018 പ്രകാരമുള്ള മാർഗ്ഗരേഖയിലെ ഖണ്ഡിക 13.1 പ്രകാരം പ്രൊജക്ട് മോണിട്ടറിംഗ് അതാത് വർക്കിംഗ് ഗ്രൂപ്പുകൾ നിർവ്വഹിക്കേണ്ടതാണ്. അതിനായി പദ്ധതി രൂപീകരണത്തിനു ശേഷം വർക്കിംഗ് ഗ്രൂപ്പുകൾ മോണിട്ടറിംഗ് കമ്മിറ്റികളായി പ്രവർത്തിക്കേണ്ടതാണ്. മോണിട്ടറിംഗ് കമ്മിറ്റികൾ യോഗം ചേർന്ന് മോണിട്ടറിംഗ് റിപ്പോർട്ട് തയ്യാറാക്കി യഥാസമയം നിർവ്വഹണഉദ്യോഗസ്ഥനും ഭരണസമിതിക്കും നൽകേണ്ടതാണ്. എന്നാൽ ഈ രീതിയിലുള്ള മോണിട്ടറിംഗ് നടത്തിയതായുള്ള ആധികാരികമായ രേഖപ്പെടുത്തലുകൾ ഇല്ല.

3. **ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല**

2019-20 വരെ ആർജ്ജിച്ച ആസ്തികൾ ഉൾപ്പെടുത്തി ആസ്തി രജിസ്റ്റർ കാലികമാക്കിയതായി അറിയിച്ചെങ്കിലും ധാരാളം ആസ്തികൾ ചേർക്കാൻ വിട്ടുപോയിട്ടുണ്ട്. ഉദാഹരണമായി പുതിയതായി നിർമ്മിച്ച മത്സ്യ മാർക്കറ്റ് കെട്ടിടം,ടൗൺ ലൈബ്രറി കെട്ടിടം എന്നിവ ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്തിയിട്ടില്ല.

4. **ഇന്റേണൽ ഓഡിറ്റ് റിപ്പോർട്ട് ലഭ്യമാക്കിയില്ല**

ഒരു സ്ഥാപനത്തിന്റെ ആഭ്യന്തരനിയന്ത്രണ സംവിധാനത്തിന്റെ ഒരു പ്രധാന ഭാഗമാണ് ഇന്റേണൽ ഓഡിറ്റ്. നഗരസഭയുടെ ഏറ്റവും അവസാനം നടന്ന ഇന്റേണൽ ഓഡിറ്റിന്റെ റിപ്പോർട്ട് ലഭ്യമാക്കാൻ പലതവണ ആവശ്യപ്പെട്ടെങ്കിലും ലഭ്യമാക്കുകയുണ്ടായില്ല. ആയതിനാൽ കൃത്യമായി ഇന്റേണൽ ഓഡിറ്റ് നടക്കുന്നുണ്ടോ എന്ന കാര്യം ഉറപ്പാക്കാനായിട്ടില്ല.

**5. ഓഫീസ് ഓർഡർ ലഭ്യമായില്ല**

നഗരസഭ കൈകാര്യം ചെയ്യുന്ന മുഴുവൻ വിഷയങ്ങളും കൃത്യമായി കണ്ടെത്തുകയും ആയവ ഇനം തിരിച്ച് ജീവനക്കാർക്ക് ഏൽപ്പിക്കുകയും ചെയ്തിട്ടുണ്ടോയെന്നത് ബന്ധപ്പെട്ട ഓഫീസ് ഓർഡർ പരിശോധനക്ക് ലഭ്യമാക്കാത്തതുമൂലം ഉറപ്പാക്കാനായിട്ടില്ല.

6. **വിലപ്പെട്ട സാധനങ്ങളുടെ രജിസ്ററർ, കൈമാറ്റം നിരീക്ഷിക്കുന്ന രജിസ്റ്റർ എന്നിവ സൂക്ഷിക്കുന്നില്ല**

ചെസ്റ്റിൽ സൂക്ഷിക്കുന്ന ചെക്ക്, ഡി.ഡി, ആധാരങ്ങൾ, മറ്റ് വിലപ്പെട്ട രേഖകൾ എന്നിവയുടെ വിശദാംശങ്ങൾ രേഖപ്പെടുത്തിയ രജിസ്റ്റർ സൂക്ഷിക്കുന്നില്ല. ഇവയുടെ ചാർജ്ജ് കൈമമാറ്റം നിരീക്ഷിക്കുന്ന രജിസ്റ്ററും സൂക്ഷിക്കുന്നില്ല.

# 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ക്രമ നം. | ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|---|
| 1 | പെർഫോമൻസ് ഓഡിറ്റ് | 18.04.2016 – 22.04.2016 | 2015-16 | നഗരസഭ വിവരം ലഭ്യമാക്കിയില്ല |
| **2** | അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 21.02.2019 - 07.03.2019 | 2015-16മുതൽ 2017-18 വരെ | 20.04.19 |

# 1-11 വാർഷിക ധനകാര്യപത്രികയിലെ അപാകതകൾ

ചാവക്കാട് നഗരസഭയുടെ 2018-19 സാമ്പത്തിക വർഷത്തിലെ വാർഷിക കണക്കുകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ.

1. വാർഷിക ധനകാര്യ പത്രികയിൽ അടിസ്ഥാന അനുപാതങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല. (കേരള മുനിസിപ്പാലിറ്റി അക്കൗണ്ട് ചട്ടങ്ങൾ 2007, ചട്ടം 58).

2. വസ്തു നികുതി

(1) 31.03.18 വരെ അസസ്സ് ചെയ്ത കെട്ടിടങ്ങളുടെ വസ്തു നികുതി, ലൈബ്രറി സെസ്സ്, സർവീസ് ടാക്സ് എന്നിവ 01.04.18-ലെ ഡിമാന്റ് ആയി കാണിക്കേണ്ടതും, 2018-19ൽ അസ്സസ്സ് ചെയ്യുന്നത് അതാത് മാസങ്ങളിലായി വസ്തു നികുതി, ലൈബ്രറി സെസ്സ്, സർവീസ് ടാക്സ് എന്നിങ്ങനെ ഡിമാന്റ് കാണിക്കേണ്ടതുമാണെന്നിരിക്കെ അതത് ലെഡ്ജറുകളിൽ ഒറ്റ തവണ മാത്രമായാണ് തൻ വർഷത്തെ തുക ഡിമാന്റ് ചെയ്തിരിക്കുന്നത്.

ഡിമാന്റ് ചെയ്ത തുകയ്ക്ക് ആധാരമാക്കിയ ജേണൽ വൗച്ചറുകളോ, ഡി.സി.ബി രജിസ്റ്ററിന്റെ പകർപ്പോ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

2(1) വാർഷിക കണക്കിൽ ഡിമാന്റ് I-1ൽ വസ്തു നികുതി, ലൈബ്രറി സെസ്സ്, സർവ്വീസ് ടാക്സ് എന്നിവ വേർതിരിച്ച് കാണിച്ചിട്ടുണ്ട്. എന്നാൽ ഓഡിറ്റിന് ലഭ്യമാക്കിയ ഡി.സി.ബി. പത്രികയിൽ ഡിമാന്റും കളക്ഷനും, ബാലൻസും കാണിച്ചിരിക്കുന്നത് വസ്തു നികുതി, ലൈബ്രറി സെസ്സ്, സർവീസ് ടാക്സ് എന്നീ തുകകളെല്ലാം കൂടി ഉൾപ്പെടുന്ന തുകകളായിട്ടാണ് ചേർത്തിട്ടുള്ളത്.

2(2) വാർഷിക കണക്കിൽ ലൈബ്രറി സെസ്സ് ഡിമാന്റ് കാണിക്കുന്നത് State govt. Cesses/levies in property tax, control A/c എന്ന ഹെഡ്ഡിലും (431910100) എന്നാൽ കളക്ഷൻ കാണിക്കുന്നത് ലൈബ്രറി സെസ്സ് എന്ന ഹെഡ്ഡിലുമാണ്. ഡി.സി.ബി സ്റ്റേറ്റ്മെന്റിൽ സെസ്സ് പ്രത്യേകം ഉൾപ്പെടുത്തിയിട്ടില്ലാത്തതിനാൽ ആയതിന്റെ ആധികാരികത പരിശോധിക്കുന്നതിനും ഓഡിറ്റിൽ സാധിച്ചിട്ടില്ല.

ഇക്കാരണങ്ങളാൽ കൊണ്ടുതന്നെ വസ്തു നികുതിയിനത്തിലെ യാതൊരു തുകകളും ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല.

2(3) ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി-15 പ്രകാരം വസ്തുനികുതിയിനത്തിലെ ആകെ കിട്ടാനുള്ള തുക (5% ലൈബ്രറി സെസ്സ് ഉൾപ്പെടെ) 7586967/- രൂപയാണ്. ഇത് പ്രകാരം ഇതേ ഷെഡ്യൂളിൽ "431910101-State govt. Levies in property tax" എന്ന ശീർഷകത്തിൽ വരേണ്ട തുക 379348/- ആണ്. എന്നാൽ ഈ ശീർഷകത്തിൽ 361285.69 രൂപ ചേർത്തിട്ടുണ്ട്. വ്യത്യാസം പരിഹരിക്കേണ്ടതാണ്.

3. 2018-19-ൽ അസസ്സ് ചെയ്യപ്പെടുന്ന അക്രൂവൽ അടിസ്ഥാനത്തിലുള്ള വരുമാനങ്ങൾ പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ്മെന്റ്, അസസ്സ്മെന്റ് രജിസ്റ്റർ, അസസ്സ്മെന്റ്/ഡിമാന്റ് നോട്ടീസ് എന്നിവയുടെ അടിസ്ഥാനത്തിൽ പ്രതിമാസ ജേണൽ എൻട്രി മുഖേന ചേർക്കേണ്ടിയിരുന്നതുമാണ്. പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ്മെന്റിന്റെ അടിസ്ഥാനത്തിൽ തന്നെ ഡിമാന്റ് കുറവ് ചെയ്യൽ/എഴുതി തള്ളൽ/ഇളവ് അനുവദിക്കൽ എന്നിവ ജേണൽ എൻട്രികൾ മുഖേന ചെയ്യേണ്ടതുമാകുന്നു. ഈ രേഖപ്പെടുത്തൽ ജേണൽ വൗച്ചർ, വർക് ഷീറ്റ്, നിയമാനുസൃത അനുമതി എന്നിവയുടെ അടിസ്ഥാനത്തിലായിരിക്കണം ചെയ്യേണ്ടത്. എന്നാൽ മേൽ പ്രകാരം സെക്രട്ടറി രേഖാമൂലം പ്രതിമാസ പത്രികയും അനുബന്ധ കണക്കുകളും തയ്യാറാക്കാതെ ഒറ്റത്തവണയായി ഡിമാന്റ്/ ഡിമാന്റ് കുറവ് ചെയ്യൽ/എഴുതി തള്ളൽ/ഇളവ് അനുവദിക്കൽ എന്നിവ ജേണൽ എൻട്രികൾ മുഖേന ചെയ്ത വരവിനങ്ങളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | വരവിനം | ഡിമാന്റ് ചേർക്കുന്ന ശീർഷകം | രേഖപ്പെടുത്തിയ തീയതി | വൗച്ചർ |
|---|---|---|---|---|
| 1. | ഷോപ്പിംഗ് കോംപ്ലക്സ് കെട്ടിടങ്ങളിൽ നിന്നുള്ള വാടക | 130100800 5664028- Rent from shopping complex) | 1-4-18 | 41800376 |
| 2. | ഭൂമി പാട്ടം (.... എണ്ണം) | 1304001007455 – Rent from lease of lands | 1-4-18 | 41800430 |

ചട്ടത്തിൽ നിർദ്ദേശിച്ച രീതിയിൽ ഡിമാന്റ് നിയമപ്രകാരം ഉത്ഭവിക്കുന്ന സമയത്ത് തന്നെ അക്രൂവൽ രേഖപ്പെടുത്തലുകൾ വരുത്തുന്നതിനും ഡിമാന്റ് എൻട്രികൾ/ഡിമാന്റ് കുറവ് ചെയ്യൽ/എഴുതി തള്ളൽ/ഇളവ് അനുവദിക്കൽ സാധുത നല്കുന്ന വൗച്ചറുകളും അനുബന്ധ രേഖകളും സൂക്ഷിക്കുന്നതിനും നടപടി സ്വീകരിക്കേണ്ടതുമാണ്.

4. ആഭ്യന്തര നിയന്ത്രണം ഫലപ്രദമാക്കുന്നതിന് കൈയ്യെഴുത്തായി സൂക്ഷിക്കുന്ന എല്ലാ വരവ് രജിസ്റ്ററുകളും ഡിമാന്റ് അടിസ്ഥാനത്തിലും പേജ് അടിസ്ഥാനത്തിലും തുക കണക്കാക്കുകയും മാസാന്ത്യത്തിൽ ക്ലോസ് ചെയ്ത് അതാത് ലെഡ്ജറുകളുമായി പൊരുത്തപ്പെടുത്തി, വർഷാന്ത്യത്തിൽ സംക്ഷിപ്തം രേഖപ്പെടുത്തി, സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്. (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011, ചട്ടം 58(2) (ഇ), (ജി)). നിലവിൽ ഓഡിറ്റിന് ഹാജരാക്കിയ രജിസ്റ്ററുകൾ ഇപ്രകാരം കൃത്യമായി സൂക്ഷിക്കുന്നില്ല. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

4.a തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ (ജീവനക്കാർ)

4.b തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ (സ്ഥാപനങ്ങൾ)

4.c ഡി&ഒ ഡിമാന്റ് രജിസ്റ്റർ

4.d വാടക ഡിമാന്റ് രജിസ്റ്റർ

4.e ബിൽഡിങ്ങ് പെർമിറ്റ് രജിസ്റ്റർ

4.1 അക്രൂവൽ ആയി രേഖപ്പെടുത്തേണ്ട താഴെ ചേർത്തിരിക്കുന്ന തുകകൾ അതാത് ഡിമാന്റ് രജിസ്റ്ററുകളുമായി പൊരുത്തപ്പെടുന്നില്ല. (വസ്തു നികുതി ഒഴികെ)

| ഇനം | | ഡിമാന്റ് | കളക്ഷൻ | മുൻകൂർ ക്രമീകരിച്ചത് | എഴുതി തള്ളിയത് | ബാലൻസ് |
|---|---|---|---|---|---|---|
| ഡി&ഒ | വാർഷിക കണക്ക് | 45818 | 44538 | - | - | 1277 |
| കുടിശ്ശിക | രജിസ്റ്റർ | 28205 | 28205 | - | - | - |

5. ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-9 " Other liabilities" എന്ന ശീർഷകം പ്രകാരം താഴെ ചേർത്തിരിക്കുന്ന വരുമാനങ്ങൾക്ക് മുൻകൂർ ആയി തുക ലഭിച്ചിട്ടുണ്ട്. എന്നാൽ അതാത് ഡിമാന്റ് രജിസ്റ്ററിലോ പ്രത്യേകം രജിസ്റ്ററിലോ മുൻകൂർ തുകയുടെ കണക്കുകൾ രേഖപ്പെടുത്തുകയോ, ബാലൻസ്ഷീറ്റുമായി പൊരുത്തപ്പെടുത്തി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുകയോ ചെയ്തിട്ടില്ല.

| ക്രമ നം. | വരുമാനം | മുൻകൂർ ശീർഷകം | 31/03/2019ലെ മുൻകൂർ തുക |
|---|---|---|---|
| 1 | തൊഴിൽ നികുതി | 350410102- Advance collection of revenues- Profession tax/inst/trad/prof | 300 |
| 2 | ഡി&ഒ | 350410301- Advance collection of revenues- Licence fees for dangerous and offensive trades | 690693 |

6. ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-21 പ്രകാരം, വസ്തു നികുതി ഇനത്തിലും, വാടകയിനത്തിലും ലഭിക്കാൻ ബാക്കിയുള്ള തുകയിൽ, ലഭ്യത സംശയാസ്പദമായ തുക കണക്കാക്കി 31/03/2019 പ്രകാരമുള്ള തുക ചേർത്തിട്ടുണ്ട്. വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | ശീർഷകം | 2018-19 H6-ൽ പ്രൊവിഷനായി രേഖപ്പെടുത്തിയ തുക | 31/03/2019-ലെ അക്യുമലേറ്റഡ് പ്രൊവിഷൻ ബാക്കി |
|---|---|---|---|
| 1 | 270100104- Provision for Doubtful Receivable- Property Tax (General) | 606789/- | (4270558) |
| 2 | 270100104- Provision for Doubtful Receivable- Prof. Tax | 81607/- | (733960) |

എന്നാൽ ഇവ കണക്കാക്കിയതിന്റെ വർക് ഷീറ്റ്, ജേണൽ വൗച്ചർ എന്നിവ ഹാജരാക്കിയിട്ടില്ല.

6. എന്നാൽ നികുതി, നികുതിയേതര കുടിശ്ശിക വർഷാടിസ്ഥാനത്തിൽ കണക്കാക്കി, സർക്കാർ ഉത്തരവ് 152/2011/ത.സ്വ.ഭ.വ. തീ.26/7/2011 പ്രകാരം കിട്ടാനുള്ള തുകകൾക്കാണ് പ്രൊവിഷൻ രേഖപ്പെടുത്തേണ്ടത്. ബാലൻസ്ഷീറ്റ്, ഷെഡ്യൂൾ ബി15 പ്രകാരം തൊഴിൽ നികുതി കുടിശ്ശികയായി കിട്ടാനുള്ള തുകയേക്കാൾ അധികമായി പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടുണ്ട്.

7. ഇൻകം&എക്സ്പെൻഡിച്ചർ അക്കൗണ്ട് (ഐ-18) പ്രകാരം "280000000- Prior period item” എന്ന ശീർഷകത്തിൽ ഉൾപ്പെടുന്ന താഴെ പറയുന്ന ലെഡ്ജറുകളിൽ ജേണൽ വൗച്ചർ മുഖേന എഴുതി തള്ളിയ തുകകൾക്കും, വരുമാനമായി ക്രമീകരിച്ചിരിക്കുന്ന തുകകൾക്കും, തിരുത്തൽ എൻട്രികൾക്കും അംഗീകരിക്കപ്പെട്ട വൗച്ചറുകളോ, രേഖപ്പെടുത്തലുകൾക്ക് പിൻബലം നൽകുന്ന വർക് ഷീറ്റുകളോ, ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ താഴെ ചേർത്തിരിക്കുന്ന ലെഡ്ജർ പ്രകാരമുള്ള രേഖപ്പെടുത്തലുകൾ നിയമാനുസൃതം ആണെന്നോ കൃത്യമാണെന്നോ ഉറപ്പ് വരുത്തുന്നതിന് സാധിച്ചിട്ടില്ല.

| ശീർഷകം (ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട്, ഷെഡ്യൂൾ I-18) | 31/03/2019ലെ ലെഡ്ജർ ബാക്കി |
|---|---|
| 280200900- Prior period income – Other income | (184000) |
| 280800501- Prior period- Programme expenses | (4404) |

8. കാഷ് അല്ലെങ്കിൽ ബാങ്ക്/ട്രഷറി അക്കൗണ്ടുകളുമായി ബന്ധമില്ലാത്ത ഇടപാടുകൾ ജേണൽ ബുക്കിൽ രേഖപ്പെടുത്തേണ്ടതാണ്. ജേണൽ വൗച്ചറുകൾ ഉൾപ്പെടെ എല്ലാ വൗച്ചറുകൾക്കും അധികാരികമായ സാക്ഷ്യപ്പെടുത്തിയ വൗച്ചറുകൾ, വർക് ഷീറ്റുകൾ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.

9. ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. ബാലൻസ്ഷീറ്റിൽ പരാമർശിച്ചിട്ടുള്ള സ്ഥിരാസ്തികളുടെ അസ്തിത്വവും മൂല്യവും പരിശോധിക്കാൻ സാധിക്കുന്ന മാതൃകയിലല്ല ആസ്തി രജിസ്റ്റർ തയ്യാറാക്കുന്നത്.

10. തൊഴിൽ നികുതി (ജീവനക്കാർ) - പ്രത്യേകം ഡിമാന്റ് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.

11. 2018-19 വർഷത്തെ Income and expenditure പത്രിക പ്രകാരം 22852293 രൂപ ഡിപ്രീസിയേഷൻ കണക്കാക്കിയിട്ടുണ്ട്. എന്നാൽ ഇവ കണക്കാക്കിയതിന്റെ വർക് ഷീറ്റ്, ജേണൽ വൗച്ചർ എന്നിവ ഹാജരാക്കിയിട്ടില്ല.

12. ബാലൻസ് ഷീറ്റ് ഷെഡ്യൂൾ B12 പ്രകാരം Equity Share – 1000100 രൂപയുടെയും Fixed Deposit – 1563635/- രൂപയുടെയും നിക്ഷേപം കാണുന്നു. എന്നാൽ ഇൻവെസ്റ്റ്മെന്റുകൾ രജിസ്റ്റർ തയ്യാറാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തി പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

13. ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-14 പ്രകാരം ക്ലോസിങ്ങ് സ്റ്റോക്ക് ഇല്ല. 2018-19 വർഷത്തിൽ ബിറ്റുമിൻ പർച്ചേസ് നടത്തിയിട്ടുണ്ട്. സ്റ്റോക്കിലെടുക്കുമ്പോൾ ആയതിന്റെ അളവ് മാത്രമേ രേഖപ്പെടുത്തുന്നുള്ളു. വില രേഖപ്പെടുത്തുന്നില്ല. ആയതിനാൽ വർഷാന്ത്യ മൂല്യം കണക്കാക്കിയതായും കാണുന്നില്ല എന്ന് മാത്രമല്ല വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടുമില്ല.

13.1 സ്റ്റോക്കിന്റെ ഭൗതിക പരിശോധന നടത്തി സാക്ഷ്യപത്രം രേഖപ്പെടുത്തിയിട്ടില്ല.

14. ബാലൻസ് ഷീറ്റ് B-7 ഷെഡ്യൂൾ പ്രകാരം ബാധ്യതയായി ഉൾപ്പെടുത്തിയിട്ടുള്ള 49016654യുടെ ആധികാരികത പരിശോധിക്കുന്നതിനാവശ്യമായ ഡെപ്പോസിറ്റ് രജിസ്റ്റർ എഴുതി സൂക്ഷിക്കുകയോ വാർഷിക സംക്ഷിപ്തം തയ്യാറാക്കി വാർഷിക കണക്കുമായി പൊരുത്തപ്പെടുത്തുകയോ ചെയ്തിട്ടില്ല.

15. പ്രത്യേകോദ്ദേശ്യ വിഹിതങ്ങൾ, ഗുണഭോക്തൃ വിഹിതം എന്നിവ തനത് ഫണ്ടിൽ നിക്ഷേപിച്ച സംഗതികളിൽ അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ എഴുതി സൂക്ഷിക്കേണ്ടതാണ്. ആയത് സൂക്ഷിച്ചിട്ടില്ല.

16. താഴെ ചേർത്തിരിക്കുന്ന ബാലൻസ് ഷീറ്റ് പ്രകാരം ബി-17 പ്രകാരമുള്ള പ്രത്യോകോദ്ദേശ്യ ബാങ്ക് അക്കൗണ്ടുകൾക്ക് തത്തുല്യമായ ബാധ്യത ശീർഷകം ബാലൻസ് ഷീറ്റ് ബി-4ൽ കാണുന്നില്ല.

| ക്രമ നം. | ശീർഷകം | ബാങ്ക് | തുക |
|---|---|---|---|
| 1 | 450210400 | PNB-IHSDP | 14985 |
| 2 | 450420100 | ICICI സ്വച്ഛ ഭാരത് | 5891626 |
| 3 | 450610200 | കാനറാ ബാങ്ക് SSA | 674217 |
| 4 | 450610100 | SBT, സാക്ഷരത | 4054 |
| 5 | 450610600 | PNB-PMAY | 56903820 |

17. ബാലൻസ് ഷീറ്റ് ബി-18 പ്രകാരം ഇലക്ട്രിസിറ്റി ഡെപ്പോസിറ്റ് 839650/- രൂപ കാണുന്നു. എന്നാൽ അഡ്വാൻസ് രജിസ്റ്ററിൽ ഇത് സംബന്ധിച്ച രേഖപ്പെടുത്തലുകളില്ല.

17.1 ബി-18 പ്രകാരം Housing loan to employees 11000/- രൂപയും Advance to others 110931/- രൂപയുമുണ്ട്. എന്നാൽ ആയത് പരിശോധിക്കുന്നതിനാവശ്യമായ രേഖകൾ ലഭ്യമാക്കിയിട്ടില്ല.

17.2 Festival Advance to Employees – വരവ് ചെലവ് നീക്കിയിരിപ്പു തുകകൾ വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല.

18. 31/03/2018ലെ ബാലൻസ്ഷീറ്റ് ഷെഡ്യൂൾ B3 പ്രകാരം "Capital contribution" എന്ന ഇനത്തിലെ അതേ തുകയാണ് 31/03/2019ലെ ബാലൻസ്ഷീറ്റിൽ ചേർത്തിരിക്കുന്നത്. വികസന ഫണ്ട് ഉൾപ്പെടെയുള്ള പ്രത്യോകോദ്ദേശ്യ ഗ്രാന്റുകൾ ഉപയോഗിച്ച് ചെയ്യുന്ന പ്രവൃത്തികളുടെ മൂല്യം "Capital contribution" എന്ന ശീർഷകത്തിലേക്ക് ചേർക്കാത്തതാണ് ഇതിന് കാരണം. ഇതുമൂലം മൂലധന ചെലവുകൾക്ക് ഉപയോഗിച്ച ഗ്രാന്റ് തുകകൾ ഉൾപ്പെടെ സ്ഥാപനത്തിന്റെ വരുമാനമായി ചേർക്കപ്പെടുന്നതിനും Income and expenditure account പ്രകാരം കണക്കാക്കപ്പെടുന്ന മിച്ച തുക കൂടുന്നതിനും കാരണമാകുന്നു. ഇത് 152/2011/ത.സ്വ.ഭ.വ. തീ.26/07/2011 പ്രകാരം നിർദ്ദേശിക്കപ്പെട്ട അക്കൗണ്ടിങ്ങ് നയങ്ങൾക്ക് വിരുദ്ധമാണ്.

19. ബാങ്ക് അക്കൗണ്ടുകളുടെ പ്രതിമാസ ബാങ്ക് റീകൺസീലിയേഷൻ പത്രികകൾ തയ്യാറാക്കി സൂക്ഷിക്കുന്നില്ല. മാർച്ച് മാസത്തെ മാത്രമാണ് സൂക്ഷിക്കുന്നത്.

20. അസിസ്റ്റന്റ് എഞ്ചിനീയർ നടപ്പാക്കിയ പ്രോജക്റ്റുകളിൽ 31/3/19 വരെ പാർട്ട് ബിൽ നല്കിയതും എന്നാൽ 31/03/2019ൽ പണി പൂർത്തീകരിക്കാത്തതുമായ പ്രവൃത്തിയുടെ തുകയും ബാലൻസ് ഷീറ്റ് ഷെഡ്യൂൾ പ്രകാരം Capital work in progress എന്ന ശീർഷകത്തിൽ ചേർത്തിരിക്കുന്ന തുകയും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

21. 2017-18 വാർഷിക കണക്ക് പരിശോധനയിൽ സൂചിപ്പിച്ച ലോൺ രജിസ്റ്ററിലെ അപാകത പരിഹരിച്ച് ആയതിനനുസരിച്ച് ലോൺ രജിസ്റ്റർ കാലികമാക്കേണ്ടതാണ്.

21.1 ബാലൻസ് ഷീറ്റ് ബി-5 പ്രകാരം HUDCO വായ്പ 60040000/- രൂപ ബാധ്യതയായി രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ലോൺ രജിസ്റ്റർ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

22. ഓഡിറ്റ് ചെയ്ത 31.03.18ലെ ബാലൻസ് ഷീറ്റ് പ്രകാരമുള്ള നീക്കിയിരിപ്പ് 2018-19ലെ ട്രയൽ ബാലൻസ് പ്രകാരമുള്ള മുന്നിരിപ്പുമായി പൊരുത്തപ്പെടേണ്ടതാണ്. എന്നാൽ ആയത് പൊരുത്തപ്പെടുന്നില്ല.

| ക്രമ നം. | ശീർഷകം | 31.03.18ലെ ബാലൻസ് ഷീറ്റ് | 2018-19ലെ ട്രയൽ |
|---|---|---|---|

| | | പ്രകാരമുള്ള നീക്കിയിരിപ്പ് | ബാലൻസ് പ്രകാരമുള്ള മുന്നിരിപ്പ് |
|---|---|---|---|
| 1 | 310100100-General Fund | (29704595.82) | 22588975 |
| 2 | 310900100-Excess of income over expenditure | 10246116.00 | (42047454.82) |

എന്നാൽ ബി-1 (Landscape) ഷെഡ്യൂൾ പ്രകാരം 17-18 വർഷത്തെ നീക്കിയിരിപ്പ് തൻവർഷത്തെ ട്രയൽ ബാലൻസുമായി പൊരുത്തപ്പെടുന്നുമുണ്ട്.

23. ജനറൽ പർപ്പസ് ഗ്രാന്റ് വരവ് വാർഷിക കണക്കും അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്ററും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

| | |
|---|---|
| വാർഷിക കണക്ക് | 16017378 |
| അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ | 16521827 |

24. Public Sanitation charge (I & E – I-4(b)) ഇനത്തിന്റെ ഡിമാന്റ് തുക വാർഷിക കണക്കും രജിസ്റ്ററുമായി പൊരുത്തപ്പെടുന്നില്ല.

| വാർഷിക കണക്ക് | ഡിമാന്റ് രജിസ്റ്റർ (വാർഷിക സംക്ഷിപ്തം തയ്യാറാക്കിയത് പ്രകാരം) |
|---|---|
| 391500 | 359500 |

24.1 രജിസ്റ്റർ പ്രകാരമുള്ള യഥാർത്ഥ ഡിമാന്റ് തുക (ലേലം ചെയ്ത തുക) 540500/- രൂപയാണ്. എന്നാൽ വാർഷിക കണക്ക് പ്രകാരം ലേലം - പബ്ലിക് സാനിറ്റേഷൻ ചാർജ്ജിനത്തിൽ ഡിമാന്റ് രേഖപ്പെടുത്തിയിരിക്കുന്നത് 391500/- മാത്രമാണ്. ആയതിനാൽ തന്നെ വാർഷിക കണക്ക് പ്രകാരം കുടിശ്ശികയില്ല.

25. താഴെപ്പറയുന്ന ഇനങ്ങൾ വാർഷിക കണക്കിൽ ഏത് ശീർഷകത്തിലാണ് ഡിമാന്റും വരവും ഉൾപ്പെടുത്തുന്നത് എന്ന് വ്യകതമല്ല.

1) ബസ് സ്റ്റാന്റ് ടെർമിനലിനകത്തെ ടി വി പരസ്യം - ബാലൻസ് ഷീറ്റ് ബി-15 പ്രകാരം 65278/- രൂപ കുടിശ്ശിക രേഖപ്പെടുത്തിയിട്ടുണ്ട്. ആയതിന്റെ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല.

2) ബ്ലാങ്ങാട് ഫിഷ് മാർക്കറ്റ് - യാർഡ്+ടോയ്ലറ്റ്

3) ബ്ലാങ്ങാട് ഫിഷ് മാർക്കറ്റ് 12 സ്റ്റാൾ

26. RP-5 Sale and Hire charge എന്ന ശീർഷകത്തിൽ 676255/- രൂപ വരവുണ്ട്. ആയത് വാർഷിക കണക്കുമായി ഒത്തുനോക്കുന്നതിന് ആവശ്യമായ രജിസ്റ്ററുകളോ രേഖകളോ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. (150100600 എന്ന ഹെഡ്ഡ് ഒഴികെ)

26.1 Sale of Manure എന്ന ഹെഡ്ഡിൽ (150100600) വാർഷിക കണക്ക് പ്രകാരം 341250/- രൂപ വരവുണ്ട്. എന്നാൽ രജിസ്റ്ററിൽ ഡി.സി.ബി. തയ്യാറാക്കി വാർഷിക കണക്കുമായി പൊരുത്തപ്പെടുത്തിയിട്ടില്ല.

27. RP-3, RP-4 എന്നീ ശീർഷകങ്ങളിലെ വരവിന്റെ കൃത്യത വാർഷിക കണക്കുമായി ഒത്തുനോക്കുന്നതിന് ആവശ്യമായ രജിസ്റ്ററുകളോ രേഖകളോ പരിശോധനയ്ക്ക്

ഹാജരാക്കിയിട്ടില്ല. (140500900, 140501000, 140501100, 140501300, 140700100 എന്നീ ഹെഡ്ഡുകളിലെ വരവുകൾ ഒഴികെ)

28. ബിൽഡിങ്ങ് പെർമിറ്റ് രജിസ്റ്ററിൽ DCB തയ്യാറാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തി പരിശോധനയ്ക്ക് ലഭ്യമാക്കാത്തതിനാൽ വാർഷിക കണക്കുമായി ഒത്തുനോക്കാൻ കഴിഞ്ഞിട്ടില്ല.

29. ജനറൽ പർപ്പസ് ഗ്രാന്റ് ഫണ്ട് 903/1 എന്ന അക്കൗണ്ടിന്റെ പാസ്സ് ബുക്ക്, റീകൺസീലിയേഷൻ സ്റ്റേറ്റ്മെന്റ് എന്നിവ ലഭ്യമാക്കിയിട്ടില്ല.

## 1-12 കൗൺസിൽ മിനിട്ട്സിൽ അദ്ധ്യക്ഷന്റെ ഒപ്പ് രേഖപ്പെടുത്തിയിട്ടില്ല

1995 ലെ കേരള മുനിസിപ്പാലിറ്റി (കൗൺസിലിന്റെ യോഗനടപടിക്രമം) ചട്ടങ്ങളിലെ ചട്ടം 14(5) അനുസരിച്ച് കൗൺസിൽ യോഗത്തിന്റെ അദ്ധ്യക്ഷൻ അംഗീകരിച്ച മിനിട്ട്സ് സെക്രട്ടറിക്ക് ലഭിച്ച് 48 മണിക്കൂറിനുള്ളിൽ മിനിട്ട്സ് ബുക്കിൽ രേഖപ്പെടുത്തി അദ്ധ്യക്ഷന്റെ ഒപ്പ് വാങ്ങേണ്ടതാണ്. എന്നാൽ നഗരസഭയുടെ 01.04.18 മുതൽ 31.03.19 വരെയുള്ള കാലയളവിലെ കൗൺസിൽ യോഗങ്ങളിൽ 29.08.18, 31.08.18 എന്നീ തിയതികളിൽ ഒഴികെയുള്ള യോഗങ്ങളിലെ തീരുമാനങ്ങൾ മിനിട്ട്സിൽ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും അദ്ധ്യക്ഷന്റെ ഒപ്പ് വാങ്ങിയിട്ടില്ല.

1995 ലെ കേരള മുനിസിപ്പാലിറ്റി (കൗൺസിലിന്റെ യോഗനടപടിക്രമം)ചട്ടങ്ങളിൽ നിർദ്ദേശിച്ച നടപടിക്രമങ്ങൾ പാലിച്ച് കൊണ്ട് യോഗം നടത്തുന്നതിലേക്കും മിനിട്ട്സ് രേഖപ്പെടുത്തുന്നതിലേക്കും ഭരണസമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

(ഓഡിറ്റ് എൻക്വയറി നം. 52/17.01.20)

## 1-13 പ്രതിമാസ വരവ് ചെലവുകൾ യഥാസമയം ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയുടെ പരിശോധനയ്ക്ക് വിധേയമാക്കുന്നില്ല.

കേരള മുനിസിപ്പാലിറ്റി (അക്കൗണ്ട്സ് ചട്ടങ്ങൾ ) 2007, ചട്ടം 56 പ്രകാരം ഓരോ മാസത്തെയും വരവ് ചെലവ് സ്റ്റേറ്റ്മെന്റ് അക്കൗണ്ട്സ് ഓഫീസർ തയ്യാറാക്കേണ്ടതും ആയത് തൊട്ടടുത്ത മാസം 20-ാം തീയതിക്ക് മുൻപായി ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി മുമ്പാകെ പരിശോധനയ്ക്ക് സമർപ്പിക്കേണ്ടതുമാണ്. എന്നാൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയുടെ മിനുട്ട്സ് പരിശോധിച്ചപ്പോൾ 2018-19 വർഷത്തിൽ മേൽ ചട്ടം അനുശാസിക്കും പ്രകാരമുള്ള പ്രതിമാസ വരവ് ചെലവ് കണക്കുകളുടെ പരിശോധന യഥാസമയം നടന്നിട്ടില്ല എന്ന് ബോധ്യപ്പെട്ടു. ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയുടെ 17.01.2019 ലെ 1-ാം നമ്പർ തീരുമാന പ്രകാരം "2018 ജനുവരി മുതൽ 2018 ഡിസംബർ വരെയുള്ള കാലയളവിലെ വരവ് ചെലവ് കണക്കുകൾ അംഗീകരിച്ചതായി" രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ഓരോ മാസത്തെയും വരവ് ചെലവ് കണക്കുകൾ രേഖപ്പെടുത്തിയിട്ടില്ല. മാത്രമല്ല 2019 ജനുവരി മുതൽ മാർച്ച് വരെയുള്ള വരവ് ചെലവ് കണക്കുകൾ പരിശോധിച്ചതായോ അംഗീകരിച്ചതായോ മിനുട്ട്സിൽ രേഖപ്പെടുത്തലുകളില്ല. കമ്പ്യൂട്ടർവത്കൃത അക്കൗണ്ടിംഗ് സമ്പ്രദായത്തിൽ പ്രതിദിന ഇടപാടുകൾ കൃത്യമായി യഥാസമയം രേഖപ്പെടുത്തപ്പെടുന്ന പക്ഷം പ്രതിമാസ വരവ് ചെലവ് സ്റ്റേറ്റ്മെന്റ് റിപ്പോർട്ടായി ലഭ്യമാകും എന്നതിനാൽ മേൽചട്ട പ്രകാരമുള്ള പരിശോധന മൂലം അക്കൗണ്ടിംഗിലെ അപാകതകൾ യഥാസമയം കണ്ടെത്തുവാനും പരിഹരിക്കുവാനും സാധിക്കുന്നതാണ്. മേൽ വിഷയത്തിൽ ഭരണസമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

## 1-14 അക്കൗണ്ടിംഗിലെ അപാകതകൾ

ചാവക്കാട് നഗരസഭയുടെ 2018-19 വർഷത്തെ ഇടപാടുകൾ അക്കൗണ്ടിംഗ് സോഫ്റ്റ് വെയറായ "സാംഖ്യ"യിൽ രേഖപ്പെടുത്തുന്നതിലെ അപാകതകൾ താഴെ ചേർക്കുന്നു.

1. ചെക്ക് മുഖേനയുള്ള ഇടപാടുകൾ യഥാസമയം "സാംഖ്യ" സോഫ്റ്റ് വെയറിൽ ചേർക്കുന്നില്ല. ഇടപാടുകൾ നടക്കുമ്പോൾ മാനുവൽ കാഷ്ബുക്കിൽ എഴുതി ചേർക്കുകയും പിന്നീട് സാംഖ്യ യിൽ ഡാറ്റാ എൻട്രി നടത്തുകയുമാണ് ചെയ്യുന്നത്. വിവിധ ബാങ്ക് പാസ്ബുക്കുകൾ പരിശോധിച്ചതിൽ തുക പിൻവലിച്ച് ദിവസങ്ങൾക്ക് ശേഷമാണ് സാംഖ്യയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. ഏതാനും ഉദാഹരണങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം. | അക്കൗണ്ട് വിവരങ്ങൾ | ചെക്ക് നം./ തീയതി | തുക | പാസ്ബുക്ക് പ്രകാരം പിൻവലിച്ച തീയതി | ബാങ്ക് ബുക്ക് പ്രകാരം പിൻവലിച്ച തീയതി |
|---|---|---|---|---|---|
| 1 | പഞ്ചാബ് നാഷണൽ ബാങ്ക് (നം.4262000100079139) | 222953/12.03.19 | 21422 | 12.03.19 | 26.03.19 |
| 2 | | 700143 | 94902 | 05.04.18 | 16.04.18 |
| 3 | | 700145 | 763389 | 06.04.18 | 16.04.18 |
| 4 | | 700170 | 2215138 | 02.07.18 | 12.09.18 |
| 5 | സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ (നം.67149638980) | 915027/16.01.19 | 803203 | 16.01.19 | 30.01.19 |
| 6 | | 915026/16.01.19 | 97000 | 16.01.19 | 30.01.19 |
| 7 | പഞ്ചാബ് നാഷണൽ ബാങ്ക് (നം.4262001200000010) | 607600/04.05.18 | 93912 | 05.05.18 | 21.05.18 |

2. എസ്.ബി.ഐ (അക്കൗണ്ട് നം.67149638980) ബാങ്ക് പാസ് ബുക്ക് പ്രകാരം ചെലവ് വന്നിട്ടുള്ള താഴെ പറയുന്ന തുകകൾ സാംഖ്യയിൽ രേഖപ്പെടുത്തിയിട്ടില്ല.

| ചെക്ക് നം. | ബാങ്ക് പാസ്ബുക്ക്പ്രകാരം തുക പിൻവലിച്ച തീയതി | തുക |
|---|---|---|
| 19077 | 07.09.18 | 6500 |
| 914993 | 22.10.18 | 10068 |
| 932409 | 13.12.18 | 1302 |
| 915033 | 12.03.19 | 107812 |

3. എസ്.ബി.ഐ തനത് ഫണ്ട് അക്കൗണ്ടിൽ നിന്നും അനുവദിച്ച താഴെ പറയുന്ന ചെക്കുകൾ ബാങ്ക് പാസ്ബുക്ക് പ്രകാരം പിൻവലിച്ചതായി കാണുന്നില്ല. എന്നാൽ പ്രസ്തുത അക്കൗണ്ടിന്റെ 2019 മാർച്ച് മാസത്തെ റീകൺസിലിയേഷൻ പത്രിക പ്രകാരം ടിചെക്കുകൾ ബാങ്കിൽ നിന്നും പിൻവലിക്കപ്പെടാത്ത ചെക്കുകളിൽ ഉൾപ്പെട്ടിട്ടില്ല.

| വൗച്ചർ നം. | ചെക്ക് നം. | തുക |
|---|---|---|
| 21800043 | 19117 | 1257 |
| 21800052 | | 40214 |
| 21800089 | 766059 | 8941 |
| 21800146 | 766066 | 12588 |

4. ബാങ്ക് അക്കൗണ്ടുകളുടെ പ്രതിമാസ റീകൺസിലിയേഷൻ സ്റ്റേറ്റ് മെന്റുകളിൽ രേഖപ്പെടുത്തിയിട്ടുള്ള ബാങ്ക് സ്റ്റേറ്റ് മെന്റ് പ്രകാരമുള്ള പ്രതിമാസ നീക്കിയിരിപ്പ് തുകയും യഥാർത്ഥത്തിൽ ബാങ്ക് പാസ്ബുക്കിലെ പ്രതിമാസ നീക്കിയിരിപ്പ് തുകയും പൊരുത്തപ്പെടുന്നില്ല. ബാങ്ക് ബുക്ക് പ്രകാരമുള്ള നീക്കിയിരിപ്പ് തെറ്റായ തുകയുമായിട്ടാണ് പൊരുത്തപ്പെടുത്തിയിട്ടുള്ളത്. ആയതിനാൽ പ്രതിമാസ റീകൺസിലിയേഷൻ പത്രിക

തയ്യാറാക്കിയിരിക്കുന്നത് തെറ്റാണ്. ഏതാനും ഉദാഹരണങ്ങൾ താഴെ ചേർക്കുന്നു.

| ബാങ്ക് അക്കൗണ്ട് | മാസം | പ്രതിമാസ റീകൺസിലിയേഷൻ പത്രിക പ്രകാരമുള്ള പാസ് ബുക്ക് നീക്കിയിരിപ്പ് | ബാങ്ക് പാസ് ബുക്ക് പ്രകാരമുള്ള നീക്കിയിരുപ്പ് |
|---|---|---|---|
| പഞ്ചാബ് നാഷണൽ ബാങ്ക്-4262000100079139 | ഏപ്രിൽ 2018 | 4092808 | 4058481 |
| | മേയ് | 1842205 | 1757428 |
| | ജൂൺ | 2933763 | 2884204 |
| | ജൂലൈ | 4328044 | 2451098 |
| | ആഗസ്റ്റ് | 4114065 | 2236169 |
| സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ-67149638980 | ഏപ്രിൽ 2018 | 1682179 | 1682090 |
| | മേയ് | 2375211 | 2535545 |
| | ജൂൺ | 2072216 | 2492783 |
| | ജൂലൈ | 1846257 | 2265324 |
| | ആഗസ്റ്റ് | 1991245 | 2260729 |
| | സെപ്തംബർ | 1757730 | 2046472 |
| | ഒക്ടോബർ | 2862602 | 2856114 |
| | നവംബർ | 2890868 | 2890396 |
| | ഡിസംബർ | 4965899 | 4986471 |

പ്രതിമാസ റീകൺസിലിയേഷൻ പത്രികയിൽ cheques issed but not presented in to bank എന്ന ഭാഗത്ത് കാണിച്ചിരിക്കുന്ന ചെക്കുകൾ മിക്കവയും ഇഷ്യു ചെയ്ത മാസത്തിൽത്തന്നെ പിൻവലിച്ചവയാണ്. മാത്രമല്ല, ഇപ്രകാരം കാണിച്ചിട്ടുള്ള ചെക്ക് തുകകൾ ബാങ്ക്പാസ് ബുക്ക് പ്രകാരം യഥാർത്ഥത്തിൽ പിൻവലിച്ചിട്ടുള്ള തുകകളുമായി പൊരുത്തപ്പെടുന്നില്ല. ഏതാനും ഉദാഹരണങ്ങൾ താഴെ ചേർക്കുന്നു.(പഞ്ചാബ് നാഷണൽ ബാങ്ക് -തനത്ഫണ്ട്)

| മാസം | ചെക്ക് നമ്പർ/ തീയതി | ബാങ്ക് പാസ് ബുക്ക് പ്രകാരം പിൻവലിച്ച തുക/തീയതി | പ്രതിമാസ റീകൺസിലിയേഷൻ പത്രിക പ്രകാരമുള്ള തുക |
|---|---|---|---|
| ജൂൺ 2018 | 700160/02.06.18 | 4,52,031/04.06.18 | 16,665 |
| സെപ്തംബർ 2018 | 700228/26.09.18 | 68,094/27.09.18 | 5,619 |
| നവംബർ 2018 | 906338/13.11.18 | 42,135/21.11.18 | 44,443 |
| | | | |

| | | | |
|---|---|---|---|
| ,, | 906303/01.10.18 | 12,67,995/01.10.18 | 2,47,722 |
| ഡിസംബർ 2018 | 906391/08.02.19 | 64,830/08.02.18 | 32,415 |
| ,, | 906393/08.02.19 | 39,403/13.02.19 | 20,518 |

5. നഗരസഭയിലെ വിവിധ ആവശ്യങ്ങൾക്കായി ജീവനക്കാർക്ക് നൽകുന്ന അഡ്വാൻസുകൾ, ജീവനക്കാരുടെ ശമ്പളം, പെൻഷൻ, റിക്കവറികൾ മുതലായവ തുടങ്ങിയവ കാഷ് ആയി വിതരണം ചെയ്യുമ്പോൾ ബന്ധപ്പെട്ട ഇനങ്ങളിൽ പേയ്മെന്റ് ആയി കാണിച്ചു കൊണ്ട് സെൽഫ് ചെക്ക് മുഖേന തുക പിൻവലിക്കുകയും പ്രസ്തുത തുക നേരിട്ട് പെറ്റി കാഷ്ബുക്കിൽ വരവ് ഭാഗത്തും തുക വിതരണം ചെയ്യുമ്പോൾ ചെലവ് ഭാഗത്തും രേഖപ്പെടുത്തൽ വരുത്തുകയുമാണ് ചെയ്യുന്നത്. പിൻവലിക്കുന്ന തുകകൾ അതാത് ദിവസങ്ങളിൽ വിതരണം ചെയ്യാൻ സാധിക്കാതെ വരുമ്പോൾ വലിയ തുകകൾ നീക്കിയിരിപ്പായി കാഷ് ചെസ്റ്റിൽ സൂക്ഷിക്കേണ്ടി വരുന്നു. ഉദാഹരണമായി വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി വാങ്ങുന്ന ബൊലേറോ വാഹനത്തിന്റെ പ്രൊഫോർമ ഇൻവോയ്സ് പ്രകാരമുള്ള തുകയായ 8,03,203/- രൂപ 16.01.2019 ന് കാഷ് ആയി പിൻവലിച്ചു. പെറ്റി കാഷ് ബുക്ക് പ്രകാരം തുക ആർക്കും വിതരണം ചെയ്തതായി കാണുന്നില്ല. ടി തുക 22/01/2019ന് നഗരസഭ ഫണ്ടിൽ തിരിച്ചടവാക്കി. അതുവരെ മേൽ തുക നീക്കിയിരിപ്പായി സൂക്ഷിക്കേണ്ടി വന്നു. 01.01.2019 ൽ 369973/- രൂപ , 04.09.2018 ന് 333828/- രൂപ എന്നിങ്ങനെ ഭൂരിഭാഗം ദിവസങ്ങളിലും വലിയ തുകകൾ നീക്കിയിരിപ്പായി കാണുന്നു. എന്നാൽ ഇപ്രകാരം സെൽഫ് ചെക്ക് മുഖേന പിൻവലിക്കുന്ന തുകകൾ സാംഖ്യ കാഷ് ബുക്കിൽ വരവായോ ചെലവായോ രേഖപ്പെടുത്തുന്നില്ല. ഇതിനാൽ സാംഖ്യ കാഷ് ബുക്കിലെ പ്രതിദിന നീക്കിയിരിപ്പിൽ കൗണ്ടർ കളക്ഷൻ തുക മാത്രമേ ഉൾപ്പെടുന്നുള്ളൂ. ഇത് നിലവിലുള്ള ചട്ടങ്ങൾക്ക് വിരുദ്ധമാണ്.(കേരള മുനിസിപ്പാലിറ്റി (അക്കൗണ്ട്സ്) ചട്ടങ്ങൾ, 2007 ചട്ടം5(2)).

മേൽ അപാകതകൾ പരാമർശിച്ച് ഓഡിറ്റ് അന്വേഷണം (41/16.01.2020) നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല.അപാകതകൾക്ക് വ്യക്തമായ വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

<u>ഓഡിറ്റ് ശുപാർശകൾ</u>

1.ഇടപാടുകൾ സാംഖ്യ യിൽ യഥാസമയം രേഖപ്പെടുത്തേണ്ടതും എല്ലാ വൗച്ചറുകൾക്കൊപ്പവും സാംഖ്യ പെയ്മെന്റ് വൗച്ചർ സൂക്ഷിക്കുകയും ചെയ്യേണ്ടതാണ്.

2. ജീവനക്കാരുടെ ശമ്പളം, പെൻഷൻ, റിക്കവറികൾ മുതലായവ കാഷ് ആയി വിതരണം ചെയ്യാതെ നിർബന്ധമായും ബന്ധപ്പെട്ട അക്കൗണ്ടുകളിലേക്ക് ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്യേണ്ടതാണ്. പണമിടമാടുകൾ സാധ്യമാകുന്നിടത്തോളം അക്കൗണ്ട് മുഖേന നൽകേണ്ടതാണ്.

3. സെൽഫ് ചെക്ക് ആയി പിൻവലിക്കുന്ന തുകകൾ സാംഖ്യ യിൽ രേഖപ്പെടുത്തേണ്ടതാണ്.

4. ഇടപാടുകൾ സാംഖ്യ യിൽ രേഖപ്പെടുത്തുന്നതിലും പ്രതിമാസ റികൺസിലിയേഷൻ പത്രിക തയ്യാറാക്കുന്നതിലും അക്കൗണ്ടന്റ് ചുമതലയുള്ള ഉദ്യോഗസ്ഥൻ ശ്രദ്ധ പുലർത്തേണ്ടതും, സെക്രട്ടറി മേൽനോട്ടം വഹിക്കേണ്ടതുമാണ്.

## 1-15 തനത് വരുമാനം ഒന്നിലേറെ ബാങ്ക് അക്കൗണ്ടുകളിലായി സൂക്ഷിക്കുന്നു.

സർക്കുലർ നം.58725/എഫ്.എം 3/2008/ത.സ്വ.ഭ.വ. 26.05.2011 ൽ എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും തനത് വരുമാനം ട്രഷറി അക്കൗണ്ടിനു പുറമെ ഒരു ദേശസാൽകൃത ബാങ്ക്

അക്കൗണ്ടിലോ സഹകരണ ബാങ്ക് അക്കൗണ്ടിലോ മാത്രം നിക്ഷേപിക്കണമെന്നും ഈ ആവശ്യത്തിന് ഒന്നിൽ കൂടുതൽ ബാങ്ക് അക്കൗണ്ടുകൾ നില നിർത്തരുതെന്നും നിഷ്കർഷിക്കുന്നു.
എന്നാൽ നഗരസഭയിൽ ട്രഷറി അക്കൗണ്ടിന് പുറമെ പഞ്ചാബ് നാഷണൽ ബാങ്ക്, ചാവക്കാട് (അക്കൗണ്ട് നം:426200170008948), സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ, ചാവക്കാട് (അക്കൗണ്ട് നം:6714968980) എന്നീ രണ്ട് ബാങ്കുകളിലായി തനത് ഫണ്ട് സൂക്ഷിക്കുന്നു.
2017-18 വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിലും മേൽ അപാകത പരാമർശിച്ചിട്ടുണ്ടെങ്കിലും നാളിതു വരെ പരിഹരിക്കപ്പെട്ടിട്ടില്ല. ആയത് പരിഹരിക്കുവാൻ എത്രയും വേഗം നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-16 ഇടപാടുകൾ ഇല്ലാത്ത അക്കൗണ്ടുകൾ അവസാനിപ്പിക്കേണ്ടതാണ്.

നഗരസഭയുടെ വാർഷികകണക്കിൽ ഉൾപ്പെടുത്തിയിട്ടുള്ള താഴെചേർത്തിട്ടുള്ള അക്കൗണ്ടുകളിൽ വർഷങ്ങളായി ഇടപാടുകൾ നടക്കുന്നില്ല.

| ഫണ്ട് | ബാങ്ക് അക്കൗണ്ട് | തീയതി | തുക |
|---|---|---|---|
| IHSDP | 4262000100096455 PNB, ചാവക്കാട് | 24.4.18 | 14523.95 |
| SSA | 1989101010182, കാനറാബാങ്ക്, ചാവക്കാട് | 31.10.19 | 691942 |
| സാക്ഷരത | 57031835261, SBI | 25.3.19 | 4054 |

ഈ അക്കൗണ്ടുകളിൽ പലിശ ലഭിക്കുന്നുവെന്നല്ലാതെ യാതൊരു ഇടപാടുകളും നടക്കുന്നില്ല. ബാങ്കിടപാടുകൾ ഇല്ലാത്ത അക്കൗണ്ടുകൾ അവസാനിപ്പിച്ച് തനതുഫണ്ടിൽ വരവ് വയ്ക്കുകയോ കേന്ദ്ര, സംസ്ഥാന ഏജൻസികളിൽ നിന്ന് ലഭ്യമായ തുക അതാത് ഏജൻസികളിലേക്ക് തിരിച്ചടവാക്കുകയോ ചെയ്യേണ്ടതാണ്.

## 1-17 മൊബൈൽ ടവറുകളുടെ വസ്തു നികുതികുടിശ്ശിക – ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്

നഗരസഭാ പരിധിയിലുള്ള മൊബൈൽ ടവറുകൾക്ക് വൻ തുക വസ്തു നികുതി കുടിശ്ശിക ഉള്ളതായി കാണുന്നു

ഫയൽ പ്രകാരം നഗരസഭാ പരിധിയിൽ 10 മൊബൈൽ ടവറുകളുണ്ട്. അവയുടെ കുടിശ്ശിക വിവരം (ഓഡിറ്റ് എൻക്വയറി നം 29/15.01.2020 നുള്ള മറുപടി പ്രകാരം ലഭ്യമായത് ) താഴെ ചേർക്കുന്നു

| ക്രമ നം. | സർവ്വീസ് പ്രൊവൈഡർ | കെട്ടിട നം. | കുടിശ്ശിക വിവരം |
|---|---|---|---|
| 1 | ബിഎസ് എൻ എൽ | 27/153 | 161752 |
| 2. | ഭാരതി ഇൻഫ്രാടെൽ | 9/292 | 68850 |
| 3. | ബിഎസ് എൻ എൽ | 18/69 A | 44400 |
| 4. | ഭാരതി ഇൻഫ്രാടെൽ | 22/105 A | 32732 |
| 5 | ഇൻഡസ് ടവേഴ്സ് | 16/1276 B | 28740 |
| | | | |

| | | | |
|---|---|---|---|
| 6 | റിലയൻസ് | 15/185 F | 44748 |

മേൽ കുടിശ്ശിക എത്രയും പെട്ടെന്ന് ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

ബാക്കി 4 ടവറുകളുടെ ഡിമാന്റ്നോട്ടീസ് ലഭ്യമാക്കി കുടിശ്ശിക പിരിച്ചെടുക്കുന്നതാണ് എന്ന് മറുപടിയിൽ പറയുന്നുണ്ട്. ആയതിന്റെ തുടർ നടപടികൾ അറിയിക്കേണ്ടതാണ്.

## 1-18 അനധികൃത കെട്ടിട നിർമ്മാണങ്ങൾ- വസ്തു നികുതി അടവാക്കിയിട്ടില്ല.

നഗരസഭയിലെ അനധികൃത കെട്ടിട നിർമ്മാണങ്ങൾക്ക് കേരള മുൻസിപ്പാലിറ്റി ആക്റ്റ് 242ാം വകുപ്പ് പ്രകാരം വസ്തു നികുതി (വസ്തു നികുതി+ ഇരട്ടി) നിശ്ചയിച്ചിട്ടുണ്ട്. പക്ഷേ ഇത്തരത്തിലുള്ള പല കെട്ടിടങ്ങളും ആയത് അടവാക്കുന്നില്ലെന്നും നികുതി കുടിശ്ശികയുണ്ടെന്നും ഓഡിറ്റ് എൻകചയറിക്ക് (നം.20/14.01.2020) മറുപടി നൽകിയിട്ടുണ്ട്. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം. | പേര് | കെട്ടിട നമ്പർ | വസ്തുനികുതി | കുടിശ്ശിക കാലയളവ് |
|---|---|---|---|---|
| 1. | സുബൈദ, അമ്പലത്തു വീട്ടിൽ | 16/548 UAC | 54690 | 2017-18 2ാം അർദ്ധവർഷം മുതൽ |
| 2. | ദാസൻ, വിജയൻ, സിദ്ധാർത്ഥൻ, രാജൻ | 21/243A (UA) | 66951 | ലഭ്യമല്ല |
| 3. | പി.വി.നൂറുന്നീസ, കുഞ്ഞി ബാവ ഹാജി | 15/76 UAC | 54058 | 2016-17 2ാം അർദ്ധവർഷം മുതൽ |
| 4. | ,, | 15/75 UAC | 5002 | 2016-17 2ാം അർദ്ധവർഷം മുതൽ |
| 5. | ,, | 15/53A UAC | 28497 | 2018-19 1ാം അർദ്ധവർഷം മുതൽ |
| 6. | പ്രസിഡന്റ്, ശ്രീ നാരായണ വിദ്യാനികേതൻ എജ്യൂക്കേഷൻ ചാരിറ്റബിൾ ട്രസ്റ്റ് | 2/288 A UAC | 88860 | 2018-19 1ാം അർദ്ധവർഷം മുതൽ |
| 7. | പ്രസിഡന്റ്, സമുദായ ദീപികാ യോഗം, ചാവക്കാട് മണത്തല വിശ്വ നാഥ ക്ഷേത്രം ട്രസ്റ്റ് | 19/327 A(UAC) | 348267 | 2015-16 1ാം അർദ്ധവർഷം മുതൽ |
| 8. | പ്രസിഡന്റ്, സെക്രട്ടറി മണത്തല വിശ്വ | 18/329 A(UA) | 35286 | 2018-19 1ാം അർദ്ധവർഷം മുതൽ |

| | നാഥ ക്ഷേത്രം ട്രസ്റ്റ് | | | |
|---|---|---|---|---|

കുടിശ്ശിക തുക ഈടാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-19 ഓഡിറ്റോറിയങ്ങളുടെ വസ്തു നികുതി പരിഷ്കരണം-നികുതി പുനർ നിർണ്ണയിച്ചതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്

18/329 UAC-നമ്പർ കല്യാണ മണ്ഡപത്തിന്റെ (പ്രസിഡന്റ് & സെക്രട്ടറി മണത്തല വിശ്വനാഥ ക്ഷേത്രം ട്രസ്റ്റ് ) വസ്തു നികുതി ചതുരശ്രമീറ്ററിന് 12 രൂപ കണക്കാക്കിയാണ് നിശ്ചയിട്ടുള്ളത് (2018-19 ഒന്നാം അർദ്ധവർഷം മുതൽ). എന്നാൽ കല്യാണ മണ്ഡപങ്ങൾക്ക് നഗരസഭ നിശ്ചയിച്ചിരിക്കുന്ന അടിസ്ഥാന വസ്തു നികുതി നിരക്ക് 30 രൂപയാണ്. കുറഞ്ഞ നിരക്കിൽ നികുതി നിശ്ചയിച്ചതിനോടനുബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.36/16.01.2020) 8/11/2018 ലെ 3-ാം നമ്പർ കൗൺസിൽ തീരുമാന പ്രകാരമാണ് നികുതി നിരക്ക് 30 രൂപയായി പുതുക്കി നിശ്ചയിച്ചതെന്നും ടി കെട്ടിടത്തിന്റെ നികുതി നിർണ്ണയ കാലയളവിൽ ചതുരശ്ര മീറ്ററിന് 12 രൂപയായിരുന്നു നിരക്കെന്നും മറുപടി നൽകിയിട്ടുണ്ട്.

സർക്കാർ വിജ്ഞാപന പ്രകാരം നഗരസഭാ പരിധിയിലുള്ള എല്ലാ ഓഡിറ്റോറിയങ്ങൾക്കും ബാധകമായ മിനിമം വസ്തു നികുതി നിരക്ക് 30 രൂപയാണ്. ആയതിനാൽ നഗരസഭയിൽ നികുതി പരിഷ്കരിച്ച തീയതി മുതൽ ടി കെട്ടിടത്തിന്റേതുൾപ്പെടെ എല്ലാ ഓഡിറ്റോറിയങ്ങളുടേയും വസ്തു നികുതി പുനർ നിർണ്ണയിച്ച് വിശദാംശങ്ങൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്

## 1-20 വസ്തു നികുതി കുറവായി ഈടാക്കിയിരിക്കുന്നു

7/167 T നമ്പർ കെട്ടിടം വിഭജിച്ച് പുതിയ നമ്പർ ലഭിക്കുന്നതിനായി മുഹമ്മദ് റാഷിദ് എന്നവർ അപേക്ഷിക്കുകയും 16/571, 16/571(1) എന്നീ പുതിയ നമ്പറുകൾ നൽകി വിഭജിക്കുകയും ചെയ്തു.

ആകെ 122.82 ച.മീ തറ വിസ്തീർണമുള്ള കടമുറി 61.41 ച.മീ വീതമാണ് വിഭജിച്ചത്. അസസ്മെന്റ് രജിസ്റ്റർ പരിശോധിച്ചപ്പോൾ ടി കെട്ടിടത്തിന് 1/2006 മുതൽ 52 ച.മീ തറ വിസ്തീർണം കണക്കാക്കി 40 രൂപ/ച.മീ ആയി 2380/- രൂപയാണ് നികുതി നിശ്ചയിച്ചിരിക്കുന്നത് എന്ന് കാണുന്നു. കൂട്ടിച്ചേർക്കലുകൾ നടത്തിയതായി കാണുന്നില്ലെന്ന് നോട്ട് ഫയലിൽ രേഖപ്പെടുത്തിയിട്ടുണ്ട്. ആയതിനാൽ കെട്ടിടത്തിന് മുൻപ് കുറഞ്ഞ ഏരിയക്ക് മാത്രമാണ് നികുതി ചുമത്തിയിട്ടുള്ളത് എന്നു വ്യക്തമാണ്. ഇക്കാര്യം പരിശോധിച്ച്, ടി കാലയളവിലെ നികുതി പുനർ നിർണ്ണയിച്ച് കുടിശ്ശിക (ഓഡിറ്റ് എൻക്വയറി നം.57/18.01.2020) ഈടാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതാണ്.

## 1-21 വസ്തു നികുതി -മറ്റ് അപാകതകൾ

സ.ഉ (കൈ) നം. 106/17/തസ്വഭവ, 26.05.17 പ്രകാരം വിമുക്ത ഭടൻമാരുടെ 2000 ചതുരശ്ര അടിയിൽ കൂടുതൽ തറ വിസ്തീർണമുള്ള വീടുകൾക്ക് കൂടുതലായി വരുന്ന തറവിസ്തീർണത്തിന് ആനുപാതികമായി, അതത് കാലത്ത് ബാധകമായ വസ്തു നികുതി ഒടുക്കേണ്ടതാണ്. എന്നാൽ താഴെ പറയുന്ന വിമുക്ത ഭടൻമാരുടെ/ഭാര്യമാരുടെ പേരിലുള്ള വാസഗൃഹത്തിന് 2000 ചതുരശ്ര അടിയിൽ കൂടുതലുള്ള തറ വിസ്തീർണത്തിന് ആനുപാതികമായി വസ്തു നികുതി ഈടാക്കിയിട്ടില്ല

| ക്രമ നം | പേര് | കെട്ടിട | ഏരിയ | വസ്തു നികുതി | കാലയളവ് |
|---|---|---|---|---|---|

| | | നമ്പർ | | (കുടിശ്ശിക ഉൾപ്പെടെ) | |
|---|---|---|---|---|---|
| 1 | മോഹനൻ | 25/179 | 219.62 | 1974 | 2017-18 മുതൽ 2019-20 വരെ |
| 2. | അംബിക.ടി | 27/105 | 205 | 894 | 2017-18 മുതൽ 2019-20 വരെ |
| 3. | മുകുന്ദൻ | 22/143A | 226.42 | 958 | 2016-17 മുതൽ 2019-20 വരെ |

നികുതി കുടിശ്ശിക സഹിതം ഈടാക്കേണ്ടതാണ്.

2) 8ാം വാർഡ് അസസ്മെന്റ് രജിസ്റ്റർ പ്രകാരം, രക്ഷാധികാരി, പ്രസിഡന്റ്, സെക്രട്ടറി മമ്മിയൂർ & മുതുവട്ടൂർ മർച്ചന്റ് അസോസിയേഷന്റെ പേരിലുള്ള, ആകെ 610.48 ച.മീ തറ വിസ്തീർണമുള്ള റൂമുകൾക്ക് (വാണിജ്യാവശ്യം) 8/53-1 മുതൽ 8/53-10 വരെ നമ്പർ നൽകി വസ്തു നികുതി നിർണ്ണയിച്ചിട്ടുണ്ട്. എന്നാൽ അനുബന്ധ നമ്പറിങ്ങ് ഫയൽ (BA no. 49/18-19) പ്രകാരം 214.24 ച.മീറ്ററിലുള്ള കെട്ടിടം പണിയുന്നതിനാണ് അനുമതി (നം. E2-BA No. 49/18-19Dated 11.04.18) ലഭിച്ചത്. അധികം പണിതത് ക്രമവത്കരിച്ചതിനോടനുബന്ധിച്ച് രാജിയാക്കൽ ഫീസ് ഈടാക്കിയതിന്റെ വിശദാംശങ്ങൾ പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്.

## 1-22 ബ്ലാങ്ങാട് ബീച്ച് മത്സ്യ മാർക്കറ്റ് -വാടക, ഡെപ്പോസിറ്റ് തുക അടവാക്കിയിട്ടില്ല

ഫയൽ നം. R2-5218/18

ബ്ലാങ്ങാട് ബീച്ച് മത്സ്യ മാർക്കറ്റിലെ 12 സ്റ്റാളുകൾ, യാർഡ്, ടോയ്ലറ്റ് എന്നിവ ലേലം വഴി 2018-19 സാമ്പത്തിക വർഷം വാടകക്ക് നൽകിരുന്നുവെങ്കിലും താഴെ പറയുന്നവർ പ്രതിമാസ വാടക അടവാക്കുകയോ റെന്റ് ഡെപ്പോസിറ്റ് പൂർണ്ണമായും അടവാക്കുകയോ ചെയ്തിട്ടില്ല. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

a) പ്രതിമാസ വാടക അടവാക്കാത്തവർ

വാടക അടക്കേണ്ടത് -01/19 മുതൽ നാളിതുവരെ

| പേര് | സ്റ്റാൾ നം | നിശ്ചയിച്ച വാടക | റിമാർക്സ് |
|---|---|---|---|
| മണികണ്ഠൻ | 1 | 4500 | - |
| നസീർ ടി എച്ച് | 3 | 4500 | 01/19 ൽ മാത്രം അടവാക്കി |
| അനിൽ കുമാർ | 8 | 4000 | |
| ബുഷ്റ | 10 | 4000 | |
| ഫസലുദ്ധീൻ | 11 | 4000 | |

| | | | |
|---|---|---|---|
| അബു | 12 | 4000 | |

b) സ്റ്റാളുകൾക്ക് നിശ്ചിത വാടക ചുമത്തി ലേലം വഴി കൂടിയ നിരക്കിൽ റെന്റ് ഡെപ്പോസിറ്റ് കോട്ട് ചെയ്തവർക്കാണ്. ഫയൽ നം. R2-5218/18 ഫയൽ പ്രകാരം റെന്റ് ഡെപ്പോസിറ്റ് തുകയുടെ 1/3 ഭാഗം ലേലതീയതിയിലും ബാക്കി തുക 5 തുല്യഗഡുക്കളായി മാർച്ച് 2019 നകവും അടവാക്കേണ്ടതായിരുന്നു. എന്നാൽ താഴെ പറയുന്നവർ റെന്റ് ഡെപ്പോസിറ്റ് തുക പൂർണ്ണമായും അടവാക്കിയിട്ടില്ല

| പേര് | സ്റ്റാൾ നം | റെന്റ് ഡെപ്പോസിറ്റ് | നാളിതുവരെ അടവാക്കിയ തുക |
|---|---|---|---|
| മണികണ്ഠൻ.സി.പി | 1 | 606000 | 337000 |
| നസീർ ടി എച്ച് | 3 | 601000 | 334000 |
| അനിൽ കുമാർ | 8 | 150500 | 84500 |
| കെ.കെ കുഞ്ഞമ്പു/ബുഷ്റ | 10 | 150500 | 84500 |
| ഫസലുദ്ധീൻ | 11 | 150500 | 84500 |
| അബു | 12 | 150500 | 84500 |
| സുബ്രമണ്യൻ കെ.വി | 2 | 605000 | 337000 |
| സുദർശൻ | 7 | 200500 | 199500 |

യാർഡ്, ടോയ്‌ലറ്റ് എന്നിവ ലേലം കൊണ്ട നസീർ.ടി.എച്ച് റെന്റ് ഡെപ്പോസിറ്റ് തുകയായ 231000/- രൂപയിൽ 169400/- രൂപ മാത്രമാണ് അടവാക്കിയത്. വീഴ്ച വരുത്തിയവർക്ക് നോട്ടീസ് നൽകിയതായും, നിലവിലെ ഡെപ്പോസിറ്റിൽ നിന്നും വാടക ഈടാക്കുന്നതിനും ലൈസൻസ് റദ്ദു ചെയ്യുന്നതിനുള്ള തുടർ നടപടികൾ സ്വീകരിച്ചു വരുന്നതായും ഓഡിറ്റ് എൻക്വയറി നം.19/14.01.2020 നുള്ള മറുപടിയിൽ പറയുന്നു. തുടർനടപടി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-23 കുത്തക ലേലം - വാടക കുടിശ്ശിക - കൗൺസിൽ തീരുമാന പ്രകാരമുള്ള നടപടികൾ പൂർത്തീകരിച്ചിട്ടില്ല

1) 18.06.18 ലെ 15ാം നമ്പർ കൗൺസിൽ തീരുമാനപ്രകാരം ശ്രീ.സുധീരൻ (2016-17 പരസ്യ നികുതി പിരിവ് ) ബെന്നി (2017-18 പച്ചക്കറി മാർക്കറ്റ് ഫീസ് പിരിവ്, ശ്രീ.ഷുക്കൂർ (2016-17 ടാക്സി സ്റ്റാന്റ് പിരിവ്) ശ്രീ.അൽഅമീൻ (ബസ് സ്റ്റാന്റിനകത്തെ ടി.വി പരസ്യം), ശ്രീ.സജീഷ്.കെ.എസ് (പരസ്യ നികുതി) എന്നവരുടെ കുടിശ്ശിക ശ്രീ.ഷുക്കൂറിന്റേതൊഴികെ റവന്യൂ റിക്കവറി നടപടികൾ വഴി ഈടാക്കുന്നതിന് തീരുമാനിച്ചിരുന്നു. ആയത് നാളിതുവരെ ഈടാക്കിയിട്ടില്ല. വ്യക്തികളുടെ കൃത്യമായ സ്ഥല വിവരങ്ങൾ ലഭിക്കാത്തതിനാലാണ് തുടർ നടപടികൾ വൈകുന്നതെന്ന് ഓഡിറ്റ് എൻക്വയറിക്ക് (നം,20/14.01.2020) മറുപടി നൽകിയിട്ടുണ്ട്. എത്രയും പെട്ടെന്ന് ആയത് ലഭ്യമാക്കി, കുടിശ്ശിക തുക ഈടാക്കേണ്ടതാണ്.

2) പഴയ മുൻസിപ്പൽ ഓഫീസ് കെട്ടിടത്തിലെ 22/80, ബസ് സ്റ്റാന്റ് കെട്ടിടത്തിലെ (പുതിയത്) 7/16 J എന്നീ മുറികൾ 2018-19 ൽ വാടകക്ക് നൽകിയിട്ടില്ല. ആയത് ലേലം ചെയ്ത് വാടകക്ക് നൽകുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

3) വാടക രജിസ്റ്റർ പ്രകാരം 168937/- രൂപ 18-19 ലെ വാടക കുടിശ്ശിക ഉണ്ട്. എന്നാൽ മപ്രകാരം പിന്നീട് നികുതി കുടിശ്ശിക ഈടാക്കിയതായും നിലവിൽ കഫേശ്രീ റസ്റ്റോറന്റ്(നം.22/804 ബി), ശ്രീമതി.ശാലിനി (നം.7/16 എച്ച്) ബാപ്പുട്ടി (നം.22/808) എന്നവർക്കു മാത്രമാണ്

കുടിശ്ശികയുള്ളതെന്നും അറിയിച്ചിട്ടുണ്ട്. കുടിശ്ശിക ഈടാക്കുന്നതിന് ബൈലോ പ്രകാരമുള്ള നടപടികൾ സ്വീകരിക്കേണ്ടതും കുടിശ്ശിക അടവാക്കിയതിന്റെ വിശദാംശങ്ങൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതുമാണ്.

## 1-24 അക്കൗണ്ടിംഗ് അസിസ്റ്റന്റ് നിയമനം -- വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല.-ചെലവ് നിരാകരിക്കുന്നു.

ചാവക്കാട് നഗരസഭയുടെ വാർഷികകണക്കുകൾ തയ്യാറാക്കുന്നതിന് ഒരു അക്കൗണ്ടിംഗ് അസിസ്റ്റന്റിനെ (ശ്രീമതി.സുമതി) ദിവസവേതനത്തിൽ നിയമിച്ചിട്ടുണ്ട്. പ്രതിദിനം 1250/- രൂപ നിരക്കിലാണ് വേതനം നൽകുന്നത്. ദിവസവേതനം നിരക്ക് നിശ്ചയിച്ച ജി.ഒ(പി)നം.112/2018 ധന.തീയതി.21/07/2018 (01.07.2018 മുതൽ പ്രാബല്യം) പ്രകാരം ഈ നിരക്ക് നൽകാവുന്ന ഒരു വിഭാഗം പോലും ഇല്ല. ആയതിനാൽ ഈ നിരക്കിന്റെ കൃത്യത ഉറപ്പാക്കാൻ സാധിച്ചിട്ടില്ല.

2018-19 സാമ്പത്തികവർഷം ഈയിനത്തിൽ 117500/- രൂപ ചെലവഴിച്ചിട്ടുണ്ട്.

സർക്കാർ ഉത്തരവ് (എം എസ്)നം..182/2012/തസ്വഭവ തീയതി.30.06.2012 പ്രകാരം സാംഖ്യ സോഫ്റ്റ് വെയർ ഉപയോഗിച്ച് അക്കൗണ്ട്സ് തയ്യാറാക്കുന്നതിന് മുനിസിപ്പാലിറ്റികളിൽ അക്കൗണ്ടന്റുമാരുടെ തസ്തിക സൃഷ്ടിച്ചിട്ടുണ്ട്. ഈ ഉത്തരവ് പ്രകാരം നിലവിലുള്ള ഒരു യു.ഡി.ക്ലർക്ക് തസ്തിക അപ്ഗ്രേഡ് ചെയ്ത് അക്കൗണ്ടന്റ് തസ്തിക സൃഷ്ടിച്ചിട്ടുണ്ട്. ഇപ്രകാരം സൃഷ്ടിക്കുന്ന അക്കൗണ്ടന്റ് തസ്തികയിൽ യു.ഡി ക്ലർക്കിന് സ്ഥാനക്കയറ്റം നൽകി നിലവിൽ ഹെഡ്ക്ലർക്ക് / റവന്യൂ ഇൻസ്പെക്ടർ തസ്തികക്ക് സമാനമായ 14620–25280 എന്ന ശമ്പളസ്കെയിൽ നിർണ്ണയിച്ച് നൽകുവാനും ഉത്തരവായിട്ടുണ്ട്.

നഗരസഭയിൽ അക്കൗണ്ടന്റ് തസ്തികയിൽ ജീവനക്കാരെ നിയമിച്ചിട്ടുണ്ടെങ്കിലും സാമ്പത്തിക ഇടപാടുകൾ രേഖപ്പെടുത്തുവാൻ ദിവസവേതനത്തിൽ നിയമിച്ച വ്യക്തിയെ ആണ് നിയോഗിച്ചിട്ടുള്ളത്. ആയതിനാൽ ഇടപാടുകൾ കഴിഞ്ഞ് ദിവസങ്ങൾക്കുശേഷമാണ് ആയത് സാംഖ്യയിൽ ഉൾപ്പെടുത്തുന്നത്. യഥാർത്ഥത്തിൽ ഡാറ്റാ എൻട്രി ആണ് നഗരസഭയിൽ നടത്തുന്നത്.

നിയമനം നടത്തിയ ഭരണസമിതി തീരുമാനം, നിയമനരീതിയുടെ വിവരം, സർക്കാർ ഉത്തരവ്, നിയമനഉത്തരവ്, ഏത് ഒഴിവിലേക്കാണ് നിയമിച്ചത് എന്നീ വിവരങ്ങൾ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (47/17.01.2020) മറുപടി ലഭ്യമാക്കിയിട്ടില്ല.

ഒരു അംഗീകൃതഒഴിവിൽ മാത്രമാണ് ദിവസവേതനത്തിന് വ്യക്തികളെ നിയമിക്കാവൂ. എന്നാൽ നഗരസഭയിൽ നിലവിൽ ഒഴിവില്ലാത്ത തസ്തികയിലേക്കാണ് നിയമനം നടത്തിയിട്ടുള്ളത്.

അക്കൗണ്ടിംഗ് അസിസ്റ്റന്റ് തസ്തികക്കായി ചെലവഴിച്ച തുക 117500/- രൂപ ഓഡിറ്റിൽ അംഗീകരിക്കുന്നില്ല.

## 1-25 ലീഗൽ ചാർജ്ജസ്- സ്രോതസ്സിൽ നിന്ന് ആദായ നികുതി ഈടാക്കിയിട്ടില്ല,സാധൂകരണം തേടിയിട്ടില്ല.

ബഹു.സുപ്രീം കോടതിയിൽ അപ്പീൽ നൽകുന്നതിന് ലക്ഷ്മീഷ് കമ്മത്ത് എന്ന അഡ്വക്കറ്റിന് ലീഗൽ ചാർജിനത്തിൽ 2,22,000/- രൂപ നൽകിയിട്ടുണ്ട് (വൗച്ചർ നമ്പർ 17/05.18.19). 18-2-16 ലെ സ.ഉ.36/16 ത.സ്വ.ഭ.വ. പ്രകാരം അൻപതിനായിരം രൂപയിൽ അധികമായി നൽകുന്ന ലീഗൽ ചാർജ്ജുകൾക്ക് സർക്കാർ അനുമതി ആവശ്യമാണ്. കൂടാതെ ഇൻകം ടാക്സ് ആക്റ്റ് 194 ജെ. പ്രകാരം 30000/- രൂപയിൽ അധികമായി നൽകുന്ന ഫീസ് തുകയുടെ 10

ശതമാനം ആദായ നികുതി പിടിച്ച് അടവാക്കേണ്ടതായിരുന്നു. എന്നാൽ ആയത് അടവാക്കിയിട്ടില്ലെന്ന് പരിശോധനയിൽ കാണുന്നു. മേലിൽ ആയത് വീഴ്ച വരുത്താതെ ഈടാക്കാൻ ശ്രദ്ധിക്കേണ്ടതാണ്. കൂടാതെ സ്യൂട്ട് രജിസ്റ്ററിൽ മേൽ പറഞ്ഞിരിക്കുന്ന വിവരങ്ങൾ വിവരങ്ങൾ കൃത്യമായി രേഖപ്പെടുത്തി ഉത്തരവാദിത്തപ്പെട്ട ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.

# 1-26 മുൻകൂറുകൾ സമയബന്ധിതമായി ക്രമീകരിച്ചിട്ടില്ല.

മുൻകൂർ രജിസ്റ്റർ പരിശോധിച്ചതിൽ 2018-19 വർഷത്തിൽ ക്രമീകരിക്കാൻ അവശേഷിക്കുന്ന 135658/- രൂപ നാളിതുവരെയായി ക്രമീകരിച്ചിട്ടില്ലായെന്ന് കാണുന്നു. ടി കാര്യത്തിന് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് ലഭ്യമാക്കിയ മറുപടി പ്രകാരം ക്രമീകരിക്കാൻ അവശേഷിക്കുന്ന മുൻകൂറുകൾ ക്രമീകരിക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കുമെന്നറിയിച്ചിട്ടുണ്ട്. ജി.ഒ(പി)419/11 ധന 4/10/11 കെ.എഫ്.സി അനുചേദം 99 പ്രകാരം താൽകാലിക അഡ്വാൻസുകൾ കൈപ്പറ്റി മൂന്ന് മാസത്തിനകം ഫൈനൽ ബിൽ സമർപ്പിക്കണം. ബിൽ സമർപ്പിച്ചിട്ടും പൂർണ്ണമായും വിനിയോഗിക്കാത്ത അഡ്വാൻസ് തുകക്ക് 18 ശതമാനം നിരക്കിൽ പലിശ ഈടാക്കേണ്ടതും, സമയ പരിധിക്കകം അഡ്ജസ്റ്റ്മെന്റ് ബിൽ സമർപ്പിച്ചിട്ടില്ലെങ്കിൽ മുഴുവൻ മുൻകൂർ തുകയും അടിയന്തിരമായി തിരിച്ചുപിടിക്കാൻ നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

# 1-27 വാഹന പരിപാലനം അപാകതകൾ

നഗരസഭയിൽ ഉപയോഗത്തിലിരിക്കുന്ന കെ.എൽ.46/ബി-7225 ബൊലറോ ജീപ്പ്, കെ.എൽ-46/ എഫ്-230 സ്വിഫ്റ്റ് കാർ, കെ.എൽ-46/എഫ് 7473, കെ.എൽ-46/ 9457 ട്രാക്ടറുകൾ എന്നിവയുടെ ലോഗ് ബുക്ക് പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ കണ്ടെത്തി.

1) ലോഗ് ബുക്ക് ഉത്തരവാദിത്തപ്പെട്ട ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തിയിട്ടില്ല.

2) ഇന്ധനക്ഷമതാ സാക്ഷ്യപത്രം ലോഗ് ബുക്കിൽ പതിച്ച് സൂക്ഷിച്ചിട്ടില്ല

3) വാഹന ഉപയോഗത്തെ കുറിച്ചുള്ള പ്രതിമാസ സംക്ഷിപ്തവും, വാഹനത്തിൽ ഇന്ധനം നിറക്കുന്നതും ഉത്തരവാദിത്തപ്പെട്ട ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തിയിട്ടില്ല.

കെ.എൽ.46.ബി-7225 ബൊലറോ ജീപ്പ് 2,20,000 കിലോമീറ്ററിലധികം ഉപയോഗിച്ചതായും ടി.വാഹനത്തിന്റെ കഴിഞ്ഞ മൂന്ന് വർഷങ്ങളിലെ റിപ്പയർ ചെലവുകൾ മതിപ്പ് വിലയേക്കാൾ അധികരിക്കുന്നതായും കാണുന്നു. ഇക്കാര്യത്തിൽ 10/5/76 ലെ ജി.ഒ.(എം.എസ്)110/76 പ്രകാരം വാഹനം കണ്ടം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്ന് ഓഡിറ്റ് അഭിപ്രായപ്പെടുന്നു.

വാഹന ഉപയോഗത്തെ സംബന്ധിച്ച ചട്ടം അനുശാസിക്കും പ്രകാരം സൂക്ഷിക്കേണ്ട രജിസ്റ്ററുകൾ കൃത്യമായി എഴുതി സൂക്ഷിക്കേണ്ടതും ഉത്തരവാദിത്തപ്പെട്ട ഉദ്യോഗസ്ഥൻ ആയത് സാക്ഷ്യപ്പെടുത്തേണ്ടതുമാണ്.

# 1-28 വെള്ളക്കരം -സംയുക്ത പരിശോധന നടപടികൾ എത്രയും വേഗം പൂർത്തിയാക്കണം.

നഗരസഭയിൽ നിലവിലുള്ള 238 പൊതുടാപ്പുകളുടെ വെള്ളക്കരമിനത്തിൽ തൻമാസ ഡിമാന്റും കുടിശ്ശികയും പിഴയും സഹിതം 3,17,95,634/- രൂപയുടെ ഡിമാന്റ് കേരള വാട്ടർ അതോരിറ്റിയിൽ നിന്ന് ലഭിച്ചിട്ടുള്ളതും 1,56,366/- രൂപ അടവാക്കിയിട്ടുള്ളതുമാണ്. ഇത്രയും വലിയ തുകയ്ക്കുള്ള ഡിമാന്റ് ലഭിക്കാനുള്ള സാഹചര്യം വ്യക്തമാക്കാനാവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് ലഭ്യമാക്കിയ

മറുപടി പ്രകാരം 25-3-11 തിയ്യതി നടത്തിയ സംയുക്ത പരിശോധനയിൽ ഉപയോഗശൂന്യമായി കണ്ടെത്തിയ 114 ടാപ്പുകളുടെ കരം നാളിതുവരെയായി ഒഴിവാക്കിയിട്ടില്ലെന്നും ആയത് ഒഴിവാക്കുന്നതിനായി വാട്ടർ അതോറിറ്റിക്ക് കത്ത് നൽകിയെങ്കിലും അനുകൂല നടപടികൾ ഉണ്ടായിട്ടില്ലെന്നും ഈ സാഹചര്യത്തിൽ ബഹു ചെയർമാന്റെ നിർദ്ദേശ പ്രകാരം വാട്ടർ അതോറിറ്റിയുമായി ചേർന്ന് പരിശോധന നടത്തുന്നുണ്ടെന്നും ആയത് പൂർത്തിയായ ശേഷം ഉപയോഗശൂന്യമായ പൊതുടാപ്പുകൾ ഒഴിവാക്കി പ്രവർത്തനക്ഷമമായ പൊതുടാപ്പുകൾക്ക് മാത്രം കരം അടവാക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. ടി നടപടികൾ എത്രയും പെട്ടെന്ന് പൂർത്തിയാക്കേണ്ടതും വൻ തുക കുടിശ്ശിക ഡിമാന്റ് വരുന്ന സാഹചര്യം ഒഴിവാക്കേണ്ടതുമാണ്.

## 1-29 വൗച്ചറുകൾ പരിശോധനക്ക് ഹാജരാക്കിയില്ല

2018-19 സാമ്പത്തിക വർഷത്തിൽ താഴെ പറയുന്ന വൗച്ചറുകൾ പരിശോധനക്കായി ഹാജരാക്കിയിട്ടില്ല.

ഏപ്രിൽ 2018 – 20, 22, 23, 28, 38, 39

മേയ് 2018 - 51, 61

ജൂൺ 2018 - 3, 4, 8, 47, 59, 60, 84, 89

ജൂലായ് 2018 - 1, 28, 38, 42, 55, 60, 86

ആഗസ്റ്റ് 2018 - 10, 21, 30, 40, 41, 43, 44, 45, 46, 47, 53, 54, 55, 62, 65

സെപ്റ്റംബർ 2018 - 12, 31, 37, 39, 41, 42, 47

ഒക്ടോബർ 2018 - 3, 31, 32, 33, 35, 41, 42, 47, 68, 75

നവംബർ 2018 - 19, 59

ഡിസംബർ 2018 - 28, 29, 32, 34, 68, 69, 77, 97

ജനുവരി 2019 - 7, 12, 22, 25, 27, 41, 42, 56, 57

ഫെബ്രുവരി 2019 - 3, 6, 28, 38, 40, 56, 58, 59, 63, 65, 66, 67

## 1-30 താലൂക്ക് ആശുപത്രി വികസനം -മാസ്റ്റർ പ്ലാൻ -തുടർ പ്രവർത്തനങ്ങൾ ഊർജ്ജിതപ്പെടുത്തണം.

താലൂക്ക് ആശുപത്രി വികസനത്തിനായി മുപ്പത് കോടി രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുള്ളതും ആയതിന്റെ മാസ്റ്റർപ്ലാൻ തയ്യാറാക്കി നൽകുന്നതിനായി ജിറ്റ്പാക്ക് എന്ന സ്ഥാപനവുമായി കരാറിലേർപ്പെട്ടിട്ടുള്ളതും ആയതിലേക്ക് വൗച്ചർ നം. 23/5-18-19 തിയ്യതി 5-10-18 പ്രകാരം 354000/- രൂപ മുൻകൂറായി നൽകിയിട്ടുള്ളതുമാണ്. ടി തുകക്ക് ഇൻകം ടാക്സ് ആക്റ്റ് 194 j പ്രകാരം ആദായ നികുതി ഈടാക്കിയിട്ടില്ല. ഇതുമായി നൽകിയ ഓഡിറ്റ് അന്വേഷണത്തിന് ലഭ്യമാക്കിയ മറുപടി പ്രകാരം ബാക്കി നൽകാനുള്ള തുകയിൽ നിന്ന് ആദായ നികുതി ഈടാക്കുമെന്നറിയിച്ചിട്ടുണ്ട്. ആയത് വീഴ്ച്ച വരുത്താതെ ഈടാക്കേണ്ടതാണ്.

ജിറ്റ്പാക്ക് നാളിതു വരെയായി ഡി.പി.ആർ തയ്യാറാക്കി നൽകിയിട്ടില്ലെന്ന് ഫയൽ പരിശോധിച്ചതിൽ നിന്ന് മനസ്സിലാക്കുന്നു. ഇതുമായി നൽകിയ ഓഡിറ്റ് അന്വേഷണത്തിന് ലഭ്യമാക്കിയ മറുപടി പ്രകാരം ഡ്രാഫ്റ്റ് മാസ്റ്റർ പ്ലാൻ തയ്യാറാക്കി നൽകിയിട്ടുണ്ടെന്നും

ആയതിന്റെ പ്രസന്റേഷൻ നടത്തിയിട്ടുണ്ടെന്നും അറിയിച്ചിട്ടുണ്ട്. ഡി.പി.ആർ എത്രയും വേഗം തയ്യാറാക്കി നൽകുവാൻ ജിറ്റ്പാക്കിനോട് ആവശ്യപ്പെടേണ്ടതാണ്.

പദ്ധതിക്കായി വലിയ തുകയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുള്ള സാഹചര്യത്തിൽ ആയതിന്റെ ലഭ്യതയെ കുറിച്ചുള്ള ഓഡിറ്റ് അന്വേഷണത്തിന് സംസ്ഥാന സർക്കാരിന്റെ കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്താൻ കത്ത് നൽകിയിട്ടുണ്ടെന്നാണറിയിച്ചിട്ടുള്ളത്.

മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നതിനായി വലിയ തുകക്കുള്ള ചെലവ് വന്നിട്ടുള്ളതിനാൽ താലൂക്ക് ആശുപത്രി വികസനത്തിന്റെ തുടർ പ്രവർത്തനങ്ങൾ ഊർജ്ജിതപ്പെടുത്തേണ്ടതാണ്.

# 1-31 വാഹനം വാങ്ങൽ - പദ്ധതി നടത്തിപ്പിലെ അപാകതകൾ

സെക്രട്ടറി നിർവഹണഉദ്യോഗസ്ഥനായി രണ്ട് പദ്ധതികളാണ് വാഹനങ്ങൾ വാങ്ങുന്നതിനായി നടപ്പിലാക്കിയത്.

1. S183/19-നഗരസഭക്ക് പുതിയ വാഹനം (നഗരസഭ എഞ്ചിനീയറിംഗ് വിഭാഗത്തിന് )

ഫയൽ -- E3-5999/18

ബിൽ നം. – CB32/19(183/19)/27.01.2019---803203

ബിൽ നം. – CB38/19(183/19)/27.03.2019---160323

GeM പോർട്ടൽ വഴി Mahindra and Mahindra യിൽ നിന്നാണ് Bolero ZL2WDPS വാങ്ങിയത്.(KLT5377)

ഇത് സംബന്ധിച്ച അപാകതകൾ താഴെ ചേർക്കുന്നു.

i) വാഹനം സ്റ്റോക്കിലെടുത്ത് നഗരസഭ എഞ്ചിനീയറിംഗ് കൈമാറിയ വിവരം ലഭ്യമാക്കിയിട്ടില്ല. വാഹനരജിസ്റ്റർ ഹാജരാക്കിയിട്ടില്ല.

ii) വാഹനവില നൽകുന്നതിനും രജിസ്ട്രേഷൻ മുതലായ ചെലവുകൾക്കും തനതുഫണ്ടിൽ നിന്ന് മുൻകൂറായി തുക പിൻവലിച്ചു.

| വൗച്ചർ നം | ചെക്ക് നം. | തുക |
|---|---|---|
| 97/12-18/28.12.2018 | 915014/28.12.2018 | 75000രൂപ |
| 41/1-19/16.1.2019 | 915026/16.1.2019 | 97000രൂപ |
| 42/1-19/16.01.2019 | 915027/16.01.2019 | 803203രൂപ |

ഈ തുകകൾ ശ്രീ.അബ്ദുൾകരീം മേച്ചേരി (FGO) എന്ന ജീവനക്കാരന്റെ പേരിൽ മുൻകൂറായി അനുവദിച്ചതായി ഫയലിൽ ചേർത്തിട്ടുണ്ട്. എന്നാൽ തുക സെൽഫ് ചെക്ക് മുഖേന പിൻവലിച്ചു. സാംഖ്യ കാഷ്ബുക്കിൽ തുക ചേർത്തില്ല. പെറ്റികാഷ്ബുക്കിൽ ചേർത്ത് കാഷ്ചെസ്റ്റിൽ സൂക്ഷിച്ചു. പിന്നീട് ജീവനക്കാരന്റെ ഒപ്പ് വാങ്ങി കൈമാറി. പാസ്ബുക്ക് പ്രകാരം തുക 16.01.2019ന് പിൻവലിക്കപ്പെട്ടുവെങ്കിലും (SBI-67149638980) ബാങ്ക് ബുക്കിൽ ചേർത്തത് 30.01.2019നാണ്. ഇടപാട് കഴിഞ്ഞ് ദിവസങ്ങൾക്കുശേഷമാണ് ബാങ്ക് ബുക്കിൽ രേഖപ്പെടുത്തിയിട്ടുള്ളത്.

വാഹനവിലയായ 803203/- രൂപ ചെലവഴിച്ചില്ലെന്ന കാരണത്താൽ 22.01.2019ന് (രസീത് നം.--01/118010116179) തനതുഫണ്ടിൽ Mis.Advance refund ആയി തിരിച്ചടച്ചു. ദിവസങ്ങളോളം തുക കാഷ് ആയി സൂക്ഷിച്ചിരുന്നു.

പിന്നീട് വാഹനവില ട്രഷറി ബിൽ വഴി സ്ഥാപനത്തിന് കൈമാറി. രജിസ്ട്രേഷനും മറ്റു ചെലവുകൾക്കുമുള്ള തുക പിൻവലിച്ച് തനതുഫണ്ടിൽ റീകൂപ്പ് ചെയ്തു.

ഇതുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ്എൻക്വയറിക്ക് (26/14.01.2020.) GeM മുഖേന വാങ്ങുന്ന വാഹനത്തിന് 10 ദിവസത്തിനുള്ളിൽ തുക അനുവദിച്ചില്ലെങ്കിൽ നഗരസഭ പലിശ നൽകേണ്ടിവരും എന്നതിനാലും വികസനഫണ്ടിൽ അലോട്ട്മെന്റ് ഇല്ലാത്തതിനാലും ആണ് തനതുഫണ്ട് പിൻവലിച്ചത് എന്നാണ് മറുപടി ലഭ്യമാക്കിയത്. എന്നാൽ അപ്രകാരം തുക Mahindra and Mahindraക്ക് ചെക്കായി കൈമാറി വികസനഫണ്ട് ലഭിക്കുന്ന മുറക്ക് റീകൂപ്പ് ചെയ്യാമായിരുന്നു. എന്നാൽ നഗരസഭ തുക പണമായി പിൻവലിച്ച് സൂക്ഷിച്ചു. ഇത് ധനദുർവിനിയോഗത്തിന് കാരണമാകുന്നു.

iii) വാഹന ഇൻഷുറൻസ് (40956/- രൂപ) സർക്കാരിന്റെ ഇൻഷുറൻസ് വകുപ്പിലല്ല മറിച്ച് ന്യൂ ഇന്ത്യ അഷ്വറൻസ് കമ്പനിയിലാണ് അടവാക്കിയത്.

2. S139/19—ചാവക്കാട് നഗരസഭ മാലിന്യസംരക്ഷണത്തിന് പിക്കപ്പ് വാഹനം വാങ്ങൽ

ഫയൽ -- H3(H)--5656/18

ബിൽ നം.-- CB29/19(S.139/19)/15.12.2018–664178

Mahindra and Mahindra യിൽ നിന്ന് Bolero Camper Gold VX2WD വാങ്ങി. (KL46T4340)

വാഹനം രജിസ്റ്റർ ചെയ്ത് കൈമാറിയ വിവരം ഇല്ല. വാഹനരജിസ്റ്റർ ലഭ്യമാക്കിയിട്ടില്ല. ലോഗ്ബുക്ക് ലഭ്യമാക്കിയിട്ടില്ല.

വാഹന ഇൻഷുറൻസ് (24506/- രൂപ) സർക്കാർ വകുപ്പിലല്ല, മറിച്ച് New India Assurance Company എന്ന സ്ഥാപനത്തിലാണ് അടവാക്കിയത്.

അപാകതകൾ പരിഹരിക്കേണ്ടതാണ്. അക്കൗണ്ടിംഗിൽ കൂടുതൽ ശ്രദ്ധ പുലർത്തി 1000/- രൂപക്ക് മുകളിലുള്ള ഇടപാടുകൾ ചെക്ക്/ബാങ്ക് ട്രാൻസ്ഫർ മുഖേന നടത്തേണ്ടതാണ്.

## 1-32 ഖരമാലിന്യസംസ്കരണ പദ്ധതി തൻവർഷം നടപ്പാക്കിയില്ല.

സെക്രട്ടറി നിർവഹണ ഉദ്യോഗസ്ഥനായ S285/19-- ചാവക്കാട് നഗരസഭ -- സ്വച്ഛ്ഭാരത് മിഷൻ(നഗരം) – ഖരമാലിന്യസംസ്കരണ പദ്ധതി തൻവർഷം നടപ്പാക്കിയില്ല.

ഫയൽ -- H3-12837/18,H3-9494/16

മാലിന്യസംസ്കരണത്തിനായി 21588117/- രൂപ അടങ്കലിൽ പദ്ധതി രൂപീകരിച്ചു.

| ഇനം | എണ്ണം | വകയിരുത്തിയ തുക |
|---|---|---|
| Biogas plant0.5m3 | 182 | 1911000 |
| Biogas plant0.75m3 | 546 | 6552000 |
| Biogas plant1.0m3 | 182 | 2457000 |
| Ring compost | 910 | 2275000 |
| Kitchen Bin | 7278 | 2983980 |
| Aerobic Bin (Public Place) | 36 | 3600000 |
| VGF 32Ward | 32 | 1483200 |
| Sanitary Napkin vending machine, Destroyer | | 178000 |
| DPR fee | | 147937 |

കേന്ദ്രഫണ്ട് 35%, സംസ്ഥാനഫണ്ട് 23.3%, നഗരസഭ 41.7% എന്നിങ്ങനെയാണ് വിഭവസ്രോതസ്. രണ്ട് പദ്ധതികളിലായി ബഹുവർഷപ്രോജക്ടായാണ് പദ്ധതി ആസൂത്രണം ചെയ്തത്.

കേന്ദ്ര, സംസ്ഥാന വിഹിതമായി 58.3%ന്റെ 50% തുകയുടെ 75% 4719763/- രൂപ 28.11.2018 ന് ലഭിച്ചിട്ടുണ്ട്. ആയത് ICICI ബാങ്കിന്റെ അക്കൗണ്ട് നം.075505000494 ൽ നിക്ഷേപിച്ചിട്ടുണ്ട്.

31.3.2019 ന് അക്കൗണ്ടിൽ 5891626/- രൂപ ബാക്കിയുണ്ട്. ലഭ്യമാക്കിയ തുക എത്രയും വേഗം ചെലവഴിച്ച് വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കുന്ന പക്ഷം 2018-19 ൽ തന്നെ രണ്ടാംഗഡു ലഭ്യമാക്കാം എന്ന് ശുചിത്വമിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർ 26.11.18 നും 07.03.2019നും അറിയിച്ചിരുന്നു.

ശുചിത്വമിഷനിൽ നിന്ന് അനുമതി ലഭിക്കുവാൻ കാലതാമസം നേരിട്ടതിനാൽ 2018-19 ൽ പദ്ധതി നടപ്പാക്കുവാൻ ആയില്ല എന്ന് നഗരസഭ അറിയിച്ചിട്ടുണ്ട്.

പദ്ധതി ത്തുകയുടെ 0.69% ചെലവിൽ (148958/- രൂപ) DPR തയ്യാറാക്കുന്നതിന് Ram Biologicals, കോഴിക്കോട് എന്ന സ്ഥാപനത്തെ തെരഞ്ഞെടുത്തു. ചെക്ക് നം.914998/06.12.2018 (വൗച്ചർ നം.38/12-18/06.12.18) പ്രകാരം 74479/- രൂപ Ram Biologicals ന് ആദ്യഗഡു നൽകി. എന്നാൽ ആദായനികുതി ഈടാക്കിയിട്ടില്ല (IT Act Sn.194 J).

DPR തയ്യാറാക്കുന്നതിന് ചെലവഴിക്കുന്ന തുക Ministry of Housing andUrban Affairs നഗരസഭക്ക് തിരികെ നൽകും. ആയത് ലഭ്യമാകുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

എത്രയുംവേഗം പദ്ധതി നടപ്പാക്കുന്നതിനും കേന്ദ്ര സംസ്ഥാന ഫണ്ട് ലഭ്യമാക്കുന്നതിനും നഗരസഭ നടപടികൾ സ്വീകരിക്കേണ്ടതാണ്. DPR ചെലവ് തുക തിരികെകിട്ടുന്നതിനും അടുത്ത ഗഡു നൽകുന്നതോടൊപ്പം ആദായനികുതി ഈടാക്കുന്നതിനും ശ്രദ്ധിക്കേണ്ടതാണ്.

## 1-33 കുടിവെള്ള ഗാർഹിക കണക്ഷൻ നൽകൽ--രേഖകൾ ഹാജരാക്കിയിട്ടില്ല

സെക്രട്ടറി നടപ്പാക്കിയ സ്പിൽ ഓവർ പദ്ധതിയാണ്

S195/19—കുടിവെള്ളഗാർഹികകണക്ഷൻ നൽകൽ (പട്ടികജാതി)

ബിൽ നം.--13/18-19/12.6.18--52500

16/18-19/19.7.18–22500

21/18-19/22.10.18---7500

36/18-19/22.3.19–7500

ഗുണഭോക്താക്കൾക്ക് 7500/- രൂപ വീതമാണ് നൽകിയിട്ടുള്ളത്. ആകെ ചെലവ് 90000/- രൂപയാണ്.

മാധവി കാത്തോളി, ചന്ദ്ര പച്ചാംപുള്ളി, സുദർശൻ കാക്കറമ്പത്ത്, അഞ്ജു മണികണ്ഠൻ, അറുമുഖൻ, ഓമന പുളിഞ്ചേരി എന്നിവരുടെ ജാതി സർട്ടിഫിക്കറ്റ് ഇല്ല. പലരും മീറ്റർ റീഡിംഗ് കാർഡ് ഇല്ലാതെ പ്രൊവിഷണൽ ഇൻവോയ്സ് കാർഡ് മാത്രമാണ് ഹാജരാക്കിയിട്ടുള്ളത്.

എസ്.സി ഫണ്ടുപയോഗിച്ച് ധനസഹായം നൽകുമ്പോൾ ഗുണഭോക്താക്കൾ എസ്.സി വിഭാഗത്തിൽ പെടുന്നവരാണെന്ന് ഉറപ്പുവരുത്തേണ്ടതാണ്.

വാട്ടർ അതോറിറ്റിയുടെ കൈമാറിക്കിട്ടിയ പൈപ്പ് ലൈനിൽ നിന്ന് മാത്രമേ കണക്ഷൻ നൽകാവൂ. എന്നാൽ അപ്രകാരമാണ് നൽകിയതെന്ന് സാക്ഷ്യപ്പെടുത്തിയിട്ടില്ല.

## 1-34 കൈമാറിക്കിട്ടിയ സ്ഥാപനങ്ങളുടെ കണ്ടിൻജൻസി ചാർജ്--S024/19--- അപാകതകൾ

നിർവ്വഹണ ഉദ്യോഗസ്ഥൻ – സെക്രട്ടറി.
ബിൽ നം.-- 10/G5-6833/18/12.6.18, തുക - 900000/-, നോൺറോഡ് ഗ്രാന്റ്

കൂടാതെ വിവിധ വൗച്ചറുകളിലായി 443462/- രൂപ കൂടി തനതുഫണ്ടിൽ നിന്ന് നൽകിയിട്ടുണ്ട്. നോൺറോഡ് ഗ്രാന്റും തനതുഫണ്ടും വിവിധ സ്ഥാപനമേധാവികളുടെ ട്രഷറി അക്കൗണ്ടിലേക്ക് കൈമാറി.

അപാകതകൾ

1. പ്രോജക്ടിൽ തനതുഫണ്ട് ഉൾപ്പെടുത്തിയിട്ടില്ല.

2. ഹോമിയോ ഡിസ്പെൻസറിക്ക് 15000/- രൂപ കൈമാറിയത് നോൺറോഡ് ഗ്രാന്റ് ആണ്. ചെലവ് കഴിഞ്ഞ് 1767/- രൂപ (രസീത് നം.--01/118010122603/29.3.2019) തനതുഫണ്ടിൽ അടവാക്കിയിരിക്കുന്നു. ആയത് തിരികെ സർക്കാരിലേക്ക് അടവാക്കേണ്ടതാണ്.

3. ജി.എൽ.പി.എസ് തിരുവത്ര ക്ക് 3000/- രൂപ കൈമാറിയത് നോൺറോഡ് ഗ്രാന്റ് ആണ്. ചെലവ് കഴിഞ്ഞ് 1104/- രൂപ 27.03.2019 ന് തിരിച്ചടച്ചത് തനതുഫണ്ടിലാണ്. സർക്കാരിലേക്ക് തിരികെ അടവാക്കേണ്ടതാണ്.

4. കൈമാറിക്കിട്ടിയ സ്ഥാപനങ്ങളുടെ മേധാവികൾ KSEB, KWA എന്നിവയുടെ ഡിമാന്റ് നോട്ടീസ് മാത്രമാണ് ഹാജരാക്കുന്നത്. എല്ലാ നോട്ടീസുകളുടെയും തുക അടവാക്കിയ രസീത് ലഭ്യമാക്കിയിട്ടില്ല. രസീത് ഹാജരാക്കുന്നത് ഒറിജിനൽ അല്ല മറിച്ച് കോപ്പിയാണ്.

5. ചാവക്കാട് താലൂക്ക് ഹോസ്പിറ്റലിന് നോൺറോഡ് ഗ്രാന്റിൽ നിന്ന് 720000/- രൂപയും ചെക്ക് നം.2547934/30.03.2019 പ്രകാരം തനതുഫണ്ടിൽ നിന്ന് 356000/- രൂപയും കൈമാറി.

a) സ്ഥാപനം ട്രഷറി പാസ്ബുക്ക് ഹാജരാക്കിയിട്ടില്ല.

b) താലൂക്ക് ഹോസ്പിറ്റൽ ചാവക്കാട് വാട്ടർ അതോറിറ്റിയിൽ അടവാക്കുന്നതിന് പിൻവലിച്ച 13751/- രൂപയുടെ രസീത് ഹാജരാക്കിയില്ല. 7594/- രൂപയുടെ ടെലഫോൺ ബിൽ രസീതും ലഭ്യമാക്കിയില്ല.

c) 4/17 മുതൽ 3/18 വരെ 52382/- രൂപയും 3/17 ലെ 2420/- രൂപയും ടെലഫോൺ ബില്ല് അടവാക്കുന്നതിന് തൻവർഷബില്ലിൽ നിന്ന് മാറിയിട്ടുണ്ട്. ആയതിന്റെ രസീതുകൾ ഇല്ല. 2017-18 ൽ ഇതേ ആവശ്യത്തിന് തുക നൽകിയിട്ടുണ്ട്. മുൻവർഷം ബിൽ മാറിയിട്ടുണ്ടോ എന്ന് വ്യക്തമല്ല.

d) വൈദ്യുത ചാർജ് അടവാക്കുമ്പോൾ കൺസ്യൂമർ നം.1156982022071 ന്റെ തുക മുൻകൂറായി അടവാക്കുന്നതായി കാണുന്നു. ഇപ്രകാരം വളരെ വലിയ തുക മുൻകൂർ നൽകുന്നതിന് കാരണം വ്യക്തമല്ല. മാത്രമല്ല നൽകുന്ന മുൻകൂർ അടുത്ത ബില്ലിൽ കണക്കാക്കുന്നുവെന്ന് ഉറപ്പുവരുത്തുന്നതായി കാണുന്നില്ല.

e) ചില കൺസ്യൂമർ നമ്പറുകളിൽ എല്ലാമാസവും തുക അടവാക്കിയിട്ടും കുടിശ്ശിക കാണിക്കുന്നു.

എല്ലാ സ്ഥാപനങ്ങളും കണ്ടിൻജൻസി ചെലവുകൾക്കായി ലഭിക്കുന്ന തുക ട്രഷറി അക്കൗണ്ടിൽ വരവ് വക്കുന്നുവെന്ന് ഉറപ്പുവരുത്തേണ്ടതാണ്. ഡിമാന്റ് നോട്ടീസുകളോടൊപ്പം തുക അടവാക്കിയ ഒറിജിനൽ രസീത് കൂടി ഹാജരാക്കേണ്ടതാണ് (ഓഡിറ്റ് എൻക്വയറി 3/9.1.2020 നല്കിയതിന് മറുപടി ലഭ്യമാക്കിയിട്ടില്ല)

## 1-35 തുക മുൻകൂർ നൽകിയിട്ടും സാധനങ്ങൾ ലഭ്യമായില്ല.

സെക്രട്ടറി നടപ്പാക്കിയ നഗരസഭാ ഓഫീസിലേക്ക് കംപ്യൂട്ടറും അനുബന്ധസാമഗ്രികളും -( S289/19) എന്ന പദ്ധതി പ്രകാരം കെൽട്രോണിന് തുക മുൻകൂറായി നൽകിയെങ്കിലും ആവശ്യമായ ഉപകരണങ്ങൾ നാളിതുവരെ ലഭ്യമായിട്ടില്ല.

ബിൽ നം.-- CB39/18(S.289/19)/27.3.19, തുക-- 420759/-

7 കമ്പ്യൂട്ടർ, 3പ്രിന്റർ, 2കാമറ, 2ലാപ്പ്ടോപ്പ്, 1വെബ്ക്യാമറ, 2സ്കാനർ എന്നിവ വാങ്ങുന്നതായിരുന്നു പദ്ധതി.
അപാകതകൾ താഴെ ചേർക്കുന്നു.

1. പ്രഫോർമ ഇൻവോയ്സ്, കാഷ്ബിൽ എന്നിവ ലഭ്യമാക്കിയിട്ടില്ല.

2. 399381/- രൂപയുടെ ഇനങ്ങൾ (2 A4 മോണോക്രോം പ്രിന്റർ, 2ലാപ്പ്ടോപ്പ്, 7ഡെസ്ക്ടോപ്പ്) 11/19 ൽ മാത്രമാണ് ലഭിച്ചത്.

ഇനിയും 21378/- രൂപയുടെ ഇനങ്ങൾ ലഭിച്ചിട്ടില്ല. ഇവ കെൽട്രോണിനോട് ആവശ്യപ്പെട്ടതായി കാണുന്നില്ല.

3. GeM പോർട്ടലിൽ നിന്ന് വാങ്ങുന്നതിന് നടപടികൾ സ്വീകരിച്ചിട്ടില്ല.

4. നഗരസഭ ആവശ്യപ്പെട്ട അതേ സ്പെസിഫിക്കേഷൻ ഉള്ളവയാണ് ലഭ്യമായവയെന്ന് സാക്ഷ്യപ്പെടുത്തിയിട്ടില്ല.

ഇനിയും ലഭ്യമാകാനുള്ള ഇനങ്ങൾ എത്രയും വേഗം ലഭ്യമാകുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-36 ചാവക്കാട് നഗരസഭ--വജ്രജൂബിലി ഫെലോഷിപ്പ്---പദ്ധതി നടത്തിപ്പിലെ അപാകതകൾ

പ്രൊജക്ട്-290/19
നിർവഹണഉദ്യോഗസ്ഥൻ – സെക്രട്ടറി

ബിൽ നം.-- CB47/19(S.290/19)/28.3.19, തുക –120000/-

മേൽപദ്ധതി പ്രകാരം 8 പേർക്ക് ഫെലോഷിപ്പ് ആയി നഗരസഭാവിഹിതം 5000/- രൂപ വീതം 3 മാസത്തേക്ക് 120000/- രൂപ നൽകി.

28/7/17ലെ സ.ഉ.(സാധാ)vx.102/17/സാം.കാ.വ. പ്രകാരം ഭരണാനുമതി ലഭിച്ച യുവകലാകാരൻമാർക്കുള്ള ഫെലോഷിപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി 1000 യുവകലാകാരൻമാരെ തെരഞ്ഞെടുത്ത് കലാപരിശീലകരായി 2 വർഷത്തേക്ക് ബ്ലോക്ക് പഞ്ചായത്ത്/ മുനിസിപ്പാലിറ്റി/കോർപ്പറേഷൻ എന്നിവിടങ്ങളിൽ നിയമിച്ചു.

കലാകാരൻമാരുടെ പദ്ധതി പ്രവർത്തനം ഹാജർ പരിശോധിച്ച് ക്ലസ്റ്റർ കൺവീനർ/ജില്ലാ കോർഡിനേറ്റർ എന്നിവർ നൽകുന്ന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സാംസ്കാരിക വകുപ്പ് ഡയറക്ടറുടെ സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിൽ പ്രതിമാസം ഫെലോഷിപ്പ് നൽകാം. കഥകളി, മോഹിനിയാട്ടം, തുള്ളൽ, മിഴാവ്, കൂടിയാട്ടം, തിമില, പെയിന്റിംഗ് എന്നിവ പരിശീലിപ്പിക്കുന്നതിന് 8 പേരെയാണ് നിയമിച്ചത്.

അപാകതകൾ

1. 24/10/18 ലെ SPB 314/2017/DPD കത്ത് പ്രകാരമുള്ള വജ്രജൂബിലി ഫെലോഷിപ്പ് മാർഗ്ഗരേഖകൾ പ്രകാരം ഖ.3 ബ്ലോക്ക്/മുനിസിപ്പാലിറ്റി/കോർപ്പറേഷൻ എന്നിവിടങ്ങളിൽ വിന്യസിച്ചിട്ടുള്ള കലാകാരൻമാരുടെ സേവനം പരമാവധി പ്രയോജനപ്പെടുത്തുവാൻ ഉതകുംവിധം മാർഗ്ഗനിർദ്ദേശങ്ങൾ നൽകുവാനും പരിശീലനകേന്ദ്രങ്ങൾ സജ്ജീകരിക്കുവാനും കലാകാരൻമാരുടെ ആതിഥേയത്വം ഏറ്റെടുക്കുന്നതിനും സഹായകരമായ വിധത്തിൽ ഒരു 15 അംഗ കമ്മറ്റി രൂപീകരിക്കണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. കമ്മറ്റിയുടെ മിനുട്സ് പ്രവർത്തനവിവരങ്ങൾ എന്നിവ ഇല്ല.

2. ഡിസംബർ മുതൽ ഫെബ്രുവരി വരെയുള്ള ഹോണറേറിയം നൽകിയിട്ടുണ്ട്. പദ്ധതി ഉദ്ഘാടനം ഫെബ്രുവരി 4ന് ശ്രീ.മണലൂർ ഗോപിനാഥ് ആണ് നിർവഹിച്ചത്.

അറ്റൻഡൻസ് രജിസ്റ്ററിന്റെ പകർപ്പ് ലഭ്യമാക്കിയതിൽ ഏതെല്ലാം ദിവസങ്ങളിൽ ക്ലാസ് എടുത്തുവെന്നോ, എത്ര കുട്ടികൾ പങ്കെടുത്തുവെന്നോ ഇല്ല.

3. ഖണ്ഡിക 9 പ്രകാരം ഓരോ പ്രദേശത്തിന്റെയും ക്ഷയോന്മുഖമായ തനത് കലാരൂപങ്ങൾ കണ്ടെത്തി അവയുടെ പുനരുജ്ജീവനത്തിനും പ്രചാരണത്തിനും പദ്ധതി തയ്യാറാക്കി പ്രാദേശിക സർക്കാരുകൾക്ക് സമർപ്പിക്കാവുന്നതാണ് എന്ന നിർദ്ദേശമുണ്ട്. അപ്രകാരമുള്ള പദ്ധതികൾ സമർപ്പിച്ചിട്ടില്ല.

പദ്ധതിയുടെ ലക്ഷ്യങ്ങൾ നേടിയെടുക്കുവാൻ ഉതകുംവിധം സർക്കാർ നിർദ്ദേശമനുസരിച്ചുള്ള പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യേണ്ടതാണ്.

# 1-37 ചെലവ് രേഖകൾ ഹാജരാക്കിയിട്ടില്ല

ബിൽ നം.-- CB42/18(S.184/19)/26.3.2019, തുക –99900/- രൂപ

സെക്രട്ടറി നടപ്പാക്കിയ ചാവക്കാട് നഗരസഭ – രജിസ്റ്റർ ചെയ്ത ക്ലബുകൾക്ക് സ്പോർട്ട്സ് കിറ്റ് വിതരണം (S184/19) എന്ന പദ്ധതി 99900/- രൂപ ചെലവഴിച്ചിട്ടുണ്ട്. തുക TBS പബ്ലിഷേഴ്സ് ആന്റ് ഡിസ്ട്രിബ്യൂട്ടേഴ്സ്, കോഴിക്കോട് എന്ന സ്ഥാപനത്തിന് കൈമാറി.

ക്ലബുകളുടെ അപേക്ഷ, രജിസ്റ്റർ ചെയ്ത വിവരം, സ്റ്റോക്ക് രജിസ്റ്റർ, വിതരണരജിസ്റ്റർ, കൈപ്പറ്റുരസീതി, സ്ഥാപനത്തിന്റെ കാഷ്ബിൽ, TR59(E)ബിൽ, സ്ഥാപനവുമായുള്ള കരാർ, EMD, SD അടവാക്കിയതിന്റെ വിവരം എന്നിവ ഹാജരാക്കിയിട്ടില്ല.

രേഖകൾ ഹാജരാക്കുന്നത് വരെ ചെലവ് തുക 99900/- രൂപ തടസ്സപ്പെടുത്തുന്നു.

# 1-38 ചെലവ് രേഖകൾ ലഭ്യമായിട്ടില്ല

സെക്രട്ടറി നടപ്പാക്കിയ പദ്ധതികളിൽ താഴെപ്പറയുന്ന രേഖകൾ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല.

| പദ്ധതി | ബിൽ നം,തുക | കൈപ്പറ്റിയ ഏജൻസി | ലഭ്യമാകാത്ത രേഖകൾ |
|---|---|---|---|
| S017/18-- IKM പ്രവർത്തനഫണ്ട് | 6/18-19/ 24.5.18- -126670 | IKM | വിനിയോഗവിവരം |
| S023/19-- വിവിധവാർഡുകളിൽ സ്ട്രീറ്റ് മെയിൻ വലിക്കൽ | 15/18-19/7.7.18–109125<br>40/18-19/ 21.3.19–1253778<br>31/18-19/23.1.19 --291980 | KSEB ബീച്ച്സെക്ഷൻ, ചാവക്കാട്<br>KSEB, ബിഗ് ബസാർ | വിശദമായഎസ്റ്റിമേറ്റ്, സാങ്കേതികാനുമതി, കരാർ, കൈപ്പറ്റ് രസീതി, വിനിയോഗവിവരം, പൂർത്തീകരണസർട്ടിഫിക്കറ്റ് |
| S268/19-- കുടിവെള്ളപൈപ്പ് ലൈൻ വലിക്കൽ | 24/18-19/12.10.18- -560000 | KWA PH Div, Thrissur | സാങ്കേതികാനുമതി, വിനിയോഗവിവരം, കൈപ്പറ്റ് രസീതി, കരാർ, പൂർത്തീകരണസർട്ടിഫിക്കറ്റ് |
| S249/19—അംഗൻവാടിയിലേക്ക് വാട്ടർ അതോറിറ്റിയിൽ നിന്ന് കുടിവെള്ളകണക്ഷൻ | 27/18-19/30.11.18-210000 | KWA PH Div, Thrissur | സാങ്കേതികാനുമതി വിനിയോഗവിവരം, കൈപ്പറ്റ് രസീതി, കരാർ, പൂർത്തീകരണസർട്ടിഫിക്കറ്റ് |
| S186/19—വിജ്ഞാൻ | 8/31.5.18- | വിജ്ഞാൻ | വിനിയോഗവിവരം, കൈപ്പറ്റ് |

| | | | |
|---|---|---|---|
| സാഗർ പദ്ധതി | -200000 | സാഗർ സയൻസ് ആന്റ് ടെക്നോളജി പാർക്ക് | രസീത് |
| S187/19—സുശാന്തം പദ്ധതി | 7/31.5.18--100000 | സുശാന്തം സൊസൈറ്റി ഫോർ കെയർ ആന്റ് കംപാഷൻ | വിനിയോഗവിവരം, കൈപ്പറ്റ് രസീത് |

KSEB, KWA തുടങ്ങിയ സ്ഥാപനങ്ങളിൽ തുക ഡെപ്പോസിറ്റ് ചെയ്യുന്നത് കൃത്യമായ എസ്റ്റിമേറ്റിന്റെ അടിസ്ഥാനത്തിലാകണമെന്നും ആയത് സ്ഥാപനം മോണിറ്റർ ചെയ്യണമെന്നും സർക്കുലർ നം. ഡി എ 1/881/2018/തസ്വഭവ, തീയതി 28/12/18 പ്രകാരം നിർദ്ദേശിച്ചിട്ടുണ്ട്. തുക ഡെപ്പോസിറ്റ് ചെയ്യുന്നതിന്റെ തുടർ നടപടികളെക്കുറിച്ച് സർക്കുലർ നം. ഡി എ 1/17/2019/തസ്വഭവ, തീയതി 21/2/19 പറയുന്നു. സർക്കാർ നിർദ്ദേശങ്ങൾ പാലിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

നഗരസഭ കൈമാറിയ തുകകൾ അതാത് സ്ഥാപനത്തിന്റെ അക്കൗണ്ടിൽ ലഭ്യമായിട്ടുണ്ടെന്നും അതേ ആവശ്യത്തിന് മാത്രം തുക വിനിയോഗിച്ചുവെന്നും ഉറപ്പുവരുത്തേണ്ടതുമാണ്.

## 1-39 UIDSSMT പദ്ധതി - വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല.

ഫയൽ --- E3(E1) 8108/06

ചാവക്കാട് – ഗുരുവായൂർ നഗരസഭകൾക്ക് കരുവന്നൂർ പുഴയിൽ നിന്ന് കുടിവെള്ളം ലഭ്യമാക്കുന്നതിനാണ് പദ്ധതി നടപ്പാക്കിയത്.

വിഭവസ്രോതസ്

80%-കേന്ദ്രഫണ്ട്,

10%--സംസ്ഥാനഫണ്ട്

10%-- നഗരസഭകൾക്ക്

നഗരസഭകളുടെ വിഹിതമായ 10% ന്റെ 62% ഗുരുവായൂർ നഗരസഭയും, 38% ചാവക്കാട് നഗരസഭയും വഹിക്കുന്നു. പദ്ധതി അടങ്കൽ 50.45 കോടി ആയിരുന്നു. ആയത് പ്രകാരം നഗരസഭയുടെ വിഹിതമായി 1955.70 ലക്ഷം അടവാക്കിയിട്ടുണ്ട്. എന്നാൽ വിവിധ കാരണങ്ങളാൽ അടങ്കൽ തുക 52.63 കോടി ആയി വർദ്ധിച്ചു. നഗരസഭാവിഹിതം 129.58 ലക്ഷം കൂടി അടവാക്കണമെന്ന് വാട്ടർ അതോറിറ്റി അറിയിച്ചിട്ടുണ്ട്. എന്നാൽ ധനവിനിയോഗവിവരം ലഭ്യമാകാത്തതിനാൽ നഗരസഭ തുക അടവാക്കിയിട്ടില്ല.

05.03.2019 ന് UIDSSMT പദ്ധതിക്കായുള്ള ബാങ്ക് അക്കൗണ്ടിൽ (PNB—4262001100000086) 10761662 രൂപ ബാക്കിയുണ്ട്. 03.06.2017 മുതൽ അക്കൗണ്ടിൽ പലിശ വരവ് വയ്ക്കുക മാത്രമാണ് ചെയ്യുന്നത്. 2019 ഫെബ്രുവരി 4 ന് പദ്ധതി കമ്മീഷൻ ചെയ്തു. പദ്ധതി വഴി നഗരസഭക്ക് ആവശ്യമായ

കുടിവെള്ളം ലഭ്യമാകുന്നുണ്ടോ, ഏത് രീതിയിൽ, ഏത് ഏരിയയിൽ ആർക്കെല്ലാമാണ് കുടിവെള്ളം ലഭ്യമാകുന്നതെന്ന വിവരം ലഭ്യമാക്കിയിട്ടില്ല.

ഫയൽ പ്രകാരം പഞ്ചാബ് നാഷണൽ ബാങ്കിൽ നിന്ന് 16/03/2012 ന് 45ലക്ഷം, 18/03/2013ന് 95ലക്ഷം വീതം വായ്പ എടുത്തിട്ടുള്ളതായും 17/01/2014 വരെ പലിശ അടവാക്കിയിട്ടുള്ളതായും ചേർത്തിട്ടുണ്ട്. എന്നാൽ വായ്പ അവസാനിപ്പിച്ചതായ വിവരം ഫയലിൽ ലഭ്യമല്ല. ഓഡിറ്റ് എൻകയറി നം.38/16.01.2020 നൽകിയതിന് മറുപടി ലഭ്യമാക്കിയിട്ടില്ല.

മേൽപ്രകാരമുള്ള വിവരങ്ങൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

## 1-40 സമഗ്രപുരയിടകൃഷി വികസനം(S002/19) - പദ്ധതി നടത്തിപ്പിലെ അപാകതകൾ

നിർവഹണഉദ്യോഗസ്ഥൻ – കൃഷി ഓഫീസർ

1.ബിൽ നം.CB No.6/19-22.12.18–106175

2.ബിൽ നം.CB No.14/19-18.3.19-–63500

3.ബിൽ നം.CB No.10/19-24.1.19–108125

4.ബിൽ നം.CB No.8/19-24.1.19–248814

തെങ്ങുകൃഷി വികസനത്തിനായി കുമ്മായം, വേപ്പിൻപിണ്ണാക്ക്, ജൈവവളം എന്നിവക്ക് 75% സബിസിഡി നൽകുന്നതിനാണ് പദ്ധതി ആവിഷ്ക്കരിച്ചത്. ഗുണഭോക്താക്കൾ വളം വാങ്ങിയ ബിൽ ഹാജരാക്കുന്ന മുറക്ക് സബ്സിഡി ബാങ്ക് അക്കൗണ്ടിൽ നൽകുന്നു.

അപാകതകൾ

1.ഓഡിറ്റിന് ഹാജരാക്കിയ ഗുണഭോക്തൃലിസ്റ്റിൽ ഇല്ലാത്തവർക്ക് ധനസഹായം നൽകി.

| ബിൽ നം, തുക | ഗുണഭോക്താവിന്റെ പേര് | നൽകിയ തുക |
|---|---|---|
| ബിൽ നം.CB No.6/19-22.12.18–106175 | യശോദ കേശവൻ, കളത്തിൽ | 1170 |
| | ജോസഫ്.എൻ.ജെ, നീലങ്കാവിൽ | 975 |
| ബിൽ നം.CB No.14/19-18.3.19-–63500 | അബ്ദുൾ ജബ്ബാർ | 975 |
| | ജമീല | 2047 |
| | അർജുനൻ | 3705 |
| | ബാലൻ.പി.കെ | 6825 |
| ബിൽ നം.CB No.10/19-24.1.19–108125 | കൃഷ്ണൻ | 683 |
| | ആമിനു പാലക്കൽ | 585 |
| | കെ.കെ.പുഷ്കരൻ | 4875 |
| | റംലത്ത്.സി.പി | 682 |
| ബിൽ നം.CB No.8/19-24.1.19–248814 | കെ.എം.നൂർജഹാൻ | 1267 |
| | രാധാകൃഷ്ണൻ | 683 |

2.ട്രഷറിബില്ലിൽ അക്കൗണ്ട് നമ്പർ തെറ്റായി ചേർത്തിരിക്കുന്നു.

അപേക്ഷകൻ ഹാജരാക്കിയ പാസ്ബുക്ക് പ്രകാരമുള്ള അക്കൗണ്ട് നമ്പറും ട്രഷറിബില്ലിൽ ചേർത്തിട്ടുള്ള അക്കൗണ്ട് നമ്പറും വ്യത്യസ്തമാണ്.

| ബിൽ നം, തുക | പേര് | നൽകിയ തുക | പാസ്ബുക്ക് പ്രകാരം അക്കൗണ്ട് നം. | ട്രഷറിബിൽ പ്രകാരം |
|---|---|---|---|---|
| ബിൽ നം.CB No.6/19-22.12.18–106175 | സഫിയ കബീർ | 487 | 4262001700078113 (PNB) | 4262000100088641 (PNB) |
| | കുഞ്ഞുമോൻ | 2925 | 038701000009570 (IOB) | 762008524340 (IOB) |
| | സുധ സുകുമാരൻ | 2437 | 33235242426(SBI) | 667841182330 |
| | സഫിയ | 780 | 67014500658(SBI) | 4262001700078113 (PNB) |
| ബിൽ നം.CB No.10/19-24.1.19–108125 | ശിവദാസൻ സി | 2242 | 855110110003919 (BOI) | 40304100101986 (KLG) |
| | സജിലാൽ | 2145 | 038701000044905 (IOB) | 12331000007339 HDFC |
| ബിൽ നം.CB No.8/19-24.1.19–248814 | രാധാകൃഷ്ണൻ | 683 | 0574053000008621 (SIB) | 1989101018868 (CNR) |
| | പ്രഭാവതി വാസു | 975 | 1989101013613 (CNR) | 038701000033030 (IOB) |
| | കുന്നത്ത് ശിവരാമൻ | 2925 | 14320100084561 (FDR) | 038701000023407 (IOB) |
| | കുന്നത്ത് ആവേൻ പരമേശ്വരൻ | 8190 | 4262000100092158 PNB | 0332051000020156 SIB |
| | പ്രമീള | 3510 | 4262001500081395 PNB | 1989101015440 (CNR) |
| | മഞ്ജുഷ സുരേഷ് | 975 | 4262000100095863 PNB | 1989101013139 (CNR) |
| | ഗീത മാടമ്പി | 2535 | 1989108013867(CNR) | 206701011000547 VIJ |

ഈ പദ്ധതിയുമായി ബന്ധപ്പെട്ട് മേൽപ്പറഞ്ഞ 4 ബില്ലുകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകളാണ് ചേർത്തിട്ടുള്ളത്.

ഓഡിറ്റ് എൻക്വയറി (59/18.01.2020) നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല.

ഗുണഭോക്തൃലിസ്റ്റിന് ഭരണസമിതി അംഗീകാരം/വാർഡ് സഭ സാധൂകരണം ലഭിച്ചതിന്റെ വിവരം ലഭ്യമാക്കേണ്ടതാണ്.

വിതരണം ചെയ്ത ധനസഹായം ഗുണഭോക്താക്കളുടെ അക്കൗണ്ടിൽ ലഭ്യമായെന്ന് ഉറപ്പുവരുത്തി ആയതുമായി ബന്ധപ്പെട്ട രേഖകൾ ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

## 1-41 സീനിയർ വെറ്ററിനറി സർജൻ നടപ്പിലാക്കിയ പദ്ധതികളിലെ അപാകതകൾ

1) S0050/19-ചാവക്കാട് നഗരസഭ – ABC പ്രോഗ്രാം

അടങ്കൽ – 300000 (വികസന ഫണ്ട് ജനറൽ)

ചെലവ് –300000 (ട്രഷറി ബിൽ നം. 11/24.01.19)

കുടുംബശ്രീ ജില്ലാ മിഷനു ABC പ്രോഗ്രാമിനു വേണ്ടി 300000/- രൂപ കൈമാറിയിട്ടുണ്ട്. എന്നാൽ കൈപ്പറ്റു രശീതി, വിനിയോഗ സാക്ഷ്യ പത്രം എന്നിവ ഓഡിറ്റിനു ലഭ്യമാക്കിയില്ല. 300000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

2) S0052/19 - മൃഗാശുപത്രിയിലേക്ക് അടിസ്ഥാന സൗകര്യം

അടങ്കൽ –100000/- രൂപ (മെയിന്റനൻസ് ഗ്രാന്റ് -നോൺ റോഡ്))

ചെലവ് - 97559/- രൂപ

(ട്രഷറി ബിൽ നം. 04/11.12.18-12000

ട്രഷറി ബിൽ നം. 09/22.12.18-85559)

പദ്ധതി പ്രകാരം 35559/- രൂപ കെൽട്രോണിൽ നിന്നും കമ്പ്യൂട്ടർ വാങ്ങുന്നതിനായി പ്രഫോർമ ഇൻവോയ്സ് നം. TVM/TBG/PI/RC/4475/17-18/08.12.18 പ്രകാരം കേരള സ്റ്റേറ്റ് ഐ.ടി മിഷനു നൽകിയിട്ടുണ്ട്. എന്നാൽ GST Invoice Sl No PY SI 19029060/10.11.19 പ്രകാരം 31611/- രൂപയാണ് കമ്പ്യൂട്ടറിന്റെ വില. അധികം നൽകിയ തുക തിരികെ ലഭിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

കമ്പ്യൂട്ടറിന്റെ സ്പെസിഫിക്കേഷൻ പരിശോധിച്ചുറപ്പു വരുത്തിയത് സംബന്ധിച്ച സാക്ഷ്യപത്രം ഫയലിൽ ഇല്ല. അധികം ചെലവു ചെയ്ത 3948/- രൂപ തടസ്സത്തിൽ വെക്കുന്നു.

## 1-42 മെഡിക്കൽ ഓഫീസർ നടപ്പിലാക്കിയ പദ്ധതികൾ-അപാകതകൾ

മെഡിക്കൽ ഓഫീസർ, താലൂക്ക് ഹോസ്പിറ്റൽ ചാവക്കാട് നടപ്പിലാക്കിയ വിവിധ പദ്ധതികളോടനുബന്ധിച്ച് താഴെ പറയുന്ന അപാകതകൾ കാണുന്നു

1) S0170/19-ചാവക്കാട് താലൂക്ക് ആശുപത്രിയിലേക്ക് മരുന്നു വാങ്ങൽ

അടങ്കൽ – 200000/- രൂപ

ചെലവ് – 200000/- രൂപ

സുലേഖ ചെലവു പത്രിക പ്രകാരം 2 ലക്ഷം രൂപയാണ് പദ്ധതിയുടെ ഭാഗമായി ചെലവഴിച്ചത്. എന്നാൽ 150000/- രൂപയുടെ ചെലവു രേഖകൾ (ട്രഷറി ബിൽ നം.48/20.3.19) മാത്രമാണ് പരിശോധനക്ക് ലഭിച്ചത്. ബാക്കി തുകക്കുള്ള ചെലവു രേഖകൾ (ട്രഷറി ബിൽ, ഇൻവോയ്സ്) പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്.

പ്രഫോർമ ഇൻവോയ്സ് നം. PRF 4292/04.02.19 പ്രകാരമാണ് 150000/- രൂപ KMSCL നു കൈമാറിയത്. മരുന്നുകൾ ലഭിച്ചതിന്റെ വിവരം ഫയലിൽ ഇല്ല. അനുബന്ധ ഇൻവോയ്സുകൾ, സ്റ്റോക്ക് രജിസ്റ്ററുകൾ എന്നിവ പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്

രേഖകളുടെ അഭാവത്തിൽ **200000**/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു

2) S0246/19-ചാവക്കാട് താലൂക്ക് ആശുപത്രിയിലേക്ക് ജീവിത ശൈലീ രോഗങ്ങൾക്ക് മരുന്നു വാങ്ങൽ

അടങ്കൽ –100000/-

ചെലവ് –99998/-

(ട്രഷറി ബിൽ നം.6/30.05.18)

മരുന്നുകളുടെ ഇൻവോയ്സ് മാത്രമാണ് ഓഡിറ്റ് എൻക്വയറിക്കുള്ള മറുപടിയോടൊപ്പം ലഭ്യമാക്കിയത്. അനുബന്ധ സ്റ്റോക്ക് രജിസ്റ്റർ പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്. 99998/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

3) S0247/19- താലൂക്കാശുപത്രി മെഡിക്കൽ ലാബിലേക്ക് ലാബ് മെഡിക്കൽ റിയേജന്റുകളും ഉപകരണങ്ങളും വാങ്ങൽ

അടങ്കൽ –102105/-

ചെലവ് - 102105/-, ട്രഷറി ബിൽ നം.10/31.05.18

29292/- രൂപ KMSCL ന്റെ പ്രഫോർമ ഇൻവോയ്സ് നം.358/2017-18 തീ.21.03.18 പ്രകാരം കൈമാറിയിട്ടുണ്ട്. ആയതിന്റെ ലഭ്യതാ വിവരം അനുബന്ധ ഇൻവോയ്സ്, സ്റ്റോക്ക് രജിസ്റ്റർ എന്നിവ സഹിതം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. രേഖകൾ ഹാജരാക്കുന്നതു വരെ **29292**/- രൂപയുടെ ചെലവ് തടസ്സത്തിൽ വെക്കുന്നു

4) S016/19- ആർദ്രം -സാന്ത്വന പരിചരണ പദ്ധതി

അടങ്കൽ- 1000000/-

ചെലവ്-

ട്രഷറി ബിൽ നം.02/18.05.18, തുക –60215

ട്രഷറി ബിൽ നം.11/13.06.18, തുക - 70981

ട്രഷറി ബിൽ നം.13/16.07.18, തുക -69385

ട്രഷറി ബിൽ നം.15/30.07.18, തുക -85056

ട്രഷറി ബിൽ നം.18/21.08.18, തുക -63315

ട്രഷറി ബിൽ നം.24/21.08.18, തുക –41875

ട്രഷറി ബിൽ നം.26/25.10.18, തുക –58875

ട്രഷറി ബിൽ നം.28/08.11.18, തുക –83415

ട്രഷറി ബിൽ നം.31/10.11.18, തുക –69375

ട്രഷറി ബിൽ നം.33/18.12.18, തുക –43300

ട്രഷറി ബിൽ നം.37/01.01.19, തുക –41875

ട്രഷറി ബിൽ നം.41/07.02.19, തുക - 117875

ട്രഷറി ബിൽ നം.44/16.02.19, തുക –11471

ട്രഷറി ബിൽ നം.45/07.03.19, തുക –84000

ട്രഷറി ബിൽ നം.46/07.03.19, തുക –41875

ട്രഷറി ബിൽ നം.49/26.03.19, തുക - 57016

----------

ആകെ – 999904

a) പാലിയേറ്റീവ് പരിചരണ മാർഗ്ഗ രേഖ പ്രകാരം ഫിസിയോ തെറാപ്പിസ്റ്റിന്റെ വേതനം ഇനത്തിൽ പ്രതിദിനം 600/- രൂപ മാത്രമാണ് പദ്ധതിയിൽ നിന്നും ചെലവഴിക്കാവുന്നത്. എന്നാൽ ഈ പദ്ധതിയിൽ നിന്നും 1075/- രൂപ ഫിസിയോ തെറാപ്പിസ്റ്റിന് ദിവസവേതനം നൽകിയിട്ടുണ്ട്. കൗൺസിൽ തീരുമാന പ്രകാരമാണ് നൽകിയതെന്ന് നിർവ്വഹണ ഉദ്യോഗസ്ഥ മറുപടി നൽകിയിട്ടുണ്ട്. എന്നാൽ മറുപടിക്കൊപ്പം ലഭ്യമാക്കിയ 13.07.17 ലെ 9-ാം നമ്പർ കൗൺസിൽ തീരുമാന പ്രകാരം സർക്കാർ ഉത്തരവുകൾക്കും നിയമങ്ങൾക്കും വിധേയമായി വേതനം നൽകുന്നതിനാണ് തീരുമാനിച്ചിട്ടുള്ളത്. വേതനം ക്രമീകരിച്ച് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

b) പാലിയേറ്റീവ്-ഹോം കെയർ ടീമിന് വാഹന സൗകര്യം ഒരുക്കുന്നതിനോടനുബന്ധിച്ച് വത്സൻ.പി.ബി എന്നയാളുടെ താഴെ പറയുന്ന നിരക്കുകളിലുള്ള ക്വട്ടേഷൻ അംഗീകരിച്ചു. (17.09.18 മുതൽ 30.09.19 വരെ)

| കി.മീ | വാടക |
|---|---|
| 15-34 | 700 |
| 35-44 | 800 |
| >45 | 900 |

എന്നാൽ ക്വോട്ട് ചെയ്ത നിരക്കിലുമധികം വാഹന വാടക ഇദ്ദേഹത്തിനു നൽകിയിട്ടുണ്ട്. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| തീയതി | പ്രതിദിന വാടക |
|---|---|
| 01.08.18 മുതൽ 02.09.18 വരെ | 1340 |
| 18.09.18 മുതൽ 30.09.18 വരെ | 1340 |
| 30.0918 നു ശേഷം | 1000 |

ഇപ്രകാരം അധിക നിരക്കുകൾ നൽകിയതെന്തുകൊണ്ടെന്ന് വ്യക്തമാക്കേണ്ടതാണ്. അധികം നൽകിയ തുക കണക്കാക്കി തിരികെ ഈടാക്കി നിർദ്ദിഷ്ട ശീർഷകത്തിൽ തിരിച്ചടവാക്കേണ്ടതാണ്.

c) ട്രഷറി ബിൽ നം. 33/18.12.18 പ്രകാരം ശ്രീവൽസൻ.പി.ബി എന്നയാൾക്ക് 36640/- രൂപ വാഹനവാടക, ഭക്ഷണം ഇനത്തിൽ നൽകിയിട്ടുണ്ട്. എന്നാൽ 35310/- രൂപയുടെ ചെലവ് വൗച്ചറുകൾ മാത്രമാണുള്ളത്. ചെലവ് കഴിച്ചുള്ള 1330/- രൂപ തിരിച്ചടവാക്കേണ്ടതാണ്.

5) S0248/19- ചാവക്കാട് നഗരസഭാ ആശുപത്രിയിലേക്ക് സാധന സാമഗ്രികൾ വാങ്ങൽ

അടങ്കൽ –123768

ചെലവ് –123768

ട്രഷറി ബിൽ നം. 9/31.05.18, തുക –40000

ട്രഷറി ബിൽ നം. 8/30.05.18, തുക –83768

ട്രഷറി ബിൽ നം. 9/31.05.18 പ്രകാരം 40000/- രൂപ ഗ്ലൂക്കോമീറ്റർ സ്ട്രിപ്പ് ലഭ്യമാക്കുന്നതിനായി കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷനു കൈമാറിയിട്ടുണ്ട്. ആയത് ലഭിച്ചിട്ടുണ്ടെങ്കിൽ അനുബന്ധ ഇൻവോയ്സ്, സ്റ്റോക്ക് രജിസ്റ്റർ എന്നിവ പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്. 40000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

സാധന സാമഗ്രികൾ വിതരണം ചെയ്ത വകയിൽ സതേൺ ട്രേഡേഴ്സിന് 58068/- രൂപ നൽകിയിട്ടുണ്ട്. അനുബന്ധ സ്റ്റോക്ക് രജിസ്റ്റർ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല 58068/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

6) S00 89/19-താലൂക്കാശുപത്രി ലാബിലേക്കും ഡയാലിസിസ് യൂണിറ്റിലേക്കുമുള്ള മെഡിക്കൽ റിയേജന്റ്സ്, ഓക്സിജൻ

അടങ്കൽ –1750000

ചെലവ് - 1750000

ട്രഷറി ബിൽ നം.12/30.06.18, തുക –263973

ട്രഷറി ബിൽ നം.14/16.07.18, തുക –63443

ട്രഷറി ബിൽ നം.19/21.08.18, തുക –110275

ട്രഷറി ബിൽ നം.23/14.08.18, തുക –628417

ട്രഷറി ബിൽ നം.24/14.08.18, തുക –181300

ട്രഷറി ബിൽ നം.29/08.11.18, തുക –342220

ട്രഷറി ബിൽ നം.34/18.12.18, തുക –63681

ട്രഷറി ബിൽ നം.36/29.12.18, തുക –41427

ട്രഷറി ബിൽ നം.10/31.05.18, തുക –55264

a) ടെൻഡർ നോട്ടീസ് നം B/3186/17.05.18 പ്രകാരം ബയോ ഏജൻസീസ്, ആർ വീസ് ഡയഗ്നോസ്റ്റിക്സ് എന്നീ സ്ഥാപനങ്ങൾ സമർപ്പിച്ച 2 ടെൻഡറുകൾ പരിശോധനക്ക് ലഭിച്ചു. എന്നാൽ പദ്ധതിയുടെ ഭാഗമായി ആൽക്കെമി ഡയഗ്നോസ്റ്റിക്സ്, ആസ്പെൻ ഡയഗ്നോസ്റ്റിക്സ്, ശ്രീ വിഘ്നേശ്വര ഗാസസ് എന്നീ സ്ഥാപനങ്ങൾക്കും സാധനങ്ങൾ വിതരണം ചെയ്ത വകയിൽ തുക നൽകിയിട്ടുണ്ട്. എന്നാൽ ഈ സ്ഥാപനങ്ങൾ സമർപ്പിച്ച ടെൻഡറുകൾ പരിശോധനക്ക് ലഭിച്ചിട്ടില്ല. ഓരോ ഇനങ്ങൾക്കും ആർക്കാണ് ടെൻഡർ ഉറപ്പിച്ചു നൽകിയതെന്നോ, നിരക്കുകളോ വ്യക്തമല്ല. സപ്ലൈ ഓർഡർ, കൗൺസിൽ തീരുമാനം, കരാർ എന്നിവ ഫയലിൽ ഇല്ല. ടെൻഡറുകൾ മുഴുവൻ ലഭ്യമാകാത്ത സാഹചര്യത്തിൽ മേൽ സ്ഥാപനങ്ങൾക്ക് നൽകിയ തുകയുടെ കൃത്യത ഉറപ്പുവരുത്താൻ ഓഡിറ്റിന് സാധിച്ചിട്ടില്ല.

b) പലപ്പോഴും കുറഞ്ഞ നിരക്കിലുള്ള ടെൻഡർ പ്രകാരം തുക നൽകിയിട്ടില്ല എന്നു കാണുന്നു ഉദാഹരണങ്ങൾ താഴെ ചേർക്കുന്നു

| ക്രമ നം | ഇനം | സ്ഥാപനം/ നൽകിയ തുക | കുറഞ്ഞ തുക കോട്ട് ചെയ്ത സ്ഥാപനം |
|---|---|---|---|
| 1. | HCG card | ബയോ ഏജൻസീസ്/10 രൂപ | ആർവീസ് ഡയഗ്നോസ്റ്റിക്സ്/8.96 രൂപ |
| 2 | CRP Turbidimetry | ,,/2640 രൂപ | ,, /2576 രൂപ |
| 3. | ASO Turbidimetry | ,,/3025 | ,, /2968 |

കൂടിയ നിരക്കിൽ തുക അനുവദിച്ചതിന് കാരണം വ്യക്തമാക്കേണ്ടതാണ്.

c) പല ബില്ലുകളോടനുബന്ധിച്ചും ടെൻഡർ പ്രകാരം കോട്ട് ചെയ്ത തുകയിലും അധികരിച്ച് തുക അനുവദിച്ചിട്ടുണ്ട്. ചില ഉദാഹരണങ്ങൾ താഴെ ചേർക്കുന്നു

| ട്രഷറി ബിൽ നം | സ്ഥാപനം/ ഇൻവോയ്സ് നം | ഇനം | കോട്ട് ചെയ്ത നിരക്ക് | ഇൻവോയ്സ് പ്രകാരം നിരക്ക് |
|---|---|---|---|---|
| 12/30.06.18 | ബയോ ഏജൻസീസ് 136/28.04.18 | RA Turbi | 2765 | 2915 |
| ,, | ,, | HCG card | 8.96 | 10 |
| ,, | ആർവീസ് ഡയഗ്നോസ്റ്റിക്സ് AD/0582/18-19/30.05.18 | HCV card | 23.1 | 26.99 |
| 14/16.07.18 | ആർവീസ് ഡയഗ്നോസ്റ്റിക്സ് AD/0688/18-19/20.06.18 | Dengue Ns1 card | 78.4 | 85.73 |
| | ബയോ ഏജൻസീസ് 418/12.06.18 | ASO Turbi | 2999 | 3025 |

ഇപ്രകാരം ടെൻഡർ നിരക്കിലും അധികരിച്ച് തുക നൽകിയതിന് കാരണം വ്യക്തമാക്കേണ്ടതാണ്. എല്ലാ ബില്ലുകളിലും അധികം നൽകിയ തുക കണക്കാക്കി തിരികെ ഈടാക്കേണ്ടതാണ്

d) ട്രഷറി ബിൽ നം.19/14.08.18 പ്രകാരം ആൽക്കെമി ഡയഗ്നോസ്റ്റിക്സ് എന്ന സ്ഥാപനത്തിന് 35322/- രൂപ നൽകി എന്നാൽ 24760/- രൂപയുടെ ഇൻവോയ്സ് മാത്രമാണ് ട്രഷറി ബില്ലിനോടൊപ്പമുള്ളത്. അതുപോലെ ട്രഷറി ബിൽ നം.24/14.08.18 പ്രകാരം ആർവീസ് ഡയഗ്നോസ്റ്റിക്സ് എന്ന സ്ഥാപനത്തിന് 2668.3 രൂപ നൽകി എന്നാൽ 15167/- രൂപയുടെ ഇൻവോയ്സ് മാത്രമാണ് ട്രഷറി ബില്ലിനോടൊപ്പമുള്ളത് .

e) ട്രഷറി ബിൽ നം.23/14.08.18 പ്രകാരം 628417/- രൂപ വിവിധ ഉപകരണങ്ങൾക്കായി KMSCLന് പ്രഫോർമ ഇൻവോയ്സ് നം 41/2018-19 തീ.02.07.18 പ്രകാരം കൈമാറി. ടാക്സ് ഇൻവോയ്സ് ഫയലിൽ ഇല്ല. സാധനങ്ങളുടെ ലഭിച്ചിട്ടുണ്ടെങ്കിൽ അനുബന്ധ രേഖകൾ, രജിസ്റ്ററുകൾ എന്നിവ പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്. **628417/-** രൂപയുടെ ചെലവ് തടസ്സത്തിൽ വെക്കുന്നു .

ആകെ തടസ്സപ്പെടുത്തിയ തുക=**1055775/- രൂപ**

# 1-43 ഹോമിയോ മരുന്ന് ലഭ്യമാക്കാൻ നടപടി സ്വീകരിക്കണം

പദ്ധതി നമ്പർ 189/18-19

ചാവക്കാട് നഗരസഭാ ഹോമിയോ ഡിസ്പെൻസറിയിലേക്ക് മരുന്ന് വാങ്ങൽ

നിർവ്വഹണ ഉദ്യോഗസ്ഥൻ മെഡിക്കൽ ഓഫീസർ, ഹോമിയോ

അടങ്കൽ – 200000/-

ചെലവ് - 200000/-

ട്രഷറി ബിൽ നമ്പർ, തിയ്യതി 2/10-12-18

മേൽ പദ്ധതി പ്രകാരം ഹോമിയോ ഡിസ്പെൻസറിയിലേക്ക് മരുന്ന് വാങ്ങുന്നതിനായി ഹോംകോ എന്ന സ്ഥാപനത്തിന് രണ്ട് ലക്ഷം രൂപ നൽകിയിട്ടുണ്ട് (റസീറ്റ് നം.954, തിയ്യതി 29-12-18). എന്നാൽ നാളിതു വരെയായി ഒരു ലക്ഷം രൂപയുടെ മരുന്ന് മാത്രമേ ലഭ്യമായിട്ടുള്ളൂ. തുക കൈമാറി ഒരു വർഷത്തിലേറെയായതിനാൽ ബാക്കി തുകക്കുള്ള മരുന്ന് മുഴുവൻ എത്രയും വേഗത്തിൽ ലഭ്യമാകാൻ വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-44 മൽസ്യ ബന്ധന മേഖല പദ്ധതി അപാകതകൾ

ഫിഷറീസ് സബ്ബ് ഇൻസ്പെക്ടർ നടപ്പാക്കിയ പദ്ധതികൾ പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു

പദ്ധതി നമ്പർ - 157/18-19

മൽസ്യ തൊഴിലാളികളുടെ വിദ്യാർത്ഥികളായ മക്കൾക്ക് ലാപ്ടോപ്പ്.

അടങ്കൽ - 30,0000/-

ചെലവ് - 275810/-

ട്രഷറി ബിൽ നമ്പർ - 1 , തിയ്യതി 3-2-19

മേൽ പദ്ധതി പ്രകാരം മൽസ്യ തൊഴിലാളികളുടെ വിദ്യാർത്ഥികളായ മക്കൾക്ക് ലാപ്ടോപ്പ് നൽകുന്ന പദ്ധതിയിലെ ഗുണഭോക്താക്കളായ പത്ത് പേർക്ക് വിശ്വാസ് കംപ്യൂട്ടേഴ്സ് എന്ന സ്ഥാപനത്തിൽ നിന്ന് ലാപ്ടോപ്പ് വാങ്ങി വിതരണം ചെയ്തിട്ടുണ്ട്. ബന്ധപ്പെട്ട ഫയൽ പരിശോധിച്ചതിൽ ഏഴ് പേർ പഠിക്കുന്നത് പാരലൽ കോളേജിലാണെന്നും ആയതിൽ ഒരാൾ മാത്രമാണ് യുണിവേഴ്സിറ്റി രജിസ്ട്രേഷൻ ലഭ്യമായതിന്റെ രേഖ സമർപ്പിച്ചിട്ടുള്ളൂവെന്നും കാണുന്നു. പാരലൽ കോളേജിൽ പഠിക്കുന്ന വിദ്യാർത്ഥികൾ ടി.രേഖ ഹാജരാക്കിയാൽ മാത്രമേ ആനുകൂല്യത്തിന് അർഹത നേടുന്നുള്ളൂ.

പദ്ധതി നമ്പർ. 155/18-19

മൽസ്യ വിൽപ്പനക്ക് മോട്ടോർ സൈക്കിളും ഐസ് ബോക്സും

അടങ്കൽ - 480000

ചെലവ് - 240000

ട്രഷറി ബിൽ നമ്പർ –3, തിയ്യതി 22-3-19

മേൽ പദ്ധതി പ്രകാരം മൽസ്യതൊഴിലാളികളായ എട്ട് പേർക്ക് മൽസ്യ വിൽപ്പനക്കായി മോട്ടോർ സൈക്കിളും, ഐസ് ബോക്സും വാങ്ങുന്നതിനായി മുപ്പതിനായിരം രൂപ വീതം നൽകിയിട്ടുണ്ട്. ടി ഗുണഭോക്താക്കൾ വാഹനം സ്വന്തം പേരിൽ രജിസ്റ്റർ ചെയ്തതിന്റെ രേഖ ഫയലിൽ ലഭ്യമായിട്ടില്ല. മേൽ പറഞ്ഞിരിക്കുന്ന രേഖകൾ പരിശോധനക്കായി ഹാജരാക്കാനാവശ്യപ്പെട്ടു കൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് ലഭ്യമാക്കിയ മറുപടി പ്രകാരം ആയത് ലഭ്യമായിട്ടില്ലെന്നും ലഭിക്കുന്ന മുറക്ക് ഹാജരാക്കാമെന്നും അറിയിച്ചിട്ടുണ്ട്. സ.ഉ(എം.എസ്)നമ്പർ 80/2017/തസ്വഭവ തി.3/4/17 ലെ 11/8 പ്രകാരം നിർബന്ധമായും ഉൾപ്പെടുത്തേണ്ട ടി. രേഖകൾ ലഭ്യമാക്കി പരിശോധനക്ക് ഹാജരാക്കേണ്ടതാണ്

## 1-45 ജയ് ഹിന്ദ്, ജയ് ഹിന്ദി നൂതന പദ്ധതിക്ക്

## സാധൂകരണം തേടിയിട്ടില്ല.

പദ്ധതി നമ്പർ-190/19

ജയ് ഹിന്ദ്, ജയ് ഹിന്ദി (ഹിന്ദി ഭാഷാ പരിജ്ഞാന പദ്ധതി)

അടങ്കൽ –2,50,000

ചെലവ് - 243758

നിർവ്വഹണ ഉദ്യോഗസ്ഥൻ –ഹെഡ് മാസ്റ്റർ ഗവ.ഹൈസ്കൂൾ.

മേൽ പദ്ധതിയനുസരിച്ച് 15-60 വയസ്സുള്ള 124 ഗുണഭോക്താക്കൾക്ക് ഹിന്ദി ഭാഷാ പരിജ്ഞാനം നൽകി സർട്ടിഫിക്കറ്റ് നൽകിയതിന് കേന്ദ്ര സർക്കാർ ഏജൻസിയായ ദക്ഷിൺ ഭാരത് ഹിന്ദി പ്രചാർ സഭക്ക് ഇൻവോയ്സ് നമ്പർ 6, തിയ്യതി 12/3/19 പ്രകാരം 243758/- രൂപ നൽകിയിട്ടുണ്ട്. 13-ാം പദ്ധതി സബ്സിഡി മാർഗ്ഗരേഖ സ.ഉ(എം.എസ്)നം.80/17/എൽ.എസ്.ജി.ഡി, തിയ്യതി 3/4/17 പ്രകാരം ഇത്തരം പദ്ധതികൾ ഏറ്റെടുത്ത് നടത്താവുന്നതല്ല. ടി കാര്യത്തിന് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് ലഭ്യമാക്കിയ മറുപടി പ്രകാരം വളരെ നല്ല രീതിയിൽ പൊതുജന സമ്മതി നേടി നടപ്പിലാക്കിയ പദ്ധതിയാണെന്ന് മനസ്സിലാക്കുന്നു. ഒരു നൂതന പദ്ധതിയാണെങ്കിലും സർക്കാരിന്റെ പ്രത്യേകാനുമതി തേടിയ ശേഷമേ മേലിൽ ഇത്തരം പദ്ധതികൾ നടപ്പാക്കാൻ പാടുള്ളൂ എന്ന് ഓഡിറ്റ് അഭിപ്രായപ്പെടുന്നു.

## 1-46 അംഗനശ്രീ ഓട്ടോ പദ്ധതി സബ്സിഡി തുക നേരിട്ട് നൽകിയത് ക്രമവിരുദ്ധം

പദ്ധതി നമ്പർ -152/19

അംഗനശ്രീ ഓട്ടോ പദ്ധതി

നിർവ്വഹണ ഉദ്യോഗസ്ഥൻ –ഇൻഡസ്ട്രീസ് എക്സ്റ്റൻഷൻ ഓഫീസർ

അടങ്കൽ -700000

ചെലവ് - 140000

ബിൽ നമ്പർ-1, തിയ്യതി- 23-3-19

ബിൽ നമ്പർ-2, തിയ്യതി- 27-3-19

ഇൻഡസ്ട്രീസ് എക്സ്റ്റൻഷൻ ഓഫീസർ നിർവ്വഹണം നടത്തിയ അംഗനശ്രീ ഓട്ടോ പദ്ധതി പരിശോധിച്ചതിൽ വനിതകളായ രണ്ട് ഗുണഭോക്താക്കൾക്ക് സ്വയം തൊഴിൽ ആവശ്യാർത്ഥം ഓട്ടോ റിക്ഷ വാങ്ങുന്നതിനായി 70000/- രൂപ വീതം ആകെ 140000/- രൂപ നൽകിയിട്ടുണ്ട്. സ.ഉ.(കൈ) നം.22/2018/ത.സ്വ.ഭ.വ, തിയ്യതി 14-2-18 പ്രകാരം സബ്സിഡി തുക വായ്പ നൽകിയ സ്ഥാപനത്തിന് ബാക്ക് എൻഡഡ് സബ്സിഡിയായി മാത്രമേ നൽകാനാവൂ, എന്നിരിക്കെ ഗുണഭോക്താവിന്റെ ബാങ്ക് അക്കൗണ്ടിലേക്കാണ് നൽകിയിട്ടുള്ളത്. ആയത് ക്രമവിരുദ്ധമാണ്. ടി കാര്യത്തിന് നൽകിയ അന്വേഷണത്തിന് ലഭ്യമാക്കിയ മറുപടി പ്രകാരം, അംഗീകരിച്ച ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെട്ട ആരും തന്നെ മുൻകൂറായി വാഹനം വാങ്ങാൻ തയ്യാറാകാതിരുന്ന സാഹചര്യത്തിൽ പത്രപരസ്യത്തിലൂടെയും മറ്റും ഗുണഭോക്താക്കളെ കണ്ടെത്തി വാഹനം ഹയർ പർച്ചേസ് വ്യവസ്ഥയിൽ സ്വന്തമായി വാങ്ങി ആവശ്യമായ രേഖകൾ എല്ലാം തന്നെ സമർപ്പിച്ച ശേഷം മാത്രമാണ് സബ്സിഡി സ്വന്തം അക്കൗണ്ടിലേക്ക് നൽകിയതെന്നാണ് അറിയിച്ചിരിക്കുന്നത്. വായ്പ്പാ തിരിച്ചടവിന്റെ കൃത്യത ഉറപ്പ് വരുത്തണമെന്ന ഉദ്ദേശത്തോടെയാണ് സർക്കാർ ഇത്തരത്തിൽ മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നത്. ആയതിനാൽ മേലിൽ ഇത്തരം പദ്ധതികൾ നടപ്പാക്കുമ്പോൾ സബ്സിഡി മാർഗ്ഗനിർദ്ദേശങ്ങൾ കൃത്യമായി പാലിക്കണമെന്ന് ഓഡിറ്റ് നിർദ്ദേശിക്കുന്നു.

# 1-47 ഐ.സി.ഡി.എസ് സൂപ്പർവൈവസർ നിർവഹണോദ്യോഗസ്ഥയായ പദ്ധതികളിലെ അപാകതകൾ

1. പൂരകപോഷകാഹാരം -ജി.എസ്.ടി ഇനത്തിൽ അധിക തുക അനുവദിച്ചു

പ്രോജക്റ്റ് നമ്പർ -9/19

പ്രോജക്റ്റിന്റെ പേര് –അനുപൂരക പോഷകാഹാരം

ചെക്ക് നം –1978353/5-1-19, തുക –546384

മേൽ പദ്ധതി പ്രകാരം 2017 ജൂലൈ മുതൽ 2018 മാർച്ച് വരെ ടി.എച്ച്.ആർ.എസ്സ് ന് ജി.എസ്.ടി ഇനത്തിൽ നൽകാനുള്ള തുക ഒരുമ ഫുഡ് സപ്ളിമെന്റ്, പെരുവല്ലൂരിന് നൽകിയിട്ടുണ്ട്. തുക അനുവദിയ്ക്കുവാൻ ആധാരമാക്കിയ വികേന്ദ്രീകരണ ആസൂത്രണ സമിതിയുടെ ഉത്തരവിൽ 2017 ജൂലൈ ഒക്ടോബർ വരെ 18% നിരക്കിലും നവംബർ മുതൽ 2018 മാർച്ച് വരെ 5% നിരക്കിലും ആണ് അനുവദിയേക്കണ്ടത്. എന്നാൽ താഴെ ചേർത്തിരിക്കുന്ന ബില്ലുകൾ പരിശോധിച്ചതിൽ മുഴുവൻ കാലയളവിലേക്കും 18% ജി.എസ്.ടി അനുവദിച്ചതായി കണ്ടു.

| ബിൽ നം/ തിയ്യതി | ബിൽതുക | നൽകേണ്ട ജി എസ് ടി തുക | നൽകിയ ജി എസ് ടി തുക | അധികം അനുവദിച്ചത് |
|---|---|---|---|---|
| 6/27-9-17 | 94359 | 16985 | 16996 | 11 |
| 27/31-10-17 | 94359 | 16985 | 16996 | 11 |
| 39/29-11-17 | 94572 | 4729 | 17022 | 12293.4 |
| 54/29-12-17 | 94572 | 4729 | 16783 | 12054 |
| 55/29-12-17 | 4312 | 216 | 776 | 560 |
| 66/31-1-18 | 94920 | 4746 | 17086 | 12340 |
| 78/27-2-18 | 94920 | 4746 | 17085 | 12339 |
| 89/22-3-18 | 97230 | 4862 | 17501 | 12639 |
| ആകെ | | 57998 | 120245 | 62247 |

അധികമായി ചെലവഴിച്ച 62247/- രൂപ നിരാകരിക്കുന്നു. ആയതിനാൽ ഈ തുക ഒരുമ ഫുഡ് സപ്ളിമെന്റ് എന്ന സ്ഥാപനത്തിൽ നിന്നോ ഉത്തരവാദിയായ നിർവ്വഹണ ഉദ്യോഗസ്ഥയിൽ നിന്നോ ഈടാക്കേണ്ടതാണ്.

A. മേൽ ട്രഷറി ബിൽ തുകയിൽ നിന്നും 408552/- രൂപ സപ്ലൈയ്കോക്ക് അക്കൗണ്ട് മുഖേനയല്ലാതെ നൽകിയിട്ടുണ്ട്. ആയതിന്റെ കൈപ്പറ്റ് രശീതി ലഭ്യമാക്കിയിട്ടില്ല.

B. ചെക്ക് നം 1978366/19-3-19 പ്രകാരം 1090167/- രൂപ ചെലവുള്ളതിൽ 1520/- രൂപ വൗച്ചർ നം.11 പ്രകാരം ബൈജു എന്നവർക്ക് നൽകിയിട്ടുണ്ട്. അങ്കണവാടികളിലേക്ക് അരി 950 kg അരി വിതരണം നടത്തിയതിന്റെ വണ്ടിവാടകയിനത്തിലാണ് തുക നൽകിയിരിയ്ക്കുന്നത്. അരി വാങ്ങിയതിന്റെ ബിൽ, സ്റ്റോക്കിലെടുത്തതിന്റെ വിവരം എന്നിവ ലഭ്യമാക്കിയിട്ടില്ല.

C. നം.3/18-19, തിയ്യതി 26-10-18 പ്രകാരം 144180/- രൂപ ചെലവുള്ളതിൽ 2280/- രൂപ വൗച്ചർ പ്രകാരം ബൈജു എന്നവർക്ക് നൽകിയിട്ടുണ്ട്. അങ്കണവാടികളിലേക്ക് 1200 kg അരി വിതരണം നടത്തിയതിന്റെ വണ്ടി വാടകയിനത്തിലാണ് തുക നൽകിയിരിയ്ക്കുന്നത്. അരി വാങ്ങിയതിന്റെ ബിൽ, സ്റ്റോക്കിലെടുത്തതിന്റെ വിവരം എന്നിവ ലഭ്യമാക്കിയിട്ടില്ല.

D. ബിൽ നം.6/18-19, തിയ്യതി 20-12-18 പ്രകാരം 172985/- രൂപ ചെലവുള്ളതിൽ 3515/- രൂപ വൗച്ചർ നം.3 പ്രകാരം ബൈജു എന്നവർക്ക് നൽകിയിട്ടുണ്ട്. അങ്കണവാടികളിലേക്ക് അരി 1200 kg അരി വിതരണം നടത്തിയതിന്റെ വണ്ടി വാടകയിനത്തിലാണ് തുക നൽകിയിരിയ്യുന്നത്. അരി വാങ്ങിയതിന്റെ ബിൽ, സ്റ്റോക്കിലെടുത്തതിന്റെ വിവരം എന്നിവ ലഭ്യമാക്കിയിട്ടില്ല.

അനുബന്ധരേഖകൾ പരിശോധനക്ക് ലഭ്യമാക്കാത്തതിനാൽ ഖണ്ഡിക A, B, C, D പ്രകാരമുള്ള 415867/- രൂപ തടസ്സപ്പെടുത്തുന്നു.

2. ഭിന്നശേഷി സ്കോളർഷിപ്പ് -ശാരീരിക വൈകല്യമുള്ള വിദ്യാർത്ഥിയ്ക്ക് അധിക തുക അനുവദിച്ചു

പ്രോജക്റ്റ് നം -10/19

പ്രോജക്റ്റിന്റെ പേര് -ഭിന്നശേഷി സ്കോളർഷിപ്പ്

ബിൽ നം -4/18-19, തിയ്യതി -26-11-18, തുക –931500

ബിൽ നം -9/18-19, തിയ്യതി -21-3-19, തുക –554500

ബിൽ നം -10/18-19, തിയ്യതി -22-3-19, തുക –157800

മേൽ ബില്ലുകളിൽ നിന്നായി ശ്രീലക്ഷ്മി D/o ഷീജ, കോനാടത്ത് ഹൗസ് എന്ന വിദ്യാർത്ഥിക്ക് 16500/- രൂപ അനുവദിച്ചിട്ടുണ്ട് (അക്കൗണ്ട് നം.67371316813, SBI). രേഖകൾ പ്രകാരം കുട്ടിയ്ക്ക് ശാരീരിക വൈകല്യമുള്ളതായാണ് കാണുന്നത്. ടിയാൾക്ക് അർഹമായത് 5300/- രൂപയാണ്. ആനുകൂല്യങ്ങൾ അനുവദിക്കുമ്പോൾ മാർഗ്ഗരേഖയ്ക്ക് അനുസൃതമാകേണ്ടതാണ്.

## 1-48 പ്രോജക്റ്റ് ഓഫീസർ നിർവഹണോദ്യോഗസ്ഥനായ പദ്ധതികളിലെ അപാകതകൾ

1. ബഡ്സ് റീഹാബിലിറ്റേഷൻ, സെന്റർ നടത്തിപ്പിനായി താഴെ പറയും പ്രകാരം തുക ചെലവഴിച്ചിട്ടുണ്ട്.

ബിൽ നം-1/18-19, തിയ്യതി - 28-5-18, തുക-80500

ബിൽ നം-2/18-19, തിയ്യതി 13-6-18, തുക-80500

ബിൽ നം-3/18-19, തിയ്യതി 21-7-18, തുക-80500

ബിൽ നം-4/18-19, തിയ്യതി 23-8-18, തുക-80500

ബിൽ നം-5/18-19, തിയ്യതി 7-9-18, തുക-80500

ബിൽ നം-6/18-19, തിയ്യതി 7-9-18, തുക-27200

ബിൽ നം-7/18-19, തിയ്യതി 12-10-18, തുക-80500

ബിൽ നം-12/18-19, തിയ്യതി 15-11-18, തുക-80500

ബിൽ നം-15/18-19, തിയ്യതി 19-12-18, തുക-80500

ബിൽ നം-24/18-19, തിയ്യതി 23-1-19, തുക-80500

ബിൽ നം-28/18-19, തിയ്യതി 5-2-19, തുക-80500

ബിൽ നം-30/18-19, തിയ്യതി 6-3-19, തുക-80500

ബിൽ നം-38/18-19, തിയ്യതി 29-3-19, തുക-80500

ബിൽ നം-39/18-19, തിയ്യതി 29-3-19, തുക-13920

A - **ബഡ്സ് റീഹാബിലിറ്റേഷൻ സെന്റർ – സാമൂഹ്യക്ഷേമ വകുപ്പിന്റെ അംഗീകാരമില്ലാതെ പ്രവർത്തിക്കുന്നു.**

സർക്കാർ ഉത്തരവ് നം.144/2013 തസ്വഭവ, തിയ്യതി.6-4-2013, ഖണ്ഡിക 14 പ്രകാരം ദേശീയ വികലാംഗ നിയമമനുസരിച്ചുള്ള അംഗീകാരം സ്ഥാപനം ആരംഭിച്ച് ആറുമാസത്തിനകം

നിശ്ചിത ഫോറത്തിൽ അപേക്ഷ സമർപ്പിച്ച് സാമൂഹ്യക്ഷേമ ഡയറക്ടറിൽ നിന്നും വാങ്ങേണ്ടതാണെന്ന് നിഷ്കർഷിയ്ക്കുന്നുണ്ട്. 2015 ഓഗസ്റ്റ് മാസം മുതൽ പ്രവർത്തനം ആരംഭിച്ച മേൽ സ്ഥാപനം നാളിതുവരെയായിട്ടും സാമൂഹ്യ നീതി വകുപ്പിന്റെ അംഗീകാരം നേടിയിട്ടില്ല. 7-2-18-ലെ സ.ഉ നം.20/2018 തസ്വഭവ ഉത്തരവ് പ്രകാരം നിലവിൽ പ്രവർത്തിച്ച് വരുന്ന ബഡ്സ്/ബി.ആർ.സി എന്നിവയ്ക്ക് അംഗീകാരം ലഭിച്ചില്ല എങ്കിൽ കുടുംബശ്രീ ജില്ലാ മിഷൻ കോർഡിനേറ്ററുടെ ശുപാർശയുടെ അടിസ്ഥാനത്തിൽ പരമാവധി രണ്ടു വർഷത്തേക്ക് താൽകാലികമായി അംഗീകാരം നൽകുന്നതാണ് എന്ന് നിഷ്കർഷിയ്ക്കുന്നുണ്ട്. എന്നാൽ അത്തരം നടപടികളുടെയും വിവരം ലഭ്യമല്ല. മേൽ പറഞ്ഞ രണ്ടു ഉത്തരവുകളിലും സ്ഥാപനത്തിൽ ലഭ്യമാക്കേണ്ട ഭൗതിക സൗകര്യങ്ങളെ പറ്റി പ്രതിപാദിച്ചിട്ടുണ്ട്. ഇക്കാര്യത്തിൽ നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ലഭ്യമാക്കിയ മറുപടിപ്രകാരം അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട് എന്ന് മറുപടി നൽകിയിട്ടുണ്ട്. എന്നാൽ ഏതെല്ലാം ആണെന്ന് സ്പഷ്ടമാക്കിയിട്ടില്ല.

**B. ബഡ്സ് റീഹാബിലിറ്റേഷൻ സെന്റർ -വാഹന വാടക വികസന ഫണ്ടിൽ നിന്നും ചെലവഴിയ്ക്കുന്നു**

പതിമൂന്നാം പദ്ധതി മാർഗ്ഗരേഖ പ്രകാരം ഖണ്ഡിക 7.1.9 പ്രകാരം ബഡ്സ് റീഹാബിലിറ്റേഷൻ സെന്ററുകളിൽ വാടകക്ക് എടുക്കുന്ന വാഹനങ്ങളുടെ വാടക തനത് ഫണ്ടിൽ നിന്നും വകയിരുത്താവുന്നതാണ് എന്നും തനത് ഫണ്ടില്ലാത്ത സ്ഥാപനങ്ങൾക്കു മാത്രം വികസന ഫണ്ട് ഉപയോഗിക്കാവുന്നതുമാണെന്ന് നിഷ്കർഷിയ്ക്കുന്നുണ്ട്. എന്നാൽ തനതു ഫണ്ട് ഉണ്ടായിരുന്നിട്ടും വികസന ഫണ്ടാണ് ഈയിനത്തിൽ ചെലവഴിച്ച് വരുന്നത്. ആയത് മാർഗ്ഗരേഖ വ്യവസ്ഥകളുടെ ലംഘനമാണ്.

C. **വാഹന വാടക -ഓഡിറ്റ് വർഷത്തിലും ടെണ്ടർ നടപടി കൈകൊണ്ടിട്ടില്ല**.

റീ ഹാബിലിറ്റേഷൻ സെന്ററിൽ വാടക അടിസ്ഥാനത്തിൽ ഓടിയ്ക്കുന്ന വാഹനത്തിന് ഓഡിറ്റ് വർഷം വാടകയിനത്തിൽ ഒരു മാസത്തേയ്ക്ക് 32500/- രൂപ വച്ച് 12 മാസത്തേയ്ക്ക് 390000/- രൂപ മനോജ് കുമാർ എന്നവർക്ക് നൽകിയിട്ടുണ്ട്. 22-8-17 തിയ്യതിയിലെ ടെണ്ടർ പുതുക്കി തരണമെന്ന ടിയാന്റെ അപേക്ഷയുടെ അടിസ്ഥാനത്തിൽ 8-9-17 തിയ്യതിയിലെ 12-ാം കൗൺസിൽ തീരുമാന പ്രകാരം ടിയാന്റെ ശമ്പളം 32500/- രൂപ ആക്കുന്നതിന് തീരുമാനിയ്ക്കുകയും അന്നുമുതൽ ടി നിരക്ക് നൽകി വരികയും ആണ്. ഓഡിറ്റ് വർഷത്തിലും ടെണ്ടർ നടപടി കൈകൊള്ളാതെ ഒരേ വ്യക്തിയ്ക്കു തന്നെ കരാർ പുതുക്കി നൽകുന്നത് ഉചിതമല്ല. ഇക്കാര്യത്തിൽ നടപടി സ്വീകരിയ്ക്കേണ്ടതാണ്.

2. പ്രോജക്റ്റ് നം-105/19

പ്രോജക്റ്റിന്റെ പേര്-നിർഭയ പദ്ധതി

ബിൽ നം-18/18-19, തിയ്യതി-19-12-18, തുക-45000

പ്രോജക്റ്റ് ഓഫീസറുടെ 13-12-18 ലെ ജി 43246/17 നമ്പർ നടപടി ഉത്തരവ് പ്രകാരം 20 വയസ്സിനു താഴെയുള്ള പെൺകുട്ടികൾക്ക് തായ്ക്വണ്ടോ പരിശീലനത്തിനായി തായ്ക്വണ്ടോ അസോസിയേഷന്റെ പ്രതിനിധിയായ ശ്രീ.ജലാലുദ്ദീനെ ചുമതലപ്പെടുത്തുകയും 80 കുട്ടികൾക്ക് പരിശീലനം നൽകിയതിന് മേൽ ബില്ല് പ്രകാരം തുക കൈമാറുകയും ചെയ്തു. ഏതെല്ലാം ക്ലാസ്സുകളിലെ വിദ്യാർത്ഥികൾക്കാണ് പരിശീലനം നൽകിയത്, അറ്റന്റൻസ്, അദ്ധ്യാപകന് സ്പോർട്സ് കൗൺസിൽ അംഗീകാരമുള്ളതാണ് എന്നത് തെളിയിക്കുന്ന രേഖ, അദ്ധ്യാപകനുമായി ഏർപ്പെട്ട കരാർ എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. ഇക്കാര്യത്തിൽ നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.11) രേഖകൾ ലഭ്യമാക്കുന്നതാണെന്ന് മറുപടി നൽകിയിട്ടുണ്ട്. രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കുന്നതു വരെ ചെലവു തുക 45000/- രൂപ തടസ്സപ്പെടുത്തുന്നു.

**3. ഭവന പുനരുദ്ധാരണ പ്രോജക്റ്റുകളിൽ മൂല്യനിർണ്ണയ സർട്ടിഫിക്കറ്റുകൾ തയ്യാറാക്കുന്നില്ല.**

പ്രോജക്റ്റ് നം-108/19 പ്രകാരം 500000/- രൂപയും (പട്ടികജാതി) പ്രോജക്റ്റ് നം-107/19 പ്രകാരം 1500000/- രൂപയും (ജനറൽ) ഭവന പുനരുദ്ധാരണത്തിനായി ചെലവഴിച്ചിട്ടുണ്ട്. പതിമൂന്നാം പദ്ധതി സബ്സിഡി മാർഗ്ഗരേഖ സ.ഉ 22/18/തസ്വഭവ, തിയ്യതി 14-2-18 ഖണ്ഡിക 6-7-6 പ്രകാരം അവസാന ഗഡു നൽകുന്നതിനു മുൻപ് പണി പൂർത്തീകരിച്ച് എൽ.എസ്.ജി.ഡി എഞ്ചിനീയർ പരിശോധിച്ച് മൂല്യ നിർണ്ണയം നടത്തുന്നതിന് അനുസരിച്ചായിരിക്കും സബ്സിഡി നിർണ്ണയിക്കുക എന്ന് സ്പഷ്ടമാക്കിയിട്ടുണ്ട്. മേൽ പ്രകാരം തുക കൈപ്പറ്റിയ ഗുണഭോക്താക്കളുടെ ആരുടെ ഫയലിലും ചെയ്ത പ്രവൃത്തിയുടെ മൂല്യം എത്രയാണെന്ന് രേഖപ്പെടുത്തിയിട്ടില്ല. നോട്ട് ഫയലിൽ പണിപൂർത്തീകരിച്ചു എന്ന് മാത്രം FG0 രേഖപ്പടുത്തിയതിന്റെ അടിസ്ഥാനത്തിലാണ് തുക കൈമാറിയിരിക്കുന്നത്. ഇത്തരത്തിലുള്ള അപാകതകൾ ആവർത്തിക്കാതിരിയ്ക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

# 1-49 ലൈഫ് ഭവന പദ്ധതിയ്ക്കായി ചെലവഴിച്ച തുക- അക്കൗണ്ട്സിലുൾപ്പെട്ടിട്ടില്ല.

പ്രോജക്റ്റ് നം –270/19
നിർവഹണോദ്യോഗസ്ഥൻ –പ്രോജക്റ്റ് ഓഫീസർ

1. മേൽ പദ്ധതി പ്രകാരം പ്ലാൻ ഫണ്ടിൽ നിന്നും 603000/- രൂപ ലൈഫ് ഭവന പദ്ധതിയ്ക്കായി (ഒന്നാം ഘട്ടം) നൽകിയിട്ടുണ്ട്. ബന്ധപ്പെട്ട രജിസ്ററർ പരിശോധിച്ചതിൽ പ്ലാൻ ഫണ്ടല്ലാതെ ചാവക്കാട് സർവ്വീസ് കോ ഓപ്പറേറ്റീവ് ബാങ്കിലുള്ള അക്കൗണ്ട് നം 10110002000 3235 (old A/c നം101SB 023235 മെമ്പർ സെക്രട്ടറിയുടെയും സി.ഡി.എസിന്റെയും ചെയർമാന്റെയും പേരിലുള്ളത്)ൽ നിന്നും ഓഡിറ്റ് വർഷം 1537238/- രൂപ പിൻവലിച്ച് വിവിധ ഗുണഭോക്താക്കൾക്ക് നൽകിയിട്ടുണ്ട്. 1-4-18 ൽ 1557443/- രൂപ മുൻ ബാക്കിയുണ്ടായിരുന്നതും 31-3-19 ന് 20205/- രൂപ നീക്കി ബാക്കിയുള്ളതും ആണ് ടി അക്കൗണ്ട്. ഇക്കാര്യത്തിൽ നൽകിയ ഓഡിറ്റ് എൻകയറിക്ക് ലഭ്യമാക്കിയ മറുപടിയിൽ 2010 ൽ ആരംഭിച്ച ഇ.എം.എസ് ലോൺ അക്കൗണ്ട് ആണെന്നും ആയതിലെ ബാലൻസ് തുകയാണ് ഇപ്രകാരം ചെലവഴിച്ചതെന്നുമാണ്. ടി ചെലവ് സുലേഖയിൽ രേഖപ്പെടുത്തുകയോ വാർഷിക കണക്കിൽ ഉൾപ്പെടുത്തുകയോ ചെയ്തിട്ടില്ല. ടി വായ്പ, പ്ലാൻ ഫണ്ട് ഉപയോഗിച്ച് തിരിച്ചടവു നടത്തിയിട്ടുള്ളതാണെന്നും മറുപടി നൽകിയിട്ടുണ്ട്. 2010-ൽ എടുത്ത വായ്പ അക്കൗണ്ടിൽ ഇത്രയും തുക ബാലൻസ് ഉണ്ടായതിനും ആയത് അക്കൗണ്ട്സിൽ ഉൾപ്പെടുത്തിയിട്ടില്ലാത്തതിനും വ്യക്തമായ മറുപടി ലഭ്യമാക്കും വരെയ്ക്കും ഈയിനത്തിലുള്ള ചെലവു തുക 1545600/- രൂപ തടസ്സത്തിൽ വയ്ക്കുന്നു (8362 രൂപ പലിശ ഇനത്തിലുള്ളതാണ്).

2. താഴെ പറയുന്ന ഗുണഭോക്താക്കൾ ഭവനനിർമ്മാണം പൂർത്തിയാക്കിയിട്ടില്ല

| പേര്/വിലാസം | കൈപ്പറ്റിയ തുക | ഭവന നിർമ്മാണ ഘട്ടം |
|---|---|---|
| വിനോദ്, പരപ്പിൽ ഹൗസ് | 24000 | സൺഷേഡ് |
| ഭദ്ര, കണക്കത്ര | 220000 | ലിന്റൽ |
| കല്യാണി ചന്ദ്രൻ, കറുത്തേടത്ത് | 120000 | സൺഷേഡ് |
| മോഹനൻ, ചിറമ്മേൽ | 220000 | തറ |

മേൽ പറഞ്ഞ ഗുണഭോക്താക്കളുടെ ഭവന നിർമ്മാണം പൂർത്തീകരിയ്ക്കുന്നതിനുള്ള നടപടികൾ സ്വീകരിയ്കേണ്ടതാണ്.

# 1-50 ബിറ്റുമിൻ, എമൽഷൻ എന്നിവക്ക് നൽകിയ

## തുകയിൽ ബാക്കിയുള്ള തുക തിരികെ ലഭിച്ചില്ല

2018-19 ലെ വിവിധ പ്രവൃത്തികൾക്കായി ബിറ്റുമിൻ, എമൽഷൻ എന്നിവ വാങ്ങുന്നതിനായി വിവിധ ഫണ്ടുകളിൽ നിന്നും (തനത് ഫണ്ട് ഒഴികെ) 3898033/- രൂപ പിൻവലിച്ച് താഴെ പറയും പ്രകാരം HPCL, HINCOL എന്നീ സ്ഥാപനങ്ങൾക്ക് നല്കിയിരുന്നു.

| ഇനം | സ്ഥാപനം | അടവാക്കിയ തുക₹ | ബിൽ തുക₹ | തിരികെ ലഭിക്കാനുള്ള തുക₹ |
|---|---|---|---|---|
| ബിറ്റുമിൻ V.G.30 | M/S HPCL | 3015138 | 2499650 | 515488 |
| എമൽഷൻ RS1&SS1 | M/S HINCOL | 882895 | 745045 | 137850 |
| ആകെ | | 3898033 | 3244695 | 653338 |

മേൽ പ്രകാരം HPCL ൽനിന്നും 515488/- രൂപയും HINCOL ൽനിന്നും 137850/- രൂപയും തിരികെ ലഭിക്കാനുള്ളതായിരുന്നു. 2019-20 വർഷത്തിലും ഈ തുക ക്രമീകരിച്ചിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം.14/13.01.2020 ന് നൽകിയ മറുപടിയിൽ HINCOL എന്ന സ്ഥാപനത്തിൽ നിന്നും 137850/- രൂപ തിരികെ ലഭ്യമായിട്ടുണ്ടെന്നും ആയത് സെക്രട്ടറിയുടെ അക്കൗണ്ടിൽ നിക്ഷേപിച്ചിട്ടുണ്ടെന്നും അറിയിച്ചിട്ടുണ്ട്.

പദ്ധതി വിഹിതത്തിൽ നിന്നും ചെലവഴിച്ചതായതിനാൽ തിരികെ വന്ന തുക സർക്കാരിന്റെ സഞ്ചിതനിധിയിലേക്ക് അടവാക്കേണ്ടതായിരുന്നു. എന്നാൽ സെക്രട്ടറിയുടെ അക്കൗണ്ടിലാണ് സൂക്ഷിച്ചിരിക്കുന്നത്. HPCL ൽനിന്നും ബാക്കി തുക ലഭ്യമായിട്ടുമില്ല.

ഈ സാഹചര്യത്തിൽ ₹515488 എത്രയും വേഗം തിരികെ ലഭിക്കുന്നതിനുള്ള നടപടികൾ കൈക്കൊള്ളേണ്ടതും ലഭിച്ച തുക സെക്രട്ടറിയുടെ അക്കൗണ്ടിൽ സൂക്ഷിച്ചതിന് വിശദീകരണം നൽകേണ്ടതുമാണ്.

## 1-51 പ്രവൃത്തി മുടങ്ങിയതിനാൽ ബിറ്റുമിൻ,എമൽഷൻ എന്നിവ ബാക്കിയായി

ബിറ്റുമിൻ സ്റ്റോക്ക് രജിസ്റ്റർ 13.01.2020 ന് പരിശോധിച്ചതിൽ നിന്നും 2018-19 വർഷം വാങ്ങിയ ടാർ/എമൽഷൻ എന്നിവയിൽ താഴെ പറയും പ്രകാരം നീക്കിയിരിപ്പുണ്ടന്ന് കാണപ്പെട്ടു.

| ഇനം | നീക്കിയിരിപ്പ് (കി.ഗ്രാം) |
|---|---|
| ബിറ്റുമിൻ V.G.30 | 1313.61 |
| എമൽഷൻ RS1 | 220.43 |
| എമൽഷൻ SS1 | 481.77 |

മേൽ പറഞ്ഞവ നാളിതുവരെയും വിതരണം ചെയ്യാതെ ബാക്കി നിൽക്കാനിടയായ സാഹചര്യം വ്യക്തമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം.14/13.01.2020 ന് നൽകിയ മറുപടിയിൽ താലൂക്ക് ആശുപത്രിയുടെ ചുറ്റുപാടിൽ നിന്നും ഭൂമി ലഭ്യമാക്കി റോഡ് നിർമ്മിക്കുന്ന പ്രൊജക്ടിനായാണ് മേൽപ്രകാരം ടാർ/എമൽഷൻ വാങ്ങിയിരുന്നതെന്നും എന്നാൽ ഭൂമി വിട്ട് കിട്ടാത്തതിനാൽ പ്രൊജക്ട് സ്പിൽ ഓവർ ആയിരിക്കുകയാണെന്നും അറിയിച്ചിട്ടുണ്ട്. 2019-20 വർഷം ലഭ്യമായ സ്ഥലത്ത് ഈ പ്രൊജക്ട് പ്രകാരം റോഡ് നിർമ്മിക്കുന്നതിന് ഫണ്ട് വകയിരുത്തിയിട്ടുള്ളതാണെന്നും അതിനായി മേൽ പറഞ്ഞ ടാർ, എമൽഷൻ എന്നിവ ഉപയോഗപ്പെടുത്തുന്നതാണെന്നും അറിയിച്ചിട്ടുണ്ട്.

ഈ വിഷയത്തിൽ തുടർനടപടികൾ സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

## 1-52 കരാറുകാരന് ബിറ്റുമിനും എമൽഷനും വിതരണം ചെയ്തിട്ടുണ്ടെങ്കിലും പ്രവൃത്തി പൂർത്തിയായിട്ടില്ല

2018-19 വർഷം താഴെ പറയുന്ന പ്രവൃത്തിക്കായി കരാറുകാരന് ബിറ്റുമിനും എമൽഷനും വിതരണം ചെയ്തിട്ടുണ്ടെങ്കിലും പ്രൊജക്ട് പൂർത്തീകരിച്ചിട്ടില്ല.

| പ്രൊജക്ട് നം/ പേര് | അടങ്കൽ₹ | ടാർ/ എമൽനുവേണ്ടി മുൻകൂർ പിൻവലിച്ച തുക | കരാറുകാരന് നൽകിയ ടാർ/ എമൽഷൻ എന്നിവയുടെ വിവരം |
|---|---|---|---|
| 32/19, പരീത് സാഹിബ് റോഡ് ടാറിംഗ് | 1065000 | ട്ര.ബി.48/16.11.18; ₹154051 | ബിറ്റുമിൻ വി.ജി.30 -1746 കി.ഗ്രാം.<br>എമൽഷൻ RS1-239.25 കി.ഗ്രാം.<br>എമൽഷൻ SS1 – 739.5കി.ഗ്രാം. |

മേൽ റോഡിന്റെ ടാറിംഗ് പ്രവൃത്തി പൂർത്തീകരിച്ച് 2019-20ൽ പാർട്ട് ബിൽ നൽകിയതാണെന്നും അനുബന്ധമായുള്ള കാനയുടെ നിർമ്മാണം നടന്നുവരുന്നതായും പൂർത്തിയായ മുറക്ക് ബിൽ സമർപ്പിക്കുന്നതാണെന്നും ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം. 15/13.01.20 ന് ലഭ്യമാക്കിയ മറുപടിയിൽ പറയുന്നു.

പ്രവൃത്തി പൂർത്തിയാക്കി വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്.

## 1-53 ധനകാര്യകമ്മീഷൻ ഗ്രാന്റ് വകമാറ്റി ചെലവഴിച്ചു

പതിനാലാം ധനകാര്യകമ്മീഷൻ ഗ്രാന്റ് വിനിയോഗിക്കുന്നത് സംബന്ധിച്ച് 13-ാം പഞ്ചവത്സര പദ്ധതിയുടെ ആദ്യത്തെ വാർഷികപദ്ധതി തയ്യാറാക്കുന്നതിനുള്ള മാർഗ്ഗരേഖയായ ജി.ഒ.(എം.എസ്.)നം.79/2017/തസ്വഭവ; തീയതി 03.04.2017 യിൽ വ്യക്തമായ നിർദ്ദേശങ്ങളുണ്ടായിരുന്നു. മാർഗ്ഗരേഖയിലെ ഖണ്ഡിക 13.8 അനുസരിച്ച് ധനകാര്യകമ്മീഷൻ ഗ്രാന്റ് വിനിയോഗിക്കുന്നതിന് അടിസ്ഥാന സേവന ഉപപദ്ധതി തയ്യാറാക്കേണ്ടതാണ്. ആ വിഭാഗത്തിൽ താഴെ പറയുന്ന പ്രവർത്തനങ്ങൾക്ക് പ്രൊജക്ട് ഏറ്റെടുക്കാവുന്നതാണ്.

1. ശുചിത്വം, കക്കൂസ് മാലിന്യ പരിപാലനം

2. മലിനജല നിർഗമനം, ഖരമാലിന്യ പരിപാലനം

3. ശ്മശാനങ്ങൾ സ്ഥാപിക്കൽ

4. കുടിവെള്ളവിതരണം

5. നടപ്പാതകളുടെ നിർമ്മാണം, തെരുവ് വിളക്കുകൾ സ്ഥാപിക്കൽ

6. നഗരസഭകളുടേയും ഘടകസ്ഥാപനങ്ങളുടേയും കെട്ടിടങ്ങൾ ഒഴികെയുള്ള സാമൂഹിക ആസ്തികളുടെ പരിപാലനം, സംരക്ഷണം

7. റോഡ് സംരക്ഷണം, പരിപാലനം

അടിസ്ഥാന സേവനങ്ങളുടെ പരിപൂർണ്ണത ഉറപ്പ് വരുത്താൻ നഗരസഭകൾ പ്രൊജക്ടുകൾ ഏറ്റെടുക്കേണ്ടതാണെന്നും മാർഗ്ഗരേഖയിൽ പറയുന്നു.

നഗരസഭ 2017-18 ൽ ധനകാര്യകമ്മീഷൻ ഗ്രാന്റ് ചെലവഴിക്കുന്നതിന് അടിസ്ഥാന സേവന ഉപപദ്ധതി തയ്യാറാക്കിയിട്ടില്ല. നഗരസഭകളുടേയും ഘടകസ്ഥാപനങ്ങളുടേയും കെട്ടിടങ്ങൾ ഒഴികെയുള്ള സാമൂഹിക ആസ്തികളുടെ പരിപാലനം, സംരക്ഷണം, അടിസ്ഥാന സേവനങ്ങളുടെ പരിപൂർണ്ണത എന്നിവക്കായുള്ള പ്രൊജക്ടുകൾ ഏറ്റെടുക്കാമെന്ന മാർഗ്ഗരേഖയിലെ നിർദ്ദേശം മറികടന്നുകൊണ്ട് ധനകാര്യകമ്മീഷൻ ഗ്രാന്റ് വകയിരുത്തികൊണ്ട് ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മാണ പ്രൊജക്ടുകൾ നടപ്പാക്കിയിട്ടുണ്ട്. 2017-18 ൽ അംഗീകാരം നേടിയ ഇപ്രകാരമുള്ള രണ്ട് പ്രൊജക്ടുകളുടെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

**1. ഷീ സ്റ്റേ പദ്ധതിയും വനിതകളുടെ തൊഴിൽ വികസനത്തിന് മുതുവട്ടൂർ ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മാണം-അനുബന്ധസൗകര്യങ്ങൾ**

നിർവ്വഹണ ഉദ്യോഗസ്ഥൻ : മുനിസിപ്പൽ എഞ്ചിനീയർ

പ്രൊജക്ട് നം: 182/18, 151/19

പ്രൊജക്ട് തരം: ബഹുവർഷപ്രൊജക്ട്

അടങ്കൽ : 2.4കോടി

നിർവ്വഹണ ഏജൻസി : കേരള സംസ്ഥാന നിർമ്മിതി കേന്ദ്രം

കരാർ നം : 19A/19.12.17

സാങ്കേതികാനുമതി നം.: 29/2017-18/RNK/TCR/30.10.17

ചെലവഴിച്ച തുക : 2017-18 ; ₹9500000

ട്ര.ബി.നം. 8/21.11.18; ₹3300000

ട്ര.ബി.നം. 9/30.11.18; ₹1500000

ട്ര.ബി.നം. 11/18.03.19; ₹4800000

2017-18 ൽ ബഹുവർഷ പ്രൊജക്ടായി അംഗീകാരം ലഭിച്ച ഈ പ്രൊജക്ടിൽ ഫണ്ട് വകയിരുത്തിയതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| വർഷം | വികസനഫണ്ട്₹ | ധനകാര്യകമ്മീഷൻ ഗ്രാന്റ് ₹ |
|---|---|---|
| 2017-18 | 5000000 | 5000000 |
| 2018-19 | 3300000 | 10000000 |

അടിസ്ഥാന സേവനങ്ങളുടെ പൂർണ്ണത, കെട്ടിടങ്ങൾ ഒഴികെയുള്ള സാമൂഹ്യ ആസ്തികളുടെ പരിപാലനം,സംരക്ഷണം എന്നിവക്ക് വേണ്ടി വിനിയോഗിക്കേണ്ട ധനകാര്യകമ്മീഷൻ ഗ്രാന്റ് വകമാറ്റി ഈ പ്രൊജക്ടിൽ പ്രധാനമായും ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മാണത്തിനാണ് വിനിയോഗിച്ചിരിക്കുന്നത്.

ഓഡിറ്റ് സമയത്ത് പ്രസ്തുത കെട്ടിടം ഓഡിറ്റ് സംഘം സന്ദർശിക്കുകയുണ്ടായി. മൂന്ന് നിലകളിലായി പണിത കെട്ടിടത്തിന്റെ ഒന്നും രണ്ടും നിലകൾ പൂർണ്ണമായും കടമുറികളാണ്. മൂന്നാം നിലയിലാണ് "ഷീ സ്റ്റേ " ഒരുക്കിയിരിക്കുന്നത്.

**2. ബസ് സ്റ്റാന്റ് ഷോപ്പിംഗ് കോംപ്ലക്സ് -ഒന്നാം നില പൂർത്തീകരണം**

നിർവ്വഹണ ഉദ്യോഗസ്ഥൻ : അസിസ്റ്റന്റ് എഞ്ചിനീയർ

പ്രൊജക്ട് നം. : 186/18,216/19

പ്രൊജക്ട് തരം: ഏകവർഷം (2018-19 ൽ സ്പിൽ ഓവർ)

അടങ്കൽ :₹1500000

കരാറുകാരൻ : പി.പി. സുനിൽ കുമാർ

കരാർ നം : 91/17-18 /15.3.18

സാങ്കേതികാനുമതി നം.: 88962/17-18/17.11.17;₹1500000

ചെലവഴിച്ച തുക : ട്ര.ബി.നം. 107/27.3.19; ₹852014(പാർട്ട് ബിൽ)

2017-18 ൽ അംഗീകാരം ലഭിച്ച ഈ പ്രൊജക്റ്റിൽ 1500000/- രൂപ ധനകാര്യകമ്മീഷൻ ഗ്രാന്റിൽ നിന്നുമാണ് വകയിരുത്തിയിരിക്കുന്നത്.

നിലവിലുള്ള കെട്ടിടത്തിൽ കോൺക്രീറ്റ് പില്ലറും ബീമും സ്ലാബും നിർമ്മിക്കുന്നതിനും സോളിഡ് കട്ടകൾ ഉപയോഗിച്ച് മുറികൾ തിരിക്കുന്നതിനും റോളിംഗ് ഷട്ടർ ഘടിപ്പിക്കുന്നതിനുമുള്ള ഇനങ്ങളാണ് എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.

ധനകാര്യകമ്മീഷൻ ഗ്രാന്റ് ചെലവഴിക്കുന്നതിനുള്ള മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾ മറികടന്നുകൊണ്ട് ഫണ്ട് വകമാറ്റിയാണ് ഈ പ്രൊജക്റ്റിൽ തുക ചെലവഴിച്ചിരിക്കുന്നത്.

മേൽ പ്രൊജക്റ്റുകളിൽ ധനകാര്യകമ്മീഷൻ ഗ്രാന്റ് വകമാറ്റി ചെലവഴിച്ച കാര്യം ഭരണസമിതിയുടെ ശ്രദ്ധയിൽ പെടുത്തുന്നു. സർക്കാർ നിർദ്ദേശങ്ങൾ ലംഘിച്ചുകൊണ്ട് നടത്തിയ ഫണ്ട് വിനിയോഗം സംബന്ധിച്ച് ആവശ്യമായ തിരുത്തൽ നടപടികൾ ഭരണസമിതി സ്വീകരിക്കേണ്ടതാണ്. (ഓഡിറ്റ് എൻക്വയറി നം. 43/17.01.20)

## 1-54 ഐ.എസ്.ഒ. സർട്ടിഫിക്കേഷനു വേണ്ടി നടത്തിയ ചെലവ് പാഴായി

നിർവ്വഹണ ഉദ്യോഗസ്ഥൻ : മുനിസിപ്പൽ എഞ്ചിനീയർ

പ്രൊജക്റ്റ് നം : 211/18,244/18

വകയിരുത്തിയ തുക : ₹3500000(ധനകാര്യകമ്മീഷൻ ഗ്രാന്റ്)

നിർവ്വഹണ ഏജൻസി : KADCO

ചെലവഴിച്ച തുക : ട്ര.ബി.നം. 66/26.3.18; ₹420951

ട്ര.ബി.നം. 70/31.3.18; ₹1414797

ട്ര.ബി.നം. 10/17.12.18; ₹1664252

₹3500000

ചാവക്കാട് നഗരസഭക്ക് "ഐ.എസ്.ഒ. സർട്ടിഫിക്കേഷൻ ലഭ്യമാക്കൽ" എന്ന ഈ പ്രൊജക്റ്റ് 2017-18 ൽ ആരംഭിച്ചതാണ്. താഴെ പറയുന്ന കാര്യങ്ങളാണ് പ്രൊജക്റ്റിൽ നിർവ്വഹിക്കാൻ ഉദ്ദേശിച്ചിരുന്നത്.

1. ആധുനിക രീതിയിൽ ഓഫീസ് സജ്ജീകരിക്കൽ, കാബിൻ തിരിക്കൽ

2. ഓഫീസ് കമ്പ്യൂട്ടറൈസേഷൻ, ഫ്രണ്ട് ഓഫീസ് സംവിധാനം

3. ഫർണീച്ചർ, ഇന്റർകോം

4. പൊതുജനങ്ങൾക്കുള്ള ഇരിപ്പിടം, കുടിവെള്ളം മുതലായ അടിസ്ഥാന സൗകര്യങ്ങൾ

5. ഡാറ്റ കളക്ഷൻ, റെക്കോർഡ് റൂം സജ്ജീകരിക്കൽ

7. ജീവനക്കാർക്കും ജനപ്രതിനിധികൾക്കും ആവശ്യമായ പരിശീലനം

ഓഫീസ് ഫർണീഷിംഗ് ജോലികളും ഫർണീച്ചർ ലഭ്യമാക്കലും നോഡൽ ഏജൻസിയായ KADCO വിനെയാണ് ഏൽപ്പിച്ചിരുന്നത്. അതനുസരിച്ച് ഫർണീഷിംഗ് പ്രവൃത്തികൾ നടത്തിയതിന് 2017-18, 2018-19 വർഷങ്ങളിലായി 3500000/- രൂപ KADCO വിന് നൽകിയിട്ടുണ്ട്. (ഫർണീച്ചറിന്റെ സ്റ്റോക്ക് രജിസ്റ്റർ ലഭ്യമാക്കിയിട്ടില്ല)

എന്നാൽ ഐ.എസ്.ഒ. സർട്ടിഫിക്കേഷൻ ലഭ്യമാകുന്നതിന് ആവശ്യമായ മറ്റ് യാതൊരു നടപടിയും പിന്നീട് നടന്നതായി കാണുന്നില്ല. ഫർണീഷിംഗ് ജോലികൾ കഴിഞ്ഞ് ഒരു വർഷത്തോളം കഴിഞ്ഞിട്ടും നഗരസഭക്ക് "ഐ.എസ്.ഒ. സർട്ടിഫിക്കറ്റ്" ലഭിച്ചിട്ടില്ല. തുടർനടപടികൾ അടിയന്തിരമായി സ്വീകരിച്ചിട്ടില്ലെങ്കിൽ ഈ ലക്ഷ്യത്തിനായി നടത്തിയ 35 ലക്ഷത്തിന്റെ ചെലവ് നിഷ്ഫലമാകാൻ ഇടയുണ്ട്.

ഭരണസമിതിയുടെ അടിയന്തിരശ്രദ്ധ ഈ വിഷയത്തിലേക്ക് ക്ഷണിക്കുന്നു.

(ഓഡിറ്റ് എൻക്വയറി നം. 55/18.01.20)

## 1-55 പ്ലാസ്റ്റിക് ഷ്രെഡിംഗ് യൂണിറ്റിന്റെ പ്രവർത്തനം നിലച്ച രീതിയിൽ

പ്ലാസ്റ്റിക്ക് ഷ്രെഡിംഗ് യൂണിറ്റിന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട് നഗരസഭ നടപ്പാക്കിയ പ്രധാനപ്പെട്ട പ്രൊജക്റ്റുകളും ചെലവിന്റെ വിശദാംശങ്ങളും ചുവടെ ചേർക്കുന്നു.

| വർഷം | പ്രൊജക്റ്റ് നം/പേര് | തുക₹ |
|---|---|---|
| 2017-18 | 238/18,പ്ലാസ്റ്റിക്ക് ഷ്രെഡ്ഡിങ്ങ് മെഷീൻ വാങ്ങൽ | 5,19,372 |
| 2017-18 | 183/18,പ്ലാസ്റ്റിക്ക് ഷ്രെഡ്ഡിങ്ങ് യൂണിറ്റിനും MRF നും കെട്ടിടനിർമ്മാണം | 1581105 |
| 2018-19 | 239/19,പ്ലാസ്റ്റിക്ക് ഷ്രെഡ്ഡിങ്ങ് യൂണിറ്റിനും MRF നും കെട്ടിടനിർമ്മാണം(സ്പിൽ ഓവർ) | 307091 |
| | ആകെ | 2407568 |

(വൈദ്യുതീകരണം, പ്ലാസ്റ്റിക് മാലിന്യം ശേഖരിച്ച് MRF ൽ എത്തിക്കുന്നതിനുള്ള ചെലവ് എന്നിവ ഉൾപ്പെടുത്തിയിട്ടില്ല)

ഓഡിറ്റ് സമയത്ത് നടത്തിയ സ്ഥലപരിശോധനയിൽ നിലവിലെ പ്ലാസ്റ്റിക് ഷ്രെഡിംഗ് യൂണിറ്റിന്റെ പ്രവർത്തനം ഏകദേശം നിലച്ച മട്ടിലോ അല്ലെങ്കിൽ ആയതിന്റെ പ്രവർത്തനം ആകെ സ്ഥാപിത ശേഷിയുടെ നാമമാത്രമായ ഭാഗം മാത്രമായോ ആണെന്ന് വ്യക്തമായി. ആദ്യ ഘട്ടത്തിൽ ശേഖരിച്ച പ്ലാസ്റ്റിക്കുകൾ തരംതിരിച്ച് ഷ്രെഡ് ചെയ്ത് MRF ൽ സൂക്ഷിച്ചിട്ടുണ്ടെന്നും ശേഷിക്കുന്ന പ്ലാസ്റ്റിക്കുകൾ കൂടി തരംതിരിച്ച് ഷ്രെഡ് ചെയ്യുന്ന പ്രവൃത്തി പുരോഗമിച്ച് കൊണ്ടിരിക്കുന്നതായാണ് നഗരസഭാധികൃതർ അറിയിച്ചത്. ഷ്രെഡ് ചെയ്ത പ്ലാസ്റ്റിക്ക് നീക്കം ചെയ്യുന്നതിന് ക്ലീൻ കേരള കമ്പനിക്ക് കത്തയച്ചിട്ടുണ്ടങ്കിലും കമ്പനിയിൽ നിന്നും മറുപടിയൊന്നും ലഭിച്ചിട്ടില്ലെന്നും അറിയിക്കുകയുണ്ടായി.

ലക്ഷങ്ങൾ ചെലവഴിച്ച ഈ പദ്ധതി പ്രയോജന പ്രദമാകണമെങ്കിൽ പ്ലാസ്റ്റിക് മാലിന്യം കൃത്യമായി ലഭ്യമാക്കുന്നതിനുള്ള സംവിധാനം ഒരുക്കുകയും ഷ്രെഡിംഗ് നടത്തിയ പ്ലാസ്റ്റിക് മാലിന്യം റോഡ്പണിയുൾപ്പെടെയുള്ള ആസ്തിനിർമ്മാണത്തിന് പ്രയോജനപ്പെടുത്തുകയും വേണം. മാനവശേഷി ഇന്ന് അഭിമുഖീകരിക്കുന്ന പ്ലാസ്റ്റിക് മാലിന്യവിപത്തിൽ നിന്നും ഭാവിതലമുറയെ പരിരക്ഷിക്കുക എന്ന ലക്ഷ്യം കൈവരിക്കുന്നതിനുള്ള അടിയന്തിര നടപടികൾ അധികാരികളുടെ പക്ഷത്തുനിന്നും ഉണ്ടാവേണ്ടതാണ്.

## 1-56 അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതി -

## പദ്ധതിച്ചെലവ് കറഞ്ഞതിനാൽ ഭരണച്ചെലവിനായി തനത് ഫണ്ട് ഉപയോഗിച്ചു.

നഗരസഭ കൗൺസിലിന്റെ 13-04-18 ലെ 28-ാം നമ്പർ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ, തൊഴിലുറപ്പ് പദ്ധതി അക്കൗണ്ടിൽ ആവശ്യത്തിന് പണം ഇല്ലാത്തതിനാൽ ടി പദ്ധതിയിലെ ഓവർസിയർ, അക്കൗണ്ടന്റ് എന്നിവർക്ക് 2017 ആഗസ്റ്റ് മുതൽ 2018 മാർച്ച് വരെയുള്ള ശമ്പളം തനത് ഫണ്ടിൽ നിന്നും നൽകുന്നതിനും ഫണ്ട് ലഭ്യമാകുന്ന മുറയ്ക്ക് തനത് ഫണ്ടിലേക്ക് തിരിച്ചടവാക്കുന്നതിന് തീരുമാനിക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ മേൽ ജീവനക്കാരുടെ ശമ്പളയിനത്തിൽ 2,60,480/- രൂപ (ചെക്ക് നം.700150/18.04.18, വൗച്ചർനം.21800059 മുതൽ 21800066 വരെ) തനത് ഫണ്ടിൽ നിന്ന് അനുവദിക്കുകയും ചെയ്തു. കൂടാതെ തൊഴിൽ കാർഡുകൾ പ്രിന്റ് ചെയ്ത വകയിൽ തനത് ഫണ്ടിൽ നിന്നും 79807/- (ചെക്ക് നം.915045/18.02.19) രൂപയും ചെലവഴിച്ചു.

അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതിക്കായി 31/01/19 ൽ 50,00,000/- രൂപ ആദ്യ ഗഡുവായി ലഭിച്ചു. എങ്കിലും തനത് ഫണ്ടിൽ നിന്നും ചെലവഴിച്ച മേൽ തുകകൾ തിരിച്ചടച്ചില്ല. ഇത് സംബന്ധിച്ച ഓഡിറ്റ് അന്വേഷണത്തിന് (ഓഡിറ്റ് അന്വേഷണം നം.51/17.01.2020) മറുപടിയായി പദ്ധതി നടത്തിപ്പിനായി ചെലവഴിച്ച തുകയുടെ 4.5 ശതമാനത്തിലധികം കരാർ ജീവനക്കാർക്ക് ശമ്പളയിനത്തിൽ നൽകിയതിനാലാണ് ഡാറ്റാ എൻട്രി ഓപ്പറേറ്ററുടെയും, ഓവർസിയറുടെയും വേതനവും, തൊഴിൽ കാർഡ് പ്രിന്റ് ചെയ്ത തുകയും നഗരസഭ തനത് ഫണ്ടിൽ നിന്നും നൽകിയതെന്നും കൂടാതെ നഗരസഭ ഡയറക്ടറുടെ 15/11/19 ലെ ഡിസി3/12310/19 നമ്പർ ഉത്തരവ് പ്രകാരം പദ്ധതി നടത്തിപ്പിനായി ചെലവഴിച്ച തുകയുടെ 25% ത്തിൽ അധികം ഭരണ നിർവ്വഹണത്തിനായി ചെലവഴിച്ച നഗരസഭകൾ 6% ൽ കൂടുതൽ വേതന ചെലവ് വന്ന തുക നഗരസഭ തനത് ഫണ്ടിൽ നിന്നും അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതി അക്കൗണ്ടിലേക്ക് തിരിച്ചടവാക്കേണ്ടതാണെന്ന് ഉത്തരവായതിന്റെ അടിസ്ഥാനത്തിൽ 25/11/2019 ന് കൗൺസിൽ തീരുമാന പ്രകാരം 4,24,194/- രൂപ പദ്ധതി അക്കൗണ്ടിലേക്ക് തിരിച്ചടവാക്കിയിട്ടുണ്ടെന്നും അറിയിച്ചിട്ടുണ്ട്.

അയ്യങ്കാളി നഗരതൊഴിലുറപ്പ് പദ്ധതിയുടെ 2018-19 ലെ വേതനയിനത്തിലെ ചെലവ് 4,12,337/- രൂപയും ഭരണച്ചെലവ് 3,16,575/- രൂപയുമാണ്. പദ്ധതിച്ചെലവ് വളരെയധികം കുറവായതിനാൽ പദ്ധതിക്കായി പണം ഉണ്ടായിരുന്നിട്ടും ഭരണച്ചെലവിനത്തിൽ തനത് ഫണ്ടിൽ നിന്നും തുക ചെലവഴിക്കേണ്ടി വന്നു. അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതിയിൽ ചെലവ് കുറവായതിന്റെ കാരണം പരിശോധിക്കേണ്ടതും പദ്ധതി നിർവ്വഹണത്തിൽ അപാകതകൾ ഉണ്ടെങ്കിൽ വരും വർഷങ്ങളിൽ പരിഹരിക്കേണ്ടതുമാണ്.

## 1-57 അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതി-ശമ്പളത്തിൽ നിന്നും ഇ.പി.എഫ് ഇനത്തിൽ കുറവ് ചെയ്ത തുകയും തൊഴിലുടമയുടെ വിഹിതവും അടവാക്കിയില്ല.

അയ്യങ്കാളി നഗരതൊഴിലുറപ്പ് പദ്ധതി ജീവനക്കാരായ അഖിഷ.എ.എ, ഓവർസിയർ, വിൻഷ.എ.സി., ഡാറ്റാ എൻട്രി ഓപ്പറേറ്റർ എന്നിവർക്ക് 2018-19 വർഷത്തിൽ നൽകിയ 2017 ആഗസ്റ്റ് മുതൽ 2019 ഫെബ്രുവരി വരെയുള്ള ശമ്പളത്തിൽ നിന്നും എംപ്ലോയീസ് പ്രൊവിഡന്റ് വിഹിതമിനത്തിൽ 78,488/- രൂപ കുറവ് ചെയ്തിട്ടുണ്ട്. എന്നാൽ മേൽ തുക നാളിതുവരെ ഇ.പി.എഫിൽ അടവാക്കിയതായി രേഖകൾ ഇല്ല. മാത്രമല്ല ഇ.പി.എഫ് നിയമപ്രകാരം അടവാക്കേണ്ടതായ തൊഴിലുടമയുടെ വിഹിതം നഗരസഭ അടവാക്കിയിട്ടില്ല. മേൽ വിഷയം സംബന്ധിച്ച ഓഡിറ്റ് അന്വേഷണത്തിന്(51/17.01.2020) മറുപടി ലഭ്യമാക്കിയിട്ടില്ല.

# <u>ഭാഗം -2</u>

# <u>വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ്</u>

# നിരീക്ഷണങ്ങൾ

**[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുളള ഈ ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]**

- 
- 

ഇല്ല

## ഭാഗം -3

# ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

**[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുളള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]**

## 3-1 അക്കൗണ്ടിംഗ് അസിസ്റ്റന്റ് നിയമനം-വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല-ചെലവ് നിരാകരിക്കുന്നു.

ചാവക്കാട് നഗരസഭയുടെ വാർഷികകണക്കുകൾ തയ്യാറാക്കുന്നതിന് ഒരു അക്കൗണ്ടിംഗ് അസിസ്റ്റന്റിനെ (ശ്രീമതി.സുമതി) ദിവസവേതനത്തിൽ നിയമിച്ചിട്ടുണ്ട്.പ്രതിദിനം 1250/- രൂപ നിരക്കിലാണ് വേതനം നൽകുന്നത്. ദിവസവേതനം നിരക്ക് നിശ്ചയിച്ച ജി.ഒ(പി)നം.112/2018 ധന., തീയതി.21/07/2018 (01.07.2018 മുതൽ പ്രാബല്യം) പ്രകാരം ഈ നിരക്ക് നൽകാവുന്ന ഒരു വിഭാഗം പോലും ഇല്ല. ആയതിനാൽ ഈ നിരക്കിന്റെ കൃത്യത ഉറപ്പാക്കാൻ സാധിച്ചിട്ടില്ല.

2018-19 സാമ്പത്തികവർഷം ഈയിനത്തിൽ 117500/- രൂപ ചെലവഴിച്ചിട്ടുണ്ട്.

സർക്കാർ ഉത്തരവ് (എം എസ്)നം.182/2012/തസ്വഭവ തീയതി.30.06.2012 പ്രകാരം സാംഖ്യ സോഫ്റ്റ്‌വെയർ ഉപയോഗിച്ച് അക്കൗണ്ട്സ് തയ്യാറാക്കുന്നതിന് മുനിസിപ്പാലിറ്റികളിൽ അക്കൗണ്ടന്റുമാരുടെ തസ്തിക സൃഷ്ടിച്ചിട്ടുണ്ട്. ഈ ഉത്തരവ് പ്രകാരം നിലവിലുള്ള ഒരു യു.ഡി ക്ലർക്ക് തസ്തിക അപ്ഗ്രേഡ് ചെയ്ത് അക്കൗണ്ടന്റ് തസ്തിക സൃഷ്ടിച്ചിട്ടുണ്ട്. ഇപ്രകാരം സൃഷ്ടിക്കുന്ന അക്കൗണ്ടന്റ് തസ്തികയിൽ യു.ഡി ക്ലർക്കിന് സ്ഥാനക്കയറ്റം നൽകി നിലവിൽ ഹെഡ്ക്ലർക്ക് / റവന്യൂ ഇൻസ്പെക്ടർ തസ്തികക്ക് സമാനമായ 14620–25280എന്ന ശമ്പളസ്കെയിൽ നിർണ്ണയിച്ച് നൽകുവാനും ഉത്തരവായിട്ടുണ്ട്.

നഗരസഭയിൽ അക്കൗണ്ടന്റ് തസ്തികയിൽ ജീവനക്കാരെ നിയമിച്ചിട്ടുണ്ടെങ്കിലും സാമ്പത്തിക ഇടപാടുകൾ രേഖപ്പെടുത്തുവാൻ ദിവസവേതനത്തിൽ നിയമിച്ച വ്യക്തിയെ ആണ് നിയോഗിച്ചിട്ടുള്ളത്. ആയതിനാൽ ഇടപാടുകൾ കഴിഞ്ഞ് ദിവസങ്ങൾക്കുശേഷമാണ് ആയത് സാംഖ്യയിൽ ഉൾപ്പെടുത്തുന്നത്. യഥാർത്ഥത്തിൽ ഡാറ്റാ എൻട്രി ആണ് നഗരസഭയിൽ നടത്തുന്നത്.

നിയമനം നടത്തിയ ഭരണസമിതി തീരുമാനം, നിയമനരീതിയുടെ വിവരം, സർക്കാർ ഉത്തരവ്, നിയമനഉത്തരവ്, ഏത് ഒഴിവിലേക്കാണ് നിയമിച്ചത് എന്നീ വിവരങ്ങൾ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (47/17.01.2020) മറുപടി ലഭ്യമാക്കിയിട്ടില്ല.

ഒരു അംഗീകൃതഒഴിവിൽ മാത്രമാണ് ദിവസവേതനത്തിന് വ്യക്തികളെ നിയമിക്കാവൂ. എന്നാൽ നഗരസഭയിൽ നിലവിൽ ഒഴിവില്ലാത്ത തസ്തികയിലേക്കാണ് നിയമനം നടത്തിയിട്ടുള്ളത്.

അക്കൗണ്ടിംഗ് അസിസ്റ്റന്റ് തസ്തികക്കായി ചെലവഴിച്ച തുക 117500/- രൂപ ഓഡിറ്റിൽ അംഗീകരിക്കുന്നില്ല.

## 3-2 പൂരകപോഷകാഹാരം -ജി.എസ്.ടി ഇനത്തിൽ അധിക തുക അനുവദിച്ചു

പ്രോജക്ട് നമ്പർ -9/19
പ്രോജക്ടിന്റെ പേര്-അനുപൂരക പോഷകാഹാരം
ചെക്ക് നം -1978353/5-1-19, തുക - 546384

മേൽ പദ്ധതി പ്രകാരം 2017 ജൂലൈ മുതൽ 2018 മാർച്ച് വരെ ടി.എച്ച്.ആർ.എസ്സ് ന് ജി.എസ്.ടി ഇനത്തിൽ നൽകാനുള്ള തുക ഒരുമ ഫുഡ് സപ്ളിമെന്റ്, പെരുവല്ലൂരിന് നൽകിയിട്ടുണ്ട്. തുക അനുവദിയ്ക്കുവാൻ ആധാരമാക്കിയ വികേന്ദ്രീകരണ ആസൂത്രണ സമിതിയുടെ ഉത്തരവിൽ 2017 ജൂലൈ ഒക്ടോബർ വരെ 18% നിരക്കിലും നവംബർ മുതൽ 2018 മാർച്ച് വരെ 5% നിരക്കിലും ആണ് അനുവദിയേക്കണ്ടത്. എന്നാൽ താഴെ ചേർത്തിരിക്കുന്ന ബില്ലുകൾ പരിശോധിച്ചതിൽ മുഴുവൻ കാലയളവിലേക്കും 18% ജി.എസ്.ടി അനുവദിച്ചതായി കണ്ടു.

| ബിൽ നം/ തിയ്യതി | ബിൽതുക | നൽകേണ്ട ജി എസ് ടി തുക | നൽകിയ ജി എസ് ടി തുക | അധികം അനുവദിച്ചത് |
|---|---|---|---|---|
| 6/27-9-17 | 94359 | 16985 | 16996 | 11 |
| 27/31-10-17 | 94359 | 16985 | 16996 | 11 |
| 39/29-11-17 | 94572 | 4729 | 17022 | 12293.4 |
| 54/29-12-17 | 94572 | 4729 | 16783 | 12054 |
| 55/29-12-17 | 4312 | 216 | 776 | 560 |
| 66/31-1-18 | 94920 | 4746 | 17086 | 12340 |
| 78/27-2-18 | 94920 | 4746 | 17085 | 12339 |
| 89/22-3-18 | 97230 | 4862 | 17501 | 12639 |
| ആകെ | | 57998 | 120245 | 62247 |

അധികമായി അനുവദിച്ച 62247/- രൂപ ഒരുമ ഫുഡ് സപ്ളിമെന്റ്, പെരുവല്ലൂരിൽ നിന്നോ ഉത്തരവാദിയായ നിർവ്വഹണ ഉദ്യോഗസ്ഥയിൽ നിന്നോ ഈടാക്കേണ്ടതാണ്.

# ഭാഗം -4
# പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

ഇല്ല.

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | ബിൽ നം., ചെക്കം./ തീയതി | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കെ.എസ്.ഇ.ബി. | വിവിധ വാർഡുകളിൽ | 18130647000200, 212668/12.06.18 | 109125 | 109125 | 0 |
| | | 18130647000200, 956731/19.01.19 | 291980 | 291980 | 0 |

| | | | | | |
|---|---|---|---|---|---|
| | സ്ട്രീറ്റ് മെയിൻ വലിക്കൽ, | 18130647000201, 382061/15.03.19 | 1253778 | 1253778 | 0 |
| K.W.A | കുടിവെള്ള പൈപ്പ് ലൈൻ സ്ഥാപിക്കൽ | | 1253778 | 1253778 | 0 |
| | വാർഡ് 13 ൽ കുടിവെള്ള പൈപ്പ് ലൈൻ സ്ഥാപിക്കൽ | 18130647000200, 618237/09.10.18 | 560000 | 560000 | 0 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല.

## 4-4 വായ്പ/ വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കി ഉണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| For IDSMT State Government Share | G.O(Rt)7335/92 | 1900000 | 154638 | 0 | 0 | 154638 |
| IDSMT | G.O(Rt)4658/95/LAD | 2000000 | 300000 | 100000 | 0 | 200000 |
| IDSMT | G.O(Rt)202/97/LAD | 2000000 | 200000 | 0 | 0 | 200000 |
| HUDCO Loan (PMAY) | | 60040000 | 60040000 | 0 | 0 | 60040000 |

## 4-5 സ്ഥിരനിക്ഷേപങ്ങൾ

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 1544571 |
| തൻവർഷം നിക്ഷേപിച്ച തുക | 19064 (പലിശ) |
| ആകെ | 1563635 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 0 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 1563635 |

## 4-6 ഓഡിറ്റ് റിക്കവറി

ഇല്ല.

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ

# വിശദാംശം
ഇല്ല.

# 4-8 ചാർജ്ജ് / സർചാർജ്ജ് നടപടികളുടെ വിവരം
ഇല്ല.

# 4-9 ഓഡിറ്റ് പ്രത്യവലോകനം
**(എ) സംക്ഷിപ്ത വിവരം**

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 31,79,33,849 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 24,89,01,174 |
| വരവിനങ്ങളിലുള്ള നഷ്ടം | -- |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 1,79,747 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 3466090 |

**ബി). മുൻസിപ്പൽ ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം**

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-1 | | 1,17,500 | ഡോ.സിനി.ടി.എൻ, സെക്രട്ടറി |
| 3-2 | | 62,247 | ശ്രീമതി.സുബിത.എം.എ, ഐ.സി.ഡി.എസ് സൂപ്പർവൈസർ |
| ആകെ | | 1,79,747 | |

**(സി)ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക**

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-37 | 99,900 | ഡോ.സിനി.ടി.എൻ, സെക്രട്ടറി |
| 1-41(1) | 3,00,000 | ഡോ.രഞ്ജി ജോൺ, സീനിയർ വെറ്റിനറി സർജ്ജൻ |
| 1-41(2) | 3,948 | |
| 1-42(1) | 2,00,000 | ഡോ.ശ്രീജ.പി.കെ, സൂപ്രണ്ട്, താലൂക്ക് ആശുപത്രി |
| 1-42(2) | 99,998 | ഡോ.രമ്യ.ആർ, സൂപ്രണ്ട്, താലൂക്ക് ആശുപത്രി |
| 1-42(3) | 29,292 | ഡോ.രമ്യ.ആർ, സൂപ്രണ്ട്, താലൂക്ക് ആശുപത്രി |
| 1-42(5) | 40,000 | |
| ,, | 58,068 | |
| 1-42 (6) (ഇ) | 6,28,417 | |
| 1-47 A,B,C,D | 4,15,867 | ശ്രീമതി.സുബിത.എം.എ, ഐ.സി.ഡി.എസ് സൂപ്പർവൈസർ |
| 1-48(2) | 45,000 | പി.ബി.ബിന്നു, മെമ്പർ സെക്രട്ടറി |
| 1-49(1) | 15,45,600 | |
| ആകെ | 34,66,090 | |

(ഡി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല.

**(ഇ) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ**

ഇല്ല.

**(എഫ്) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ**

| ക്രമ നം. | പേരും ഉദ്യോഗപ്പേരും | സ്ഥിരം മേൽവിലാസം |
|---|---|---|
| 1 | ഡോ.സിനി.ടി.എൻ, സെക്രട്ടറി, ചാവക്കാട് നഗരസഭ | ന്യൂ ഡെയിൽ, മലനട, കൊല്ലം |
| 2 | ശ്രീമതി.സുബിത.എം.എ, ഐ.സി.ഡി.എസ് സൂപ്പർവൈസർ | വൈശ്യംവീട്ടിൽ ഹൗസ്, താമരയൂർ പി.ഒ, കോട്ടപ്പടി |
| 3 | ഡോ.രഞ്ജി ജോൺ, സീനിയർ വെറ്റിനറി സർജ്ജൻ | എലുവത്തിങ്കൽ ഹൗസ്, മുല്ലശ്ശേരി പി.ഒ, തൃശ്ശൂർ |
| 4 | ഡോ.ശ്രീജ.പി.കെ, സൂപ്രണ്ട്, താലൂക്ക് ആശുപത്രി | നന്ദനം, നയ്യൂർ റോഡ്, പി.ഒ.അണക്കര |
| 5 | ഡോ.രമ്യ.ആർ, സൂപ്രണ്ട്, താലൂക്ക് ആശുപത്രി | ആനാട്ട് ഹൗസ്, ജി.എച്ച്.എസ്.എസ്. നു പടിഞ്ഞാറ് വശം, ശൃംഗപുരം, കൊടുങ്ങല്ലൂർ, തൃശ്ശൂർ-680664 |
| 6 | പി.ബി.ബിന്നു, മെമ്പർ സെക്രട്ടറി | ഷാൻഗ്രില, കൊളങ്ങാട്ടുകര, തൃശ്ശൂർ |

# 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | റിമാർക്ക്സ് |
|---|---|---|
| 1961-62 | എൽ.എഫ്,ടി.4-653/87 തീ.20.04.87 | 5 |
| 64-65 | എൽ.എഫ്.ടി.4-4451/77 തീ.03.09.77 | 15 |
| 65-66 | എൽ.എഫ്.ടി.4-4451/77 തീ.30.09.77 | 7 |
| 66-67 | എൽ.എഫ്.ടി.4-4451/77 തീ.03.09.77 | 6 |
| 73-74 | എൽ.എഫ്.ടി.4-657/87 തീ.20.04.87 | 13 |
| 74-75 | എൽ.എഫ്.ടി.4-417/88 തീ.10.03.88 | 20 |
| 75-76 | എൽ.എഫ്.ടി.4-656/87 തീ.20.04.87 | 21 |
| 76-77 | എൽ.എഫ്.ടി.2(സി)1249/77 തീ.05.08.79 | 38 |
| 77-78 | എൽ.എഫ്.ടി.4-417/88 തീ.10.03.88 | 19 |
| 78-79 | എൽ.എഫ്.ടി.4-718/87 തീ.25.04.87 | 77 |
| 79-80 | എൽ.എഫ്.ടി.4-719/87 തീ.25.04.87 | 8 |
| 80-81 | എൽ.എഫ്.ടി.4-2548/88 തീ.28.06.88 | 11 |
| 81-82 | എൽ.എഫ്.ടി.4-240/91 തീ.03.04.91 | 56 |

| | | |
|---|---|---|
| 82-83 | എൽ.എഫ്.Office of the Joint Director ofടി.4-1954/88 തീ.12.05.89 | 60 |
| 83-84 | എൽ.എഫ്.ടി.4-683/90 തീ.06.08.90 | 55 |
| 84-85 | എൽ.എഫ്.ടി.4-1236/93 തീ.10.11.93 | 31 |
| 85-86 | എൽ.എഫ്.ടി.4-45/93 തീ.12.11.93 | 59 |
| 86-87 | എൽ.എഫ്.ടി.4-627/94 തീ.17.11.95 | |
| 87-88&88-89 | എൽ.എഫ്.ടി.4-1906/95 തീ.25.05.96 | |
| 89-90,90-91&91-92 | എൽ.എഫ്.ടി.4-638/96 തീ.30.11.96 | |
| 92-93 | എൽ.എഫ്.ടി.4-7/97 തീ.15.12.97 | |
| 93-94 | എൽ.എഫ്.ടി.4-1304/05 തീ.23.11.05 | |
| 1996-97 (ചെലവ്) | എൽ.എഫ്.ടി.4-461/98 തീ.23.11.05 | |
| 97-98 | എൽ.എഫ്.ടി.4-1283/99 തീ.15.05.2000 | |
| 98-99 | എൽ.എഫ്.ടി.4-1251/01 തീ.01.01.05 | |
| 99-00 | എൽ.എഫ്.ടി.4-245/04 തീ.17.01.06 | |
| 2000-01 | എൽ.എഫ്.ടി.4-250/05 തീ.16.06.2005 | |
| 94-95, 95-96 (വരവു ചെലവ്) | എൽ.എഫ്.ടി.4-1495/08 തീ.21.12.09 | |
| 96-97 | എൽ.എഫ്.ടി.4-1496/08 തീ.21.12.09 | |
| 97-98 | എൽ.എഫ്.ടി.4-1497/08 തീ.21.12.09 | |
| 98-99 | എൽ.എഫ്.ടി.4-1498/08 തീ.21.12.09 | |
| 99-00 | എൽ.എഫ്.ടി.4-1499/08 തീ.21.12.09 | |
| 00-01(വരവ്) | എൽ.എഫ്.ടി.4-1500/08 തീ.21.12.09/15.03.2010 | |
| 2001-02 (ചെലവ്) | എൽ.എഫ്.ടി.4-1331/05 തീ.17.01.06/29.05.06 | |
| 2002-03 (വരവ് | എൽ.എഫ്.ടി.4-695/09 തീ.28.08.10 | |
| 2003-04 (വരവ് ചെലവ്) | എൽ.എഫ്.ടി.4-696/09 തീ.04.09.2010 | |
| 04-05 | എൽ.എഫ്.ടി.4-697/09 തീ.06.04.10 | |
| 05-06 | എൽ.എഫ്.ടി.എം.-348/11 തീ.02.11.11 | |
| 06-07 | എൽ.എഫ്.ടി.4-349/11 തീ.02.11.11 | |
| 07-08 | എൽ.എഫ്.ടി.(എം)2599/11 തീ.23.01.12 | |
| 08-09 | എൽ.എഫ്.ടി.(എം)2600/11 തീ.23.01.12 | |
| 09-10 | എൽ.എഫ്.ടി.(എം) 110/12 തീ.28.05.12/17.7.12 | |
| 10-11(ചെലവ്) | എൽ.എഫ്.ടി.(എം) 111/12 തീ.28.05.12/07.07.12 | |
| 11-12 | എൽ.എഫ്.ടി.എം.-26/2013 തീ.10.04.2013/16.08.2013 | |
| 12-13 | എൽ.എഫ്.ടി.(എം.)794/14 തീ. 01.10.2014/09.12.2014 | |
| 13-14 | കെ.എസ്.എ.ടി.എസ്.ആർ.എം-1417/15/17.11.15/14.12.15 | |
| 14-15 | കെ.എസ്.എ.ടി.എസ്.ആർ(എം)1438/16, തീ. 08.08.2016 | |
| | | |

| | | |
|---|---|---|
| 15-16 | കെ.എസ്.എ.ടി.എസ്.ആർ(എം)118/17, തീ. 31.1.17 / 13.2.17 | |
| 16-17 | കെ.എസ്.എ.ടി.എസ്.ആർ(എം)1753/17, തീ. 19.12.17 / 16.01.18 | |
| 17-18 | കെ.എസ്.എ.ടി.എസ്.ആർ(എം)596/19, തീ. 17.07.19 | |

അവശേഷിക്കുന്ന റിപ്പോർട്ടുകളിലെ തടസ്സങ്ങൾ തീർപ്പാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ജോയിന്റ് ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, തൃശ്ശൂർ

# അനുബന്ധം 1 ഓഡിറ്റ് സാക്ഷ്യപത്രം

1994- ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4-ാം വകുപ്പ്, 1994- ലെ കേരള

മുനിസിപ്പാലിറ്റി നിയമത്തിലെ 295(4)-ാം വകുപ്പ് ബന്ധപ്പെട്ട ചട്ടങ്ങൾ ഇവ അനുസരിച്ചും, നഗരപാലികാസ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗനിർദ്ദേശങ്ങൾ അവലംബിച്ചും തൃശ്ശൂർ ജില്ലയിലെ **ചാവക്കാട് നഗരസഭയുടെ** 31.03.2019ൽ അവസാനിച്ച വർഷത്തെ ധനകാര്യ സ്റ്റേറ്റുമെന്റിന്റെ ഓഡിറ്റ് നിർവ്വഹിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ **ചാവക്കാട് നഗരസഭയുടെ** 2018-19 വാർഷിക ധനകാര്യ പത്രിക, വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ജോയിന്റ ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം,
തൃശ്ശൂർ.

## അനുബന്ധം 2 ഓഡിറ്റ് സംക്ഷിപ്തം

| | |
|---|---|
| റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മന്റ്<br>ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മന്റ്<br>ബാലൻസ് ഷീറ്റ് | സംക്ഷിപ്തം (Audited Abstract) |

ജോയിന്റ് ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ